# ജനപഥം

ഒക്ടോബർ 2011




കവർസ്റ്റോറി


8
**നല്ല തുടക്കം പാതിവിജയം**
ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

10
**നൂറുദിനം**
കെ.എൽ. മോഹനവർമ

12
**കഠിനാധ്വാനത്തിന്റെ ഫലശ്രുതി**

19
**നൂറുദിനം : മാറ്റത്തിന്റെ ഇടപെടലുകൾ**
ബാലചന്ദ്രൻ വടക്കേടത്ത്

21
**അംഗീകരിക്കപ്പെട്ട സംതൃപ്തി**
ആർട്ടിസ്റ്റ് കാട്ടൂർ നാരായണപിള്ള

22
**ആരവങ്ങളും ആഹ്ലാദങ്ങളും**
സതീഷ്ബാബു പയ്യന്നൂർ

4
**ഗാന്ധിജിയെ രക്ഷിക്കുക**
സണ്ണിക്കുട്ടി എബ്രഹാം

24
**വികസന വീഥിയിൽ അതിവേഗം മുന്നോട്ട്**
പി.കെ. കുഞ്ഞാലിക്കുട്ടി

27
**സമഗ്രവികസന ലക്ഷ്യവുമായി ടൂറിസം നയം**
എ.പി. അനിൽ കുമാർ

30
**വികസനവഴിയിൽ കേരളം കുതിക്കുന്നു**
വി.കെ. ഇബ്രാഹിം കുഞ്ഞ്

32
**ജനങ്ങൾക്കാശ്വാസമായി സഹകരണമേഖല**
സി.എൻ. ബാലകൃഷ്ണൻ

34
**വികസനത്തിന്റെ നൂറുദിനം**
കെ.സി. ജോസഫ്

36
**പകർച്ചവ്യാധികളെ തടയാൻ മാലിന്യവിമോചന യത്നം**
അടൂർ പ്രകാശ്

39
**ഹരിതമന്ദിരങ്ങൾ വരവായി**
സുരേഷ് മുതുകുളം





42
**തലശ്ശേരി കടൽപ്പാലം:**
**സംരക്ഷിക്കപ്പെടേണ്ട ചരിത്രസ്മാരകം**
ശശികുമാർ കല്ലിഡുംമ്പിൽ





44 ജില്ലകളിലൂടെ, പരസ്പരം
45 ചരിത്രത്തിലൂടെ
46 വാർത്തയിൽ
48 പെൺജീവിതം
50 വായനശാല
51 സമീക്ഷ
52 കാലത്തിനൊപ്പം

# പ്രതികരണം




## മൃഗതൃഷ്ണ

സെപ്റ്റംബർ ലക്കം ജനപഥത്തിൽ ഫോട്ടോഗ്രഫി മത്സരത്തിൽ സമ്മാനാർഹമായ ചിത്രങ്ങൾ കണ്ടു. തോട്ടി തുളച്ചു കയറിയ വേദനയും കോപവും ദൈന്യതയും നിസ്സഹായാവസ്ഥയും വിളിച്ചോതുന്ന പാവം മൃഗത്തിന്റെ കണ്ണുകൾ. പുഴയുടെ മാറ് പിളർക്കുന്ന മറ്റൊരു കാഴ്ച.. എന്റെ മനസ്സിൽ വല്ലാത്ത ഒരു നോവ് ... അല്ല ... നീറുന്ന ഒരു മുറിവ് സൃഷ്ടിച്ചു.. എല്ലാം മനുഷ്യന്റെ സ്വാർഥത. അവന്റെ ജീവിതം സുഖമാക്കാൻ വേണ്ടി മറ്റെന്തും ചെയ്യാൻ മടികാണിക്കാത്ത മൃഗതൃഷ്ണ. അത് കണ്ടിട്ടും പ്രതികരിക്കാൻ കഴിയാത്ത... മത്സരങ്ങൾക്ക് വിഷയമാക്കാൻ മടിയില്ലാത്ത നാം.

**സി.കെ.ബി വയനാട്**

## റൂബിക്സ് ക്യൂബ്

സെപ്റ്റംബർ ലക്കം മാസിക വായിച്ചു. ജനപഥത്തിലെ റൂബിക്സ് ക്യൂബിനെക്കുറിച്ചുള്ള ലേഖനം ഭംഗിയായി. ഈ കളിയെക്കുറിച്ചു പുതിയ കുട്ടികൾക്ക് അറിവുതന്നെയുണ്ടാകില്ല. അതിന്റെ ചരിത്രവും വ്യാപനവും മറ്റുമെല്ലാം വളരെ ലളിതമായി ലേഖകൻ പറഞ്ഞിട്ടുണ്ട്. ഒരു കഥപോലെ ലേഖനം വായിച്ചുപോകാം. ബാലപഥത്തിൽ പ്രസിദ്ധീകരിക്കുന്ന ഇത്തരം ലേഖനങ്ങൾ കുട്ടികൾക്ക് വിദ്യാലയത്തിലെ പഠനപ്രവർത്തനങ്ങൾക്ക് വലിയ ഉപകാരം ചെയ്യുന്നുണ്ട്. കുറച്ചുകൂടി പടങ്ങൾ കൊടുക്കുകയാണെങ്കിൽ ശരിക്കും പ്രയോജനപ്രദമാകും. തുടർന്നും കാമ്പുള്ള ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**ബാബു ഇസ്മയിൽ, കോഴിക്കോട്**

## നൂറുദിന കർമപദ്ധതി

സർക്കാരിന്റെ നൂറുദിന കർമപദ്ധതി ജനങ്ങൾക്ക് വഴികാട്ടിയായി. ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി കിട്ടുന്നതും, സർക്കാരിന്റെ കോൾസെന്റർ, ഇ-മെയിൽ മുതലായവ വഴി പ്രവർത്തനങ്ങൾ അറിയാനും മുഖ്യമന്ത്രിയുമായി നേരിട്ട് സംസാരിക്കാനും പരാതികൾ സമർപ്പിക്കാനും സാധിക്കുന്നത് ജനങ്ങൾക്ക് വളരെ പ്രയോജനകരമാണ്. വിവിധ ജില്ലകളിൽ പി.എസ്.സി പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾ ജോലിക്കായി കാത്തിരിക്കുമ്പോൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തതിന് സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

**മാമ്മൻ വർഗീസ്**, മേലുകാവ്, കോട്ടയം

## "കനകംപോലെ റബർ കരുത്തോടെ കർഷകർ"

### ആകാശവാണി പരമ്പര ആരംഭിച്ചു

റബർ ബോർഡിന്റെ അധീനതയിലുള്ള പൊതുമേഖലാ കമ്പനികളുടെ സമാനതകളില്ലാത്ത വിജയ സാക്ഷ്യം ആകാശവാണി പരമ്പരയായി പ്രക്ഷേപണം ചെയ്യുന്നു. റബർ ഉത്പാദക സംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ട് കാൽ നൂറ്റാണ്ടു പിന്നിടുന്ന ഈ ഘട്ടത്തിൽ കനകംപോലെ റബർ, കരുത്തോടെ കർഷകർ എന്ന ശീർഷകത്തിൽ 22 എപ്പിസോഡുകളുള്ള ഈ പരമ്പര ഞായറാഴ്ചകളിൽ വൈകുന്നേരം 6.50ന് വയലും വീടും പരിപാടിയിൽ പ്രക്ഷേപണം ചെയ്യും. ഇന്ത്യയിലെ റബർ കൃഷിയുടെ മുഖച്ഛായ മാറ്റിയ റബർ ഉത്പാദകസംഘങ്ങളുടെ ചരിത്രം, വളർച്ച, വികാസം എന്നിവ പരിപാടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആകാശവാണി തിരുവനന്തപുരം നിലയം തയ്യാറാക്കി അവതരിപ്പിക്കുന്ന ഈ പരമ്പര ആലപ്പുഴ, തൃശൂർ, കോഴിക്കോട് നിലയങ്ങളും പ്രക്ഷേപണം ചെയ്യും.

## കേസരി മാധ്യമപുരസ്കാരങ്ങൾ

മാധ്യമപ്രവർത്തകർക്കുവേണ്ടി കേസരി ഏർപ്പെടുത്തിയിട്ടുള്ള 2010 ലെ മാധ്യമപുരസ്കാരങ്ങൾക്കായി നാമനിർദേശങ്ങൾ ക്ഷണിച്ചു. പത്രപ്രവർത്തനരംഗത്തെ സമഗ്രസംഭാവന പരിഗണിച്ച് മുതിർന്ന പത്രപ്രവർത്തകന് നൽകുന്ന കേസരി രാഷ്ട്രസേവാ പുരസ്കാരം 50000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ്. പത്രപ്രവർത്തനരംഗത്ത് കുറഞ്ഞത് 20 വർഷത്തെ പരിചയമുള്ളവരെയാണ് ഈ പുരസ്കാരത്തിന് പരിഗണിക്കുക. പുരസ്കാരത്തിന് പരിഗണിക്കേണ്ട പത്രപ്രവർത്തകരുടെ പേരുകൾ പത്രസ്ഥാപനങ്ങൾക്കോ സാംസ്കാരികസംഘടനകൾക്കോ വ്യക്തികൾക്കോ നിർദേശിക്കാവുന്നതാണ്.

മാധ്യമരംഗത്തെ യുവപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള രാഘവീയം മാധ്യമ പുരസ്കാരം 25000 രൂപയും പ്രശസ്തിപത്രവുമാണ്. ദൃശ്യമാധ്യമരംഗത്ത് മൂന്ന് വർഷത്തെ പ്രവർത്തനപരിചയമുള്ള, 35 വയസ്സ് തികയാത്ത മാധ്യമപ്രവർത്തകരെയാണ് ഈ വർഷം പുരസ്കാരത്തിനായി പരിഗണിക്കുക. കഴിഞ്ഞ ഒരു വർഷത്തിനകം തയ്യാറാക്കി സംപ്രേഷണം ചെയ്ത, പരിസ്ഥിതി അവബോധം വളർത്തുന്ന റിപ്പോർട്ട്/ഫീച്ചർ/ഡോക്യുമെന്ററിയാണ് പുരസ്കാരത്തിനായി അയയ്ക്കേണ്ടത്. ബയോഡാറ്റ, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കണം. പുരസ്കാരങ്ങൾക്കുള്ള നാമനിർദേശങ്ങളും അപേക്ഷകളും **ഒക്ടോബർ 15**നകം മാനേജിങ് ട്രസ്റ്റി, കേസരി വാരിക, സ്വസ്തിദിശ, മാധവൻനായർ റോഡ്, ചാലപ്പുറം, കോഴിക്കോട് - 673002, ഫോൺ: 0495-2300444, 2300477 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

കേസരിയുടെ ജന്മദിനമായ 2011 നവംബർ 27-ന് നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2011

പുസ്തകം 43 ലക്കം 10

e-mail : janapatham@prd.kerala.gov.in

Website : www.prd.kerala.gov.in



എഡിറ്റർ-ഇൻ-ചീഫ്
**എം. നന്ദകുമാർ ഐ.എ.എസ്.**

*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

ഡപ്യൂട്ടി ചീഫ് എഡിറ്റർ
**വി. ശുഭാമണി**
*ഡപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**എസ്. ആർ. പ്രവീൺ**

ഡിസൈനർ
**കെ. ബിജു**

ആർട്ടിസ്റ്റ്
**പ്രകാശ്. വി. എസ്**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**എൻ. ഷൈലാബീഗം**
ഫോൺ : 0471-2517036

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **എൻ.പി. സന്തോഷ്,** കൊല്ലം
- **ഇ. സജീവ്,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **എൻ. സുനിൽകുമാർ,** ആലപ്പുഴ
- **പി. വിനോദ്,**എറണാകുളം
- **കെ. അബ്ദുൾ റഷീദ്.** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **ടി.സി. ജോസഫ്,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ആർ. അനിൽകുമാർ,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർഗോഡ്,
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471- 2518171


മുഖക്കുറിപ്പ്

# ഗാന്ധിജിയുടെ വഴികൾ

സഹനവും അഹിംസയും സമരായുധങ്ങളാണെന്ന് പഠിപ്പിച്ചത് ഗാന്ധിജിയാണ്. നീതി നിഷേധിക്കപ്പെട്ട നിസ്സഹായരായ ജനതയ്ക്ക് ആയുധത്തിന്റെ ധാരാളിത്തംകൊണ്ട് പോരാടാൻ കഴിയില്ലെന്ന് കണ്ടെത്തിയതാണ് ഗാന്ധിജിയുടെ മഹത്വം. സമരരൂപങ്ങൾക്കു പുതിയ വ്യാഖ്യാനം നൽകാനും പ്രവർത്തിക്കാനും ഗാന്ധിജിക്ക് കഴിഞ്ഞു. ഇന്ത്യൻ ആത്മീയ മനസിന്റെ ആൾരൂപമായിരുന്നു ഗാന്ധിജി. സമരരൂപങ്ങൾ മാത്രമല്ല ഗാന്ധിജി സൃഷ്ടിച്ചതും നടപ്പിലാക്കിയതും. സമഗ്രമായ ഒരു ജീവിത ദർശനം പരിപാലിക്കാൻ കഴിഞ്ഞുവെന്നത് ഗാന്ധിജിയെ എല്ലാ ജനവിഭാഗങ്ങൾക്കും സ്വീകാര്യനാക്കുന്നു.

സഞ്ചരിക്കാൻ പരിമിതമായ സാഹചര്യങ്ങൾ മാത്രമുണ്ടായിരുന്ന ഒരു കാലത്ത് ഇന്ത്യയിലങ്ങോളമിങ്ങോളം സഞ്ചരിച്ച് തന്റെ സാന്നിധ്യവും ആശയവും പ്രചരിപ്പിച്ച് സാമ്രാജ്യത്വത്തിനെതിരെ ഗാന്ധിജി ജനങ്ങളിലൊരാളായി. ഇന്ന് ലോകമെമ്പാടുമുള്ള ജനകീയമുന്നേറ്റങ്ങൾക്ക് ഗാന്ധിജിയും ഒരു നിമിത്തമാകുന്നു.

എന്നാൽ സഞ്ചാരത്തിന്റെയും മാധ്യമങ്ങളുടെയും മറ്റെല്ലാ ജീവിത സാഹചര്യങ്ങളുടെയും ധാരാളിത്തത്തിൽ കപട ഗാന്ധിയന്മാർ അരങ്ങുവാഴുന്ന കാഴ്ച അരോചകമാണ്.

വികസനപ്രവർത്തനങ്ങൾ വാചകങ്ങളിൽ ഒതുങ്ങുന്ന പ്രഖ്യാപനങ്ങൾ മാത്രമല്ല. അവ നടപ്പിലാക്കുവാനുള്ള ആർജവവുമുണ്ടെന്ന് തെളിയിക്കുന്നതാണ് 100 ദിന കർമപരിപാടിയിലെ പ്രോഗ്രസ് റിപ്പോർട്ട്. ജനങ്ങൾക്കുമുന്നിൽ പ്രഖ്യാപിച്ച 100 ദിന കർമപരിപാടിയിൽ ഏതൊക്കെ നടപ്പിലാക്കിയെന്ന് ജനസമക്ഷം അവതരിപ്പിക്കാൻ ഒരു ഭരണാധികാരി ആർജവം കാട്ടുന്നതുതന്നെ വലിയ കാര്യമാണ്. പ്രഖ്യാപിച്ചവയിൽ എത്രയെണ്ണം നടപ്പിലാക്കി, നടപ്പിലാക്കാൻ കഴിയാതിരുന്നത് ഏതൊക്കെയാണ് എന്ന് ജനങ്ങളോട് തുറന്നുപറഞ്ഞു നമ്മുടെ മുഖ്യമന്ത്രി.

ഒരേ വിഷയത്തിൽ ഓരോ വ്യക്തിക്കും വ്യത്യസ്ത കാഴ്ചപ്പാടാണ്. 100 ദിന പരിപാടിയെ സമൂഹത്തിലെ പ്രമുഖർ വ്യത്യസ്ത കാഴ്ചപ്പാടിൽ കാണുന്നു.

അഴിമതിയെ സുതാര്യത കൊണ്ടുമാത്രമേ നേരിടാനാകൂ. ജനാധിപത്യസംവിധാനത്തിൽ പ്രവർത്തനങ്ങൾക്ക് സുതാര്യത ഉണ്ടായെങ്കിൽ മാത്രമേ ഒരു ഭരണാധികാരിക്ക് ജനങ്ങളുടെ മുന്നിൽ ആത്മാഭിമാനത്തോടെ തലയുയർത്തി നിൽക്കാനാകൂ. വികസന-ക്ഷേമപ്രവർത്തനങ്ങൾ ആരുടേയും ഔദാര്യമല്ല, അവകാശമാണ് എന്ന അവബോധം ജനങ്ങളിലുണ്ടാക്കാൻ കഴിയുമ്പോഴാണ് ഭരണം ജനകീയമാകുന്നത്. ഇപ്പോൾ അതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

പെൺജീവിതത്തിന്റെ സംഘർഷഭരിതവും സങ്കീർണവുമായ അവസ്ഥകളെ തുറന്നെഴുത്തിലൂടെ നേരിടാൻ പെൺജീവിതം എന്ന പംക്തിക്ക് കഴിയുമെന്നാണ് വിശ്വാസം.

സഹനവും അഹിംസയും പഠിപ്പിച്ച മഹാത്മാവിന്റെ സ്മരണ എല്ലാ പ്രതിസന്ധികളിലും സംഘർഷങ്ങളിലും കൂടെയുണ്ടാകട്ടെ.

**എം. നന്ദകുമാർ ഐ.എ.എസ്.**
എഡിറ്റർ-ഇൻ-ചീഫ്

സണ്ണിക്കുട്ടി എബ്രഹാം

ഒക്ടോബർ രണ്ട് ഗാന്ധിജയന്തി ദിനം

# ഗാന്ധിജിയെ രക്ഷിക്കുക

**ഗാന്ധിസത്തിന്റെ വ്യാജനിർമിതികളിൽ നിന്ന് യഥാർഥ ഗാന്ധിയെ വേർതിരിച്ചെടുക്കുകയും രക്ഷിക്കുകയുമാണ് ഇന്നിന്റെ ആവശ്യം.**



ഗാന്ധിജയന്തി ദിനമാകുമ്പോഴാണ് നാം ഗാന്ധിജിയെ ഓർക്കുക. അതുവരെ ഗാന്ധിയൻ ദർശനങ്ങൾ പാഠപുസ്തകങ്ങളുടെ താളുകളിൽ നിദ്രയിലായിരിക്കും. ഗാന്ധിയൻ ചിന്തകൾ ആധുനിക കാലത്ത് എത്രത്തോളം പ്രസക്തമാണ്? ഇതാണ് ഉത്തരം കിട്ടാത്ത ചോദ്യമായി നമ്മുടെ മുമ്പിലുള്ളത്. ഗാന്ധിജയന്തിയാകുമ്പോൾ ഈ ചോദ്യം പുറത്തെടുക്കും. സെമിനാറുകളിലും സിമ്പോസിയങ്ങളിലും ചർച്ചാസമ്മേളനങ്ങളിലും വിഷയം തലനാരിഴ കീറി പരിശോധിക്കും. ഗാന്ധിസം മരണമില്ലാത്തതാണെന്നും ഭൗതികചിന്ത മുഖമുദ്രയാക്കിയ, ഉപഭോക്തൃസംസ്കാരം നിയന്ത്രിക്കുന്ന ഇന്നത്തെ കാലത്ത് ഇതേക്കാൾ പ്രസക്തമായ മറ്റൊരു ചിന്താധാരയില്ലെന്നും വേദികളിൽ മുഴങ്ങുന്ന വാക്കുകളിൽ കേൾക്കാം. പക്ഷെ അവ പ്രയോഗതലത്തിൽ കൊണ്ടുവരണമെന്ന് ആർക്കും നിർബന്ധമില്ല. അങ്ങനെയായാൽ അടുത്ത കൊല്ലത്തെ ഗാന്ധിജയന്തി ദിനത്തിൽ ചർച്ചയ്ക്ക് ഒരു വിഷയത്തിന് എവിടെപ്പോകും.

ഗാന്ധിജി നമുക്ക് ഉയർത്തിപ്പിടിക്കാനുള്ള കൊടിക്കൂറ മാത്രമായിരിക്കാം. ഒരു അഭിമാന ചിഹ്നം. അതേ സമയം നാം തിരിച്ചറിയാത്തതിനെ ലോകം നെഞ്ചേറ്റി തുടങ്ങുകയാണ്. വർത്തമാന കാലത്തെ അരക്ഷിതാവസ്ഥയിൽ ഗാന്ധിസത്തിന്റെ പ്രസക്തി വർധിച്ചുവരുന്നു എന്ന ബോധ്യമില്ലാത്തത് ഇന്ത്യയ്ക്കു മാത്രമാണ്. വരുംകാലത്ത് രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കുള്ളിലും ഉണ്ടാകാൻ പോകുന്ന സംഘർഷങ്ങൾക്ക് ആശയപരമോ സാമ്പത്തികമോ ആയ പ്രശ്നങ്ങൾ കാരണമായിരിക്കില്ല എന്ന് രാഷ്ട്രാന്തരീയ വിഷയങ്ങളിൽ വിദഗ്ദ്ധനായ സാമുവൽ ഹണ്ടിങ്ടൺ 1996ൽ പ്രവാചക സ്വരത്തിൽ എഴുതി. മറിച്ച്, മതം ആയിരിക്കും വലിയ വിപത്തായി മാറുകയെന്നും വ്യക്തമാക്കിയിരുന്നു. അത് ശരിയായിക്കൊണ്ടിരിക്കുന്നു. ഗാന്ധിയുടെ നാട്ടിൽ തന്നെ അതിന് കളമൊരുങ്ങിക്കൊണ്ടിരിക്കുകയാണ്. അരക്ഷിതബോധത്തിലായിരിക്കുന്ന രാഷ്ട്രത്തിന്റെ തലവന്മാർ ഉറങ്ങാൻ പോകുന്നതുതന്നെ ലോകത്തെ ചുട്ട് ഭസ്മമാക്കാൻ ത്രാണിയുള്ള ആണവായുധങ്ങ

ളുടെ ബട്ടൺ കിടയ്ക്കക്കരികിൽ വച്ചുകൊണ്ടാണ്. തോക്കുകൾ നാടുവാഴുമ്പോൾ, മനുഷ്യൻ മനുഷ്യനെ നിഗ്രഹിക്കാനും രാജ്യം രാജ്യത്തെ ഭസ്മീകരിക്കാനും നിൽക്കുമ്പോൾ അഹിംസ എന്ന മൂന്നക്ഷര മന്ത്രത്തിനല്ലാതെ മറ്റെന്തിനാണ് പ്രസക്തിയുണ്ടാവുക. അതുകൊണ്ടാണ് നെൽസൺ മണ്ടേല നെയ്ത സ്വാതന്ത്ര്യ സ്വപ്നങ്ങൾക്ക് ഗാന്ധിസം നിറച്ചാർത്തായത്. ദലൈലാമയ്ക്ക് ഗാന്ധിയൻ ദർശനങ്ങൾ വിമോചനത്തിന്റെ വഴിയാകുന്നത്. മാർട്ടിൻ ലൂഥർ കിങ്ങിനും ബരാക് ഒബാമയ്ക്കും അത് ജീവിതസ്പർശിയും ബർമ്മീസ് വിമോചന പോരാളിയായ ആംഗ് സാൻ സൂ കിയിക്ക് ജീവനമന്ത്രവുമാവുന്നത്.

സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ഉപജാപകവൃന്ദം അഥവാ ഇടനിലക്കാർ ഭരണം കയ്യാളുന്ന അത്യന്തം ജനാധിപത്യ വിരുദ്ധമായ സാഹചര്യമാണ് ഇന്നുള്ളത്. നാം കാണുന്ന അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും ജനാധിപത്യാവകാശങ്ങളുടെ നിഷേധിക്കലിനും കാരണമാവുന്നതും ഇതാണ്. അത്തരത്തിൽ പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു ജനത ഒരു രക്ഷകനെ അല്ലെങ്കിൽ പുതിയ ഒരു ഗാന്ധിയെ സ്വപ്നം കാണുക സ്വാഭാവികമാണ്. ഗാന്ധി ദർശനങ്ങൾ ഇന്ത്യ വിസ്മരിക്കുന്നതിനേക്കാൾ അപകടകരമാണ് ആ ഒഴിവിലേക്ക് കയറി നിൽക്കാൻ വ്യാജ ഗാന്ധിയന്മാർ അവതരിക്കുന്നത്.

ഗാന്ധിജിയുടെ സത്യാഗ്രഹസമരങ്ങൾ ഭരണകൂടത്തെ ബ്ലാക്ക് മെയിൽ ചെയ്ത് ആവശ്യങ്ങൾ നേടിയെടുക്കുന്നതിനേക്കാൾ ആത്മശുദ്ധീകരണത്തിനുള്ളതായിരുന്നു. രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുക്കാനും ജനാധിപത്യഭരണസംവിധാനത്തിന്റെ സംസ്ഥാപനത്തിനു വേണ്ടിയായിരുന്നു. ഗാന്ധിജി



ഗാന്ധിജി ചാർലി ചാപ്ലിനോടൊപ്പം



നിയമം നിഷേധിച്ചു. ശരി തന്നെ. പക്ഷെ, ഇന്ത്യയെ അടിച്ച മർത്തി ഭരിക്കാൻ ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ഇന്ത്യാ വിരുദ്ധ നിയമങ്ങളെയാണ് നിരാകരിച്ചത്. അദ്ദേഹത്തിന്റെ സത്യാഗ്രഹ വേദികളിൽ വെള്ളിത്തിരയിലെ തിളക്കങ്ങളോ നർത്തകരോ ഏകാഭിനയക്കാരോ ഉണ്ടായിരുന്നില്ല. കെട്ടിപ്പൊക്കിയ മണ്ഡപ ങ്ങളിലല്ല, തറനിരപ്പിലിരുന്നാണ് അദ്ദേഹം സത്യാഗ്രഹം നട ത്തിയത്. ഇവന്റ് മാനേജ്മെന്റിന്റെ വൈദഗ്ദ്ധ്യമോ കോർപ്പറേറ്റ് പണശേഷിയോ നക്ഷത്ര നിലവാരത്തിലുള്ള ഭക്ഷണം വിള മ്പുന്ന കൗണ്ടറുകളോ ഉണ്ടായിരുന്നില്ല. ഗാന്ധിജി ഇന്ത്യയാ ണെന്നോ ഇന്ത്യ ഗാന്ധിജിയാണെന്നോ ആരും ഉദ്ഘോഷിച്ചി ല്ല. 24 മണിക്കൂർ വാർത്താ ചാനലുകളുടെ ഡി.എസ്.എൻ.ജി. കൾ അല്ല ഗാന്ധിസത്തെ ഗ്രാമീണഭാരതത്തിന്റെ മുക്കിലും മൂലയിലും എത്തിച്ചത്. ഗാന്ധിജി ജനങ്ങളിലേക്ക് ഇറങ്ങി ച്ചെന്നു. ഗാന്ധിയൻ ആശയങ്ങളും. ഇന്ത്യയുടെ ഹൃദയത്തെ തൊട്ടറിയാൻ ഗാന്ധിജി രാജ്യത്തുടനീളം സഞ്ചരിച്ചു. പറയുന്ന കാര്യങ്ങളിലുള്ള വിശ്വാസം, പ്രവൃത്തിയിലെ വിശ്വാസം, ജന ങ്ങളിലേക്ക് ആഴ്ന്നിറങ്ങാൻ ശേഷി നൽകുന്ന സത്യസന്ധത എന്നിവയാണ് വെള്ളക്കാരുടെ അധികാര, ആയുധ ശേഷികളെ വിറപ്പിച്ച ധാർമ്മിക ശക്തിയായി ഗാന്ധിസത്തെ മാറ്റിയത്.

രണ്ടാം സ്വാതന്ത്ര്യസമരം രാജ്യത്ത് പലവട്ടം 'സംഭവിച്ചു' കഴിഞ്ഞു. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്നതല്ല, ഞങ്ങളു ടേതാണ് യഥാർത്ഥ സ്വാതന്ത്ര്യസമരം എന്ന് പറയാതിരുന്നത് നാടിന്റെ സുകൃതം. രാജ്യത്ത് കലാപം ഉണ്ടാക്കാനും പൊതുമു തൽ നശിപ്പിക്കാനും സർക്കാരുകളെ അട്ടിമറിക്കാനും ആളെ കിട്ടാതായപ്പോൾ, ഗാന്ധിസം ചെറുപ്പക്കാരെ നിഷ്ക്രിയരാക്കി യെന്ന് വിലപിക്കുന്നത് മനസ്സിലാക്കാം. എന്നാൽ പുത്തൻ ഗാന്ധിയായി അവകാശപ്പെടുന്ന അവതാരങ്ങളാണ് ഏറെ അപ കടകരം. ഉദ്ദേശശുദ്ധിയുള്ളവർ ഉണ്ട്. സ്വയം ഗാന്ധിയായി പ്രഖ്യാപിക്കുവാനുള്ള മൗഢ്യവും അവർക്കുണ്ടാകില്ല. എന്നാൽ കൂടെ നിൽക്കുന്നവർ സമ്മതിക്കില്ല. അഭിനവ ഗാന്ധിയായി പ്രഖ്യാപിച്ചുകളയും. മറ്റു ചിലർ സ്വയം പ്രഖ്യാ പിക്കും. പോലീസിനെ കാണുമ്പോൾ ചുരിദാർ ധരിച്ച് വേഷ പ്രച്ഛന്നനായി മുങ്ങുകയും ചെയ്യും. അയോധ്യയിലെ ബാബ്റി മസ്ജിദ് ഒരു കൽകൂനയായി മാറിയപ്പോഴോ ഗുജറാത്തിൽ വംശഹത്യയ്ക്കടുത്ത നരഹത്യ നടന്നപ്പോഴോ മുംബൈ യിൽനിന്ന് മറാത്തികളല്ലാത്തവരെ തുരത്താൻ ശ്രമിച്ചപ്പോഴോ നാം ഈ പുതിയ ഗാന്ധിമാരെ കണ്ടിരുന്നില്ല. യഥാർത്ഥ ഗാന്ധിജി അങ്ങനെയായിരുന്നില്ല. കലാപത്തിന്റെ പ്രഭവകേന്ദ്ര ങ്ങളിലേക്ക് അദ്ദേഹം ധീരതയോടെ നടന്നു ചെന്നു. രാജ്യം സ്വാതന്ത്ര്യലബ്ധി ആഘോഷിക്കുമ്പോൾ അദ്ദേഹം നവഖലി യിലായിരുന്നു.

ഇന്ത്യൻ ജനാധിപത്യത്തിന് പോരായ്മകളുണ്ടാവാം. സമരം ചെയ്യാൻ ഓരോ പൗരനും അവകാശവുമുണ്ട്. എന്നാൽ ആദരണീയ വ്യക്തിത്വങ്ങളുടെ ജീവൻവെച്ച് വിലപേശി ഇന്ത്യൻ പാർലമെന്റിന്റെമേൽ അധീശത്വം നേടാൻ ശ്രമിക്കുന്ന പൊതുസമൂഹ പ്രതിനിധികൾ ഗാന്ധിസത്തിന്റെ തുടരവകാശി കളല്ല. മതനിരപേക്ഷതയ്ക്ക് തുരങ്കം വച്ചതിനുശേഷം, ശീതീ കരിച്ച മുറികളിൽ സദ്ഭാവനയജ്ഞം നടത്തുന്നവരും.

ഗാന്ധിസത്തിന്റെ വ്യാജനിർമിതികളിൽനിന്ന് യഥാർത്ഥ ഗാന്ധിജിയെ വേർതിരിക്കുകയും രക്ഷിച്ചെടുക്കുകയുമാണ് ഇപ്പോൾ വേണ്ടത്. അതിനായി നിയമ നിർമ്മാണംതന്നെ നടത്തിയാലും വേണ്ടില്ല. ലോക്പാൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയ ശേഷമായാലും മതി. ഒപ്പം കറൻസി നോട്ടുക ളിൽനിന്ന് ഗാന്ധിജിയുടെ ചിത്രം ഒഴിവാക്കുകയും വേണം. പെൺവാണിഭം തൊട്ട് കോർപ്പറേറ്റ് അഴിമതി വരെയുള്ള എല്ലാ അധാർമ്മികതകൾക്കും പ്രതിഫലം നൽകുന്നത് ഗാന്ധി ജിയുടെ മുഖം ആലേഖനം ചെയ്ത നോട്ടു കെട്ടുകളാണല്ലോ. കീശയിൽ 'ഗാന്ധി' ഉണ്ടെങ്കിൽ എന്തും ആവാം എന്ന ഒരു ചൊല്ലുതന്നെ രൂപപ്പെട്ടിരിക്കുന്നു. ഗാന്ധിജിയെ മറന്നാലും നമുക്ക് ഗാന്ധിജിയെ ശിക്ഷിക്കാതിരിക്കാമല്ലോ. ■

# നൂറുദിന വിസ്മയം




**സർക്കാർ അധികാരമേറ്റത് 2011 മെയ് 18ന്.**
**നൂറുദിന കർമപരിപാടി അവതരിപ്പിച്ചത് ജൂൺ ഒന്നിന്.**
**പ്രഖ്യാപിച്ചത് 107 ഇനങ്ങൾ.**
**നടപ്പാക്കിയതും നടപ്പാക്കൽ പ്രക്രിയയിൽ ഉള്ളതും 101 ഇനങ്ങൾ.**
**നടപ്പാക്കാനാവാത്തത് ആറെണ്ണം മാത്രം.**

■ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

# നല്ല തുടക്കം പാതിവിജയം

ജനങ്ങൾക്ക് വേണ്ടിയുള്ള സർക്കാർ എന്നതാണ് നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നത്. എന്നാൽ സമൂഹത്തിലെ ദുർബലർക്കും, സാധാരണക്കാർക്കും സർക്കാരിൽ നിന്നും, നീതി ലഭിക്കുമെന്ന് ഉറപ്പില്ലാത്ത ഒരു കാലഘട്ടമാണ് ഇത്. ഈ സാഹചര്യത്തിലാണ് നൂറ് ദിവസം പിന്നിടുന്ന യു.ഡി.എഫ് സർക്കാരിന്റെ നടപടികളെ വിലയിരുത്തേണ്ടത്. അഴിമതിയും, സുതാര്യതയില്ലായ്മയും ഒഴിവാക്കുന്നതിന്, സർക്കാർ സ്വീകരിച്ച നടപടികൾ ശ്രദ്ധേയമാണ്. മന്ത്രിമാരുടെ സ്വത്തു വിവരം പ്രഖ്യാപിക്കുകയും, സർക്കാർ വെബ്സൈറ്റിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതോടൊപ്പം, ഐ.എ.എസ്., ഐ.പി.എസ്. ഉന്നത ഉദ്യോഗസ്ഥരുടെയും, അഡ്വക്കേറ്റ് ജനറൽ, ലോ ഓഫീസർമാർ, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, തുടങ്ങിയവർ സ്വത്ത് വിവരം വെളിപ്പെടുത്തിയത്, ജനങ്ങളിൽ വിശ്വാസം ജനിപ്പിക്കുവാൻ സഹായകമായിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ഓഫീസ് എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒന്നാക്കി മാറ്റിയതും അത് തൽസമയം നേരിൽ കാണാൻ സർക്കാർ വെബ്സൈറ്റ് ഒരുക്കിയതും, സുതാര്യതയ്ക്കും, കാര്യക്ഷമതയ്ക്കും, സഹായകരമാകും. ഏത് സമയത്തും മുഖ്യമന്ത്രിയുടെ ഓഫീസുമായി സാധാരണക്കാരന് ടെലിഫോണിൽ ബന്ധപ്പെടാവുന്ന "ഒരു വിളിപ്പാടകലെ" എന്ന പദ്ധതിയും ജനങ്ങൾക്ക് പ്രയോജനപ്പെടും. സർക്കാരിന്റെ എല്ലാ ഉത്തരവുകളും, അതാത് ദിവസം തന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും ഗുണകരമാണ്.

സമൂഹത്തിലെ ഏറ്റവും ദുർബലരോട് എങ്ങനെ പെരുമാറുന്നു എന്നതാണ് ഒരു സർക്കാരിന്റെ ഗുണനിലവാരം നിർണയിക്കുന്നത് എന്ന് മഹാത്മാഗാന്ധി തന്നെ പറഞ്ഞിട്ടുണ്ടല്ലോ. മൂന്നരവർഷത്തോളമായി, വല്ലാർപാടം പദ്ധതിക്കുവേണ്ടി സ്വന്തം വീട്ടിൽ നിന്ന് ബലമായി കുടിയിറക്കപ്പെട്ട മൂലമ്പിള്ളിയിൽ നിന്നുള്ള 326 കുടുംബങ്ങളുടെ പുനരധിവാസം സാദ്ധ്യമാക്കാൻ സമരസമിതി പ്രതിനിധികൾക്ക് കൂടി സ്വീകാര്യമായ നടപടികൾ സ്വീകരിച്ചു. ഇത് സർക്കാരിന്റെ ദുർബലപക്ഷ നിലപാട് വ്യക്തമാക്കുന്നു. ബാക്കിയുള്ള പുനരധിവാസ പദ്ധതികൾ കൂടി ത്വരിതഗതിയിൽ പൂർത്തിയാക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുപോലെതന്നെ ചെങ്ങറ ഭൂസമരത്തിനുള്ള പരിഹാര നടപടികൾ സ്വീകരിച്ചതും ശ്രദ്ധേയമാണ്. മുൻസർക്കാർ, 1495 കുടുംബങ്ങൾക്ക് നൽകിയ ഭൂമിയിൽ മഹാഭൂരിപക്ഷവും കൃഷിചെയ്യാനോ താമസിക്കാനോ യോഗ്യമായവ ആയിരുന്നില്ല. ഇവർക്ക് കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി, സമയബന്ധിതമായി നൽകാനും, ആ ഭൂമിയുടെ ഗുണനിലവാരം നിശ്ചയിക്കുവാൻ സമര സമിതിക്കു കൂടി സ്വീകാര്യമായ സംഘത്തെ നിയോഗിക്കാനും തീരുമാനിച്ചത് ഉചിതമായി. മുൻ സർക്കാരിന്റെ കാലത്ത് അർഹതയുണ്ടായിട്ടും, പട്ടികയിൽ ഉൾപ്പെടാതിരുന്ന ആയിരം കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതം നൽകുവാനുള്ള തീരുമാനം സമരത്തെ ഒത്തുതീർപ്പിലേക്ക് നയിക്കുമെന്നും കരുതട്ടെ.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബ







ങ്ങൾക്കെല്ലാം, ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകുവാനുള്ള തീരുമാനം നടപ്പിലാക്കുക വഴി, "പട്ടിണി ഇല്ലാത്ത കേരളം" എന്ന ലക്ഷ്യം സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. പ്ലസ് ടൂ വരെയുള്ള കുട്ടികൾക്കെല്ലാം ഉച്ചഭക്ഷണം സൗജന്യമായി നൽകാനുള്ള പദ്ധതി ഏറെ പ്രയോജനപ്പെടും എന്നും കരുതുന്നു.

സങ്കീർണമായ മൂന്നാറിലെ ഭൂമി പ്രശ്നങ്ങൾ, പരിസ്ഥിതിസൗഹൃദപരമായും കർഷകരെ ദ്രോഹിക്കാതെയും പരിഹരിക്കുവാൻ സർക്കാരിന് കഴിയുമെന്ന് പ്രതീക്ഷിക്കട്ടെ. ഗതാഗത രംഗത്തെ ഏറെ മുന്നോട്ട് നയിക്കാനുണ്ട്. ഉന്നത സാങ്കേതിക നിലവാരമുള്ള റോഡുകളും, ബൈപാസുകളും, ഫ്ളൈഓവറുകളും നിർമിക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമല്ലോ? ദേശീയപാത വികസനത്തിന്റെ പേരിൽ, ജനങ്ങൾ വലിയ തോതിൽ കൊള്ളയടിക്കപ്പെടുമെന്നും, ലക്ഷകണക്കിന് മനുഷ്യർക്ക് വീടും തൊഴിലിടങ്ങളും നഷ്ടപ്പെടുമെന്നും സമരം ചെയ്യുന്നവർ പറയുന്നു. ഇതു പരിശോധിക്കാനും സാങ്കേതിക-സാമ്പത്തിക യാഥാർത്ഥ്യങ്ങൾ കണ്ടെത്താനും, സമരസമിതി പ്രതിനിധികൾക്കു കൂടി പങ്കാളിത്തമുള്ള- വിദഗ്ധ സമിതിയെ നിയമിക്കാനുമുള്ള തീരുമാനം ശരിയാണ്. സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ, ഇരകളാകപ്പെടുന്നവർ അടക്കമുള്ളവരുമായി ചർച്ച ചെയ്യാനുള്ള സമീപനം ഏറെ ഗുണകരമാണ്. കൊച്ചി മെട്രോ പോലുള്ള അനിവാര്യ പദ്ധതികൾ, സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാവണം.



കാസർകോട്ടെ "എൻഡോ സൾഫാൻ" ബാധിതരെ എത്ര സഹായിച്ചാലും അധികമാവില്ല എന്നാണ് എന്റെ അഭിപ്രായം. അവിടെ ഇരകളായവർക്ക്, ഒരു ലക്ഷം രൂപാ സഹായധനം നൽകിയതും അവരുടെ പുനരധിവാസത്തിന് പണം നീക്കി വച്ചതും ഒരു നല്ല തുടക്കമായി ഞാൻ കാണുന്നു. കളമശേരിയിലെ എച്ച്.ഐ. എൽ. എന്ന കമ്പനിക്ക് എൻഡോസൾഫാൻ ഉത്പാദനത്തിനുള്ള ലൈസൻസ് റദ്ദാക്കിയതിലൂടെ സർക്കാർ എൻഡോസൾഫാൻ പോരാട്ടത്തിനൊപ്പമാണ് എന്ന് പ്രഖ്യാപിക്കപ്പെടുകയാണ്.

നിർമാണ രംഗത്ത്, തൊഴിൽ മേഖലയിൽ "നോക്കു കൂലി" ഒഴിവാക്കാനും, ചുമട്ടു തൊഴിലാളി നിരക്കുകൾ സംസ്ഥാനമൊട്ടാകെ ഏകീകരിക്കാനുമുള്ള നടപടികൾ ജനങ്ങളും ചുമട്ട് തൊഴിലാളികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുവാൻ സഹായിക്കും. യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാനുള്ള "ജോബ് ഫെസ്റ്റ്" പോലുള്ള പദ്ധതികൾ ഏറെ സഹായകരമാണ്. കർഷകർക്ക് പെൻഷൻ നൽകാനുള്ള തീരുമാനം കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകും.

നൂറ് ദിവസം കൊണ്ട് ഒരു സർക്കാരിന്റെ പ്രവർത്തനം വിലയിരുത്താനാകില്ല. എങ്കിലും നല്ല ഒരു തുടക്കം പാതി വിജയമാണെന്നുള്ള പഴമൊഴി വച്ചുകൊണ്ട് പറയട്ടെ, ഈ സർക്കാർ സഞ്ചരിക്കുന്നത്, ശരിയായ, നേരായ ദിശയിലാണ് എന്ന് എനിക്ക് ഉറപ്പിച്ച് പറയാം ■

കെ.എൽ. മോഹനവർമ്മ

# നൂറുദിനം

ജനാധിപത്യം ഇന്നും നമുക്ക് ശൈശവദശയിലാണ്. ബ്രിട്ടീഷ് പാർലമെന്ററി ജനപ്രതിനിധി രീതിയും വെസ്റ്റ് മിനിസ്റ്റർ നീതി നിർവഹണ ശൈലിയും അയർലണ്ടിൽ ബലാത്ക്കാരമായി ബ്രിട്ടീഷ് ആധിപത്യം നിലനിർത്താൻ ഉപയോഗിച്ച ഐറിഷ് സായുധസേനാ പൊലീസ് സമ്പ്രദായവും ഇന്നും ജനാധിപത്യത്തിന്റെ അന്തസ്സത്തയിൽ നിന്നും സാധാരണ പൗരൻമാരെ അകറ്റി നിർത്തിയിരിക്കുകയാണ്. സാമ്പത്തിക കണക്കുകളിലെ അക്കങ്ങളും ശരാശരികളും മാത്രമാണ് ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അളവുകോൽ എന്ന വികലമായ ഇക്കണോമിക്ക് വിജ്ഞാനത്തിൽ നിന്ന് സാമൂഹ്യ പുരോഗതിയെ വേറിട്ടു കാണാൻ നമുക്ക് കഴിയുന്നുമില്ല. കാലഹരണപ്പെട്ട തത്വശാസ്ത്രങ്ങൾ ആധുനിക സാങ്കേതികവിപ്ലവത്തിന് വഴിമാറിയ സത്യവും നമുക്ക് അംഗീകരിക്കാൻ പറ്റുന്നില്ല. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അകലം വലുതായിക്കൊണ്ടിരുന്നു.

ഈ അവസ്ഥയ്ക്ക് ഒരു മരുന്നേയുള്ളു.

സർക്കാർ പ്രവർത്തനങ്ങളുടെ സുതാര്യത.

ഒരു സിംബലായി പറയുകയാണെങ്കിൽ സർക്കാർ സ്വയം കൊണ്ടുവരുന്ന ഒരു വിക്കിലീക്സ്.

2011 ലെ ഉമ്മൻചാണ്ടി സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുന്നത് സുതാര്യതയ്ക്ക് പ്രമുഖപ്രാധാന്യം നൽകിയ നൂറുദിന പരിപാടി പ്രഖ്യാപനമാണ്. സർക്കാരിന്റെ പ്രവർത്തനങ്ങളിലെ രഹസ്യഭാവം അഴിമതിക്ക് വളം വയ്ക്കുന്നു എന്നത് നമുക്കെല്ലാം അറിയാം. പക്ഷെ അതിനെക്കാൾ വലിയ വിപത്താണ് സർക്കാരിന്റെ സുതാര്യമല്ലാത്ത പ്രവർത്തനം. കഴിവില്ലായ്മയ്ക്കും അറിവില്ലായ്മയ്ക്കും നൽകുന്ന കനത്ത മൂടുപടം. സാമൂഹ്യനീതിയുടെ നിരാകരണമാണിത്. ജനാധിപത്യം ഒരു കോക്കസ്സിനാൽ ഹൈജാക്ക് ചെയ്യപ്പെടാൻ സൗകര്യമുണ്ടാക്കിയിരിക്കുകയാണ്.

സ്വത്തുവിവരം വെളിപ്പെടുത്തലിൽ തുടങ്ങി വെബ്സൈറ്റുകളും ആധുനികസാങ്കേതിക സൗകര്യങ്ങളും ഉപയോഗപ്പെടുത്തി, ഇടനിലക്കാരനില്ലാതെ തീരുമാനം എടുക്കുന്ന അധികാരസ്ഥാനങ്ങളെയും അവരുടെ അപ്പലേറ്റ് അതോറിട്ടികളെയും നേരിട്ട് ബന്ധപ്പെടാനും അവരുടെ തീരുമാനങ്ങളുടെ പശ്ചാത്തലം കാര്യകാരണസഹിതം അറിയാനുള്ള സംവിധാനം ഉണ്ടാകുകയും ചെയ്യുക എന്നത് വാസ്തവത്തിൽ ശരിയായ ജനാധിപത്യ വിപ്ലവമാണ്.

ഈ 2011 ലും കേരളം പോലെ സാക്ഷരതയും സ്വതന്ത്രചിന്തയും ഉള്ള നാട്ടിൽപ്പോലും ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന ഒരു സാദാ സർക്കാർ ഓഫീസിൽ തനിക്ക് നീതി ലഭിച്ചില്ല എന്ന പരാതിയുമായി ചെല്ലാൻ സാധാരണക്കാരിൽ 95 ശത







മാനം പേർക്കും ഭയമാണ്. സ്ത്രീകളുടെ കാര്യത്തിലാണെങ്കിൽ അത് 100 ശതമാനമാണ്. ലോക്കൽ രാഷ്ട്രീയ സാമൂഹിക പ്രവർത്തകന്റെയോ ഓഫീസിലെ പരിചയക്കാരുടെ കെയറോഫോ ഇല്ലാതെ ആരും ഓഫീസിൽ പ്രവേശിക്കുകില്ല. രഹസ്യമായി പോക്കറ്റിൽ നോട്ടുകളും കരുതും. "എന്താ ചെയ്യുക, എനിക്ക് ഒന്നും വേണ്ട. പക്ഷെ മുകളിലുള്ള പാർട്ടി പഴയ ടൈപ്പാണ് എന്തെങ്കിലും കിട്ടാതെ കടലാസ് നോക്കുകില്ല" എന്ന മട്ടിലുള്ള വാക്കുകൾ ഇത്തരം സർക്കാർ ആഫീസ് വരാന്തകൾ നിരന്തരം കേൾക്കുന്നവയാണ്. ഇന്ന് നമ്മുടെ ഉദ്യോഗസ്ഥരെല്ലാം അഭ്യസ്തവിദ്യരാണ്. അവർക്ക് നന്നായി പെരുമാറാനറിയാം. സാധാരണ പൗരന്മാരെക്കാൾ ജോലിക്ക് കൂലിയും മറ്റെല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നവരുമാണ്. പണത്തോട് ആർത്തി സ്വാഭാവികമാണ്. പക്ഷെ അത് അമർത്താനുള്ള പക്വതയും സംസ്ക്കാരവുമുള്ളവരാണ് അവരിൽ ബഹുഭൂരിപക്ഷവും. പക്ഷെ അവരെ സ്നേഹത്തോടെ കാണാൻ ജനത്തിനു കഴിയുന്നില്ല. ഭയം. സർക്കാരിനെ ഭയമാണ്. ഭയം മാറ്റാൻ സ്വാധീനമോ പണമോ വേണം. ഈ ചിന്താഗതി ശരിയാണെന്ന് തോന്നിപ്പിക്കുന്ന രീതിയാണ് ജനനേതൃത്വത്തിന്റെയും പെരുമാറ്റ ശൈലി.

ഈ അവസ്ഥയ്ക്ക് ഒരു മാറ്റം.

ജനാധിപത്യം അർഥവത്താകണമെങ്കിൽ സർക്കാർ ജനങ്ങളുടെ രാജാവല്ല ദാസനാണ് എന്ന ബോധം ഉണ്ടാകണം.

അഴിമതി എന്നാൽ കൈക്കൂലിയുടെയും കോഴയുടെയും കണക്കുമാത്രമല്ല, ഭരണാധികാരികളുടെ അറിവില്ലായ്മയും, കഴിവില്ലായ്മയും ജനത്തിന് വരുത്തുന്ന ഭീകരമായ നഷ്ടം കൂടിയാണ് എന്നത് മനസ്സിലാക്കണം.

സുതാര്യത മാത്രമാണ് ഇതിനൊരു പരിഹാരം.

ഈ നൂറു ദിന കർമപരിപാടിയുടെ നടപ്പാക്കലിൽ കാട്ടിയ ഓജസ്സും പ്രതിബദ്ധതയും നമ്മുടെ ജനാധിപത്യസംവിധാനത്തിനുതന്നെ ഒരു പുതിയ മുഖം നൽകി. സെഞ്ചുറിയിൽ നിർത്താതെ മുന്നോട്ട് പോകാൻ ഈ സർക്കാരിന് ധൈര്യവും ശക്തിയുമുണ്ടാകട്ടെ എന്ന് നമുക്ക് ആശംസിക്കാം ■





100 ദിന കർമപരിപാടി

# കഠിനാധ്വാനത്തിന്റെ ഫലശ്രുതി

**നൂറുദിവസം എന്നത് ഏതൊരു സർക്കാരിനും ചെറിയൊരു പ്രവർത്തന കാലയളവുമാത്രം. എന്നാൽ കർമനിരതമാകാൻ നൂറുദിവസം മാത്രം മതിയെന്നതിന് ദൃഷ്ടാന്തമാകുന്നു യുഡിഎഫ് സർക്കാർ.**
**ഏറെ നാളുകൾക്കു ശേഷം വിവാദത്തിനു പകരം വികസനത്തിന്റെ ശംഖൊലി കേട്ടു. കരുതലിന്റെ, സംരക്ഷണത്തിന്റെ തൂവൽസ്പർശം ജനങ്ങൾക്ക് അനുഭവവേദ്യമായി. സുതാര്യതയുടെ വാതായനങ്ങൾ തുറന്നിട്ടു; പ്രകൃതിക്ക് സംരക്ഷകനുണ്ടായി; നീറിക്കൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരവുമായി. കേന്ദ്രസർക്കാരുമായി കൈകോർത്തു വെട്ടിത്തുറന്നത് സഹകരണത്തിന്റെ പാത. അഞ്ചു വർഷക്കാലയളവിനപ്പുറത്തേക്കു നീളുന്ന ദീർഘവീക്ഷണത്തിന്റെ ഭരണനൈപുണ്യം.**
**കഠിനാധ്വാനത്തിന്റെ ഫലം പ്രതീക്ഷയ്ക്കുമപ്പുറം....**

### സുതാര്യതയും കാര്യക്ഷമതയും

24 മണിക്കൂറും പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസിലെ 24 X 7 കോൾ സെന്റർ രാജ്യത്തിനുതന്നെ മാതൃകയായി. ജനങ്ങൾക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും ഏത് സമയത്തും ടോൾ ഫ്രീ നമ്പർ വഴി മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പരാതികളും നിർദേശങ്ങളും അറിയിക്കാം. നമ്പർ 1076 എല്ലാ ജില്ലകളിലും പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നു.

*ലോകത്ത് ആദ്യമായി ഒരു മുഖ്യമന്ത്രിയുടെ ഓഫീസും അവിടെ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും വെബിലൂടെ സജീവ സംപ്രേക്ഷണം നടത്തിയപ്പോൾ അത് അന്തർദേശീയതലത്തിൽ വരെ അംഗീകരിക്കപ്പെട്ടു. ലോകത്തിന് കേരളം മറ്റൊരു മാതൃക സൃഷ്ടിച്ചു. 'ന്യൂയോർക്ക് ടൈംസ്' പോലുള്ള വിദേശപത്രങ്ങളും രാജ്യത്തെ ഒട്ടുമിക്ക മാധ്യമങ്ങളും ഇത് സുതാര്യതയുടെ മുഖമുദ്രയാണെന്ന് ചൂണ്ടിക്കാട്ടി. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സജീവ സംപ്രേക്ഷണം നടത്തുന്ന www.keralacm.gov.in എന്ന വെബ് സൈറ്റിന് രണ്ടു മാസത്തിനുള്ളിൽ 5.69 ലക്ഷം സന്ദർശകരുണ്ടായി.*

### അഴിമതിക്കെതിരേ സ്ഥാപനാധിഷ്ഠിത പോരാട്ടം

ടെണ്ടർ/പ്രോക്യൂർമെന്റ്/പർചേസ് നടപടികൾക്ക് ചീഫ് വിജിലൻസ് കമ്മീഷന്റെ മാർഗരേഖ കർശനമായി പിന്തുടരണമെന്ന് സ്റ്റോർ പർച്ചേസ് വകുപ്പിന് നിർദേശം നല്കി. 117 അർധ സർക്കാർ സ്ഥാപനങ്ങളെക്കൂടി ലോകായുക്തയുടെ പരിധിയിൽ കൊണ്ടുവന്നു. ലോകായുക്ത, ഉപലോകായുക്ത, നിയമ മന്ത്രി എന്നിവരുമായി മുഖ്യമന്ത്രി ചർച്ച നടത്തി ഇവിടത്തെ നിയമത്തിൽ മാറ്റം കൊണ്ടുവരും. 250 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള പദ്ധതികളുടെ മുൻകൂർ സാമൂഹിക-സാമ്പത്തിക പരിശോധനയ്ക്ക് ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തി.

### വികലാംഗർ

വികലാംഗർക്ക് അവകാശപ്പെട്ട 1144 ഒഴിവുകൾ പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യാനും ഒഴിവുകൾ ഇല്ലാത്ത വകുപ്പുകളിൽ സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ചു നിയമനം നടത്താനും തീരുമാനിച്ചു. വികലാംഗർക്ക് അവകാശപ്പെട്ട മൂന്നു ശതമാനം സംവരണത്തിൽ ഒരു ശതമാനം ശാരീരിക വൈകല്യമുള്ളവർക്കും ഒരു ശതമാനം അന്ധർക്കും ഒരു ശതമാനം ബധിര-മൂകർക്കുമെന്ന വ്യവസ്ഥ അനുസരിച്ചുതന്നെ കഴിഞ്ഞ ആറു വർഷത്തെ കുടിശിക നിയമനം മുഴുവൻ ഒറ്റയടിക്കു നികത്താനാണ് സർക്കാരിന്റെ ദൃഢനിശ്ചയം.

### വിഷൻ 2030 ഐഡിയ ബാങ്ക്

മുഖ്യമന്ത്രിയുടെ വെബ്സൈറ്റായ www.keralacm.gov.in ൽ വിഷൻ 2030 സംവിധാനം ഒരുക്കുകയും അതിന് യുവജനങ്ങളിൽ നിന്ന് വലിയ പ്രതികരണം ലഭിക്കുകയും ചെയ്തു. രണ്ടു മാസത്തിനുള്ളിൽ ആയിരം നിർദേശങ്ങളാണ് ലഭിച്ചത്.

### അഴിമതിക്കെതിരേ ജനകീയ പോരാട്ടം

അഴിമതിയെക്കുറിച്ചു വിവരം നല്കുന്നവരുടെ രഹസ്യസ്വഭാവം നിലനിർത്തി അവരെ സംരക്ഷിക്കാൻ ചീഫ് വിജിലൻസ് കമ്മിഷന്റെ മാതൃകയിൽ Whistle Blower Protection Policy നടപ്പാക്കാൻ ഉത്തരവായി. ഇതിന് മുൻ ചീഫ് സെക്രട്ടറി മോഹൻ കുമാർ, മുൻ ഐഐഎം ഡയറക്ടർ സാമുവൽ പോൾ, മുൻ റോ തലവൻ ഹോർമിസ് തരകൻ, ഐപെയ്ഡ് ബ്രൈബ്. കോം സി.ഇ.ഒ രഘുനാഥൻ എന്നിവർ അംഗങ്ങളായി സമിതി രൂപീകരിച്ചു. അഴിമതി വിവരം പുറത്തുകൊണ്ടുവരുന്ന സർക്കാർ ജീവനക്കാർക്കും സംരക്ഷണം ലഭിക്കുന്നതാണ്. അഴിമതി കണ്ടെത്താൻ സഹായിക്കുന്നവർക്ക് റിവാർഡ് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു. പൗരാവകാശ രേഖ 53 വകുപ്പിൽ നടപ്പാക്കി. ബാക്കി 50 വകുപ്പുകളിൽ നടപടി സ്വീകരിക്കുന്നു.

### ജനങ്ങളിലേക്ക്...

നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഉടൻ നവംബർ അഞ്ചിന് കോഴിക്കോട്ടുനിന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ജനസമ്പർക്ക പരിപാടിക്കു തുടക്കമിടും. ഓരോ ജില്ലയിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ മന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് ആസ്ഥാനങ്ങളിൽ മാസത്തിലൊരിക്കൽ ജനസമ്പർക്ക പരിപാടി നടത്താനുള്ള നിർദേശം റവന്യൂ വകുപ്പ് കളക്ടർമാർക്ക് നല്കി. ഓരോ മാസവും ജനസമ്പർക്ക പരിപാടി നടത്തി മൂന്നാമത്തെ ശനിയാഴ്ച റിപ്പോർട്ട് സമർപ്പിക്കും.




### സർക്കാർ ഉത്തരവുകൾ ജനപരിശോധനയ്ക്ക്

എല്ലാ ഉത്തരവുകളും അതേ ദിവസം www.kerala.gov.in എന്ന വെബ്സൈറ്റിൽ. എല്ലാ സർക്കാർ ടെൻഡറുകളുടെയും പ്രൈസ് ബിഡ് റിസൾട്ട്, ബിഡ് തുറക്കുന്ന അതേ ദിവസം വെബ്സൈറ്റിൽ. എല്ലാ സർക്കാർ കരാറുകളും എഗ്രിമെന്റുകളും ഒപ്പിട്ട അതേദിവസം വെബ് സൈറ്റിൽ.



### കരുതൽ

സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ടവർക്കും ഒരുരൂപ നിരക്കിൽ 25 കിലോ അരി പ്രതിമാസം നല്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ജനക്ഷേമപദ്ധതിക്ക് ആഗസ്റ്റ് 27-ന് തുടക്കം കുറിച്ചു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 14.60 ലക്ഷവും അതീവ ദരിദ്രരായ 5.95 ലക്ഷവും ഉൾപ്പെടെ 30 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നു. 5.75 ലക്ഷം റേഷൻ കാർഡുകൾ നല്കി സർക്കാർ സർവകാല റിക്കാർഡ് സൃഷ്ടിച്ചു. കുടിശിക ഉണ്ടായിരുന്ന 3.13 ലക്ഷം റേഷൻ കാർഡുകൾ ഉൾപ്പെടെയാണിത്. ഇനി അപേക്ഷിക്കുന്ന ദിവസം തന്നെ റേഷൻ കാർഡ് ലഭിക്കും.

## ജീവൽ പ്രശ്നങ്ങളിലേക്ക്



എൻഡോസൾഫാൻ ഇരകളായ 486 പേർക്ക് ഒരു ലക്ഷം രൂപവീതം ധനസഹായം നല്കി. നേരത്തെ അരലക്ഷം രൂപ വീതം ലഭിച്ച 176 പേർക്ക് അരലക്ഷം വീതം കൂടി നല്കി. കാസർഗോഡ് ജില്ലാ ഭരണകൂടം തയാറാക്കിയ 79 കോടിയുടെ അടിസ്ഥാന സൗകര്യ വികസനപാക്കേജിന് അംഗീകാരം നല്കി. നാല്പതു മാസം നീണ്ട മൂലമ്പിള്ളി സമരം ഒത്തുതീർപ്പാക്കി. സമരസമിതി പ്രതിനിധികൾ ഉന്നയിച്ച 12 വിഷയങ്ങളിൽ സർക്കാർ അനുകൂലമായ നിലപാട് എടുത്തതോടെയാണ് സമരം ഒത്തുതീർന്നത്. കുടിയൊഴിപ്പിക്കപ്പെട്ട പന്ത്രണ്ട് കുടുംബങ്ങൾക്കു പകരം ഭൂമിയിൽ പട്ടയം നല്കുക എന്നതായിരുന്നു പ്രധാന ധാരണ. കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിച്ച കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വീടു വയ്ക്കുന്നതിനും പൈലിങ് നടത്താൻ 75,000 രൂപ വീതം നല്കുന്നതിനും കെട്ടിടങ്ങളുടെ പണി പൂർത്തിയാകും വരെ കുടുംബങ്ങൾക്കു വാടകയ്ക്കു താമസിക്കാൻ പ്രതിമാസം 5000 രൂപ വീതം നല്കുന്നതിനും സർക്കാർ തയാറായി. ചെങ്ങറ സമരഭൂമയിൽ അവശേഷിക്കുന്ന ആയിരം കുടുംബങ്ങൾക്ക് 25 സെന്റ് വീതം സ്ഥലം നല്കും. മുൻ സർക്കാരിന്റെ കാലത്ത് പുനരധിവസിപ്പിച്ച 1495 കുടുംബങ്ങളിൽ വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചവർക്ക് പകരം ഭൂമി നല്കുന്നതാണ്. ഇക്കാര്യം പരിശോധിക്കാൻ പരിസ്ഥിതി പ്രവർത്തകർ ഉൾപ്പെടുന്ന സമിതിയെ ചുമതലപ്പെടുത്തി. വയനാട്ടിലെ അവിവാഹിതരായ പട്ടികവർഗ അമ്മമാരുടെ പെൻഷൻ 300 രൂപയിൽ നിന്ന് 1000 രൂപയാക്കി. കടൽമാക്രി മൂലം കേടായ വലകൾക്കുപകരം പുതിയ വലകൾ മത്സ്യത്തൊഴിലാളികൾക്കു നല്കുന്നതു സംബന്ധിച്ച ഉത്തരവ് 2011 ജൂലൈ 23-ന് ഇറങ്ങുകയും അത് നടപ്പാക്കിവരുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും വയോജനങ്ങൾക്ക് ഹെൽപ് ഡെസ്ക് ആരംഭിച്ചു.

## വിദ്യാഭ്യാസമേഖല

സംസ്ഥാനത്തെ സ്കൂളുകളിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്നവരും വിദ്യാർഥികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ടവരുമായ 10,503 അധ്യാപകർക്ക് ശമ്പളം നല്കാൻ പാക്കേജിന് രൂപം നല്കി. എയ്ഡഡ് സ്കൂളുകളിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന 2,920 അധ്യാപകരുടെ നിയമനം അംഗീകരിച്ചു. വിദ്യാർഥികളുടെ തലയെണ്ണൽ നിർത്തലാക്കി. വിദ്യാർഥികൾ കുറഞ്ഞാലും എല്ലാ സ്കൂളിലും 2010-11 അധ്യായനവർഷത്തെ അധ്യാപകരുടെ തസ്തിക നിലനിർത്തും. എയ്ഡഡ് സ്കൂൾ അധ്യാപകരെ ഇനി മുതൽ സർക്കാരിന്റെ അംഗീകാരം നേടിയ ശേഷം മാത്രമേ നിയമിക്കാനാവൂ.



## കാർഷികമേഖല

കുട്ടനാട്ടിൽ നെൽ സംഭരിച്ചവരുടെ കുടിശിക തീർക്കാൻ 50 കോടിയിലധികം രൂപ അധികമായി അനുവദിക്കുകയും വിതരണം നടത്തുകയും ചെയ്തു. കൊയ്ത്തു മെതിയന്ത്രങ്ങൾ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചു. കാട്ടുപന്നികളിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനു ആവശ്യമായ തീരുമാനം എടുത്തു. കാട്ടാനകളുടെ ശല്യം ഉള്ളിടത്ത് ഫോറസ്റ്റ് റാപ്പിഡ് ആക്ഷൻ ഫോഴ്സ് അഞ്ച് യൂണിറ്റ് വിന്യസിച്ചു.

### പാവപ്പെട്ടവരിലേക്ക്

ആശ്രയ പദ്ധതി നടപ്പാക്കാതിരുന്ന 138 തദ്ദേശ സ്ഥാപനങ്ങളിൽ 75 എണ്ണത്തിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. പൂർണമായും തളർന്നുപോയ 4775 പേരെ ആശ്രയ പദ്ധതിയിൽ സംരക്ഷിക്കുന്നു. അരയ്ക്കു താഴെ തളർന്നു പോയവർക്ക് തൊഴിൽ പരിശീലനം നല്കുന്ന നൂതനപദ്ധതിക്ക് ഉടനെ തുടക്കം കുറിക്കും. തദ്ദേശസ്ഥാപനങ്ങളിൽ മത്സരിക്കാൻ ജോലി രാജിവച്ച അങ്കൺവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർനിയമനം നല്കുന്നതിനുള്ള ഫയൽ മുഖ്യമന്ത്രി ഒപ്പുവച്ചു. ഭാവിയിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കു മത്സരിക്കാൻ അങ്കൺവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ജോലി രാജിവയ്ക്കേണ്ടതില്ല. തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് അവരുടെ കാലാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുവാൻ അവസരം.

## മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഹാജർ കൈക്കൊണ്ട് എഴുതുന്നതിനുപകരം കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്ന ഇ-മസ്റ്റർ റോൾ പദ്ധതി വ്യാപകമാക്കി. എല്ലാ ജില്ലകളിലും ഒരു പഞ്ചായത്തിൽ വീതം സോഷ്യൽ ഓഡിറ്റ് നടന്നു. 153 ബ്ലോക്കിലും ഓരോ പഞ്ചായത്തിൽ ഓഡിറ്റിങ് നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. തൊഴിൽ പ്രശ്നങ്ങളിൽ പരാതിപെടാൻ തൊഴിൽ വകുപ്പ് ഹെൽപ് ലൈൻ ഏർപ്പെടുത്തി. നമ്പർ 155300-3. നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിന് ഈ ലൈൻ ഏറെ സഹായകരമായി.

## ദേശീയ ഗെയിംസ്

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പണിയുടെ പുരോഗതിയും www.35thnationalgames.in വെബ്സൈറ്റിൽ ലഭ്യമാക്കി.

## പി.എസ്.സി ഒഴിവുകൾ

10,343 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു (23-08-2011 വരെ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2011 ഡിസംബർ 31 വരെ നീട്ടി.

## ചുവപ്പു നാടയ്ക്ക് മോചനം

സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന 1,32,868 ഫയലുകൾ 70,080 എണ്ണം തീർപ്പാക്കി (31-08-2011 വരെ). ഡിപ്പാർട്ടുമെന്റുകളിൽ കെട്ടിക്കിടക്കുന്ന 10,01,600 ഫയലുകളിൽ 5,75,866 എണ്ണം തീർപ്പാക്കി (31-08-2011 വരെ) ജില്ലകളിൽ കെട്ടിക്കിടക്കുന്ന 3,74,935 ഫയലുകളിൽ 1,37,978 എണ്ണം തീർത്തു.

## സ്വത്ത് വിവരം ജനപരിശോധനയ്ക്ക്

മുഴുവൻ മന്ത്രിമാരുടെയും സ്വത്തുവിവരം pa.kerala.gov.in എന്ന സൈറ്റിൽ | മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്, അവരുടെ കുടുംബാംഗങ്ങൾ, ഉദ്യോഗസ്ഥർ ഐ.എഫ്.എസ് ഓഫീസർമാർ എന്നിവരുടെ സ്വത്തുവിവരം ഇതേ സൈറ്റിൽ. |അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരുടെ സ്വത്തുവിവരം ipr.ias.nic.in എന്ന സൈറ്റിൽ.

## ശബരിമലയിൽ ശരവേഗം

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. നിലയ്ക്കൽ പാർക്കിങ് ഗ്രൗണ്ട്, രണ്ടു സെക്ടർ ക്യൂ കോംപ്ലക്സുകൾ, കരസേനനിർമിക്കുന്ന ബെയ്‌ലി പാലം എന്നിവ സീസൺ തുടങ്ങുന്നതിനുമുമ്പ് പൂർത്തിയാക്കാൻ നടപടി.



## കേന്ദ്രവുമായി കൈകോർത്ത്

കേന്ദ്രവുമായുള്ള ബന്ധം കൂടുതൽ സുദൃഢമാക്കി കൂടുതൽ പദ്ധതികളും പാക്കേജുകളും നേടിയെടുക്കാനും അതിന്റെ തുടർ നടപടികൾക്കുമായി കേരള ഹൗസ് ആസ്ഥാനമായി മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ നിയമിച്ചു.


## ക്രമസമാധാനപാലനം

ക്രിമിനൽ സ്വഭാവമുള്ള പൊലീസുകാരുടെ ലിസ്റ്റ് തയാറാക്കി. അവരെ സർവീസിൽ നിന്നു മാറ്റിനിർത്തുന്നതിന് നടപടി സ്വീകരിച്ചു. ആറുമാസം കൂടുമ്പോൾ ഇത്തരം കേസുകൾ പരിശോധിച്ച് നടപടി എടുക്കാൻ വകുപ്പുതല സംവിധാനം ഏർപ്പെടുത്തി. ഗുണ്ടാവിരുദ്ധ നിയമം സമഗ്രമായി നടപ്പാക്കാനുള്ള വകുപ്പുതല ശിപാർശകൾ സർക്കാരിന്റെ പരിഗണനയിൽ. ഗുണ്ടാലിസ്റ്റ് തയാറാക്കുകയും 125 പേർക്കെതിരെ വാറന്റ് പുറപ്പെടുവിക്കുകയും ചെയ്തു. 39 പേരെ അറസ്റ്റ് ചെയ്യുകയും 39 പേരെ നാടുകടത്തുകയും ചെയ്തു. ഗുണ്ടകൾ ഉൾപ്പെട്ട കേസുകൾ ഊർജിതമായി അന്വേഷിക്കുന്നു. മിന്നൽപ്പണിമുടക്ക് നേരിടാൻ സ്ഥിരം സംവിധാനം ജില്ലാതലത്തിൽ ഏർപ്പെടുത്തി.



## റോഡ്

റോഡ് സംബന്ധിച്ച പരാതികൾ 1800-425-7771 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാം.



## വേഗതയാർന്ന വികസനം

2012 ൽ കൊച്ചിയിൽ എമേർജിങ് കേരള എന്ന പേരിൽ നിക്ഷേപസംഗമം നടത്തും. വ്യവസായ, ഐ.ടി കരടുനയങ്ങൾ പ്രസിദ്ധീകരിച്ചു. സ്മാർട്ട് സിറ്റി നിർമാണപ്രവർത്തനങ്ങൾക്ക് തുടക്കം. മൂന്നരലക്ഷം ചതുരശ്രമീറ്റർ വിസ്തീർണമുള്ള ആസ്ഥാനമന്ദിരമാണ് നിർമിക്കുന്നത്. ഒരു വർഷത്തെ നിർമാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക വിഹിതം അനുവദിക്കാൻ സ്മാർട്ട് സിറ്റി ഉന്നതാധികാര സമിതി യോഗം തീരുമാനിച്ചു. കൊച്ചി മെട്രോറെയിൽ പദ്ധതി ദ്രുതഗതിയിൽ നടപ്പാക്കുന്നതിന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന് ആദ്യഘട്ടമായി 154 കോടി രൂപ അനുവദിച്ചു. കൊച്ചി ഷിപ്‌യാർഡിനു സമീപം മേൽപ്പാലം പണിയുന്നതിന് സ്ഥലം ഏറ്റെടുക്കാൻ നഗരസഭയ്ക്ക് 48 കോടി രൂപ നല്കി. കൊച്ചി മെട്രോയുടെ സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. വിഴിഞ്ഞം തുറമുഖത്തിനു വേണ്ടിയുള്ള 12 ബിഡുകളിൽ രണ്ടെണ്ണം യോഗ്യമാണെന്നു കണ്ടെത്തുകയും തുടർനടപടികൾ നടന്നുവരുകയും ചെയ്യുന്നു. നടപടികൾ സുതാര്യമാക്കുന്നതിന് www.vizhinjamport.in എന്ന വെബ്സൈറ്റ് തുടങ്ങുകയും എല്ലാ നടപടികളും അതിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്നത്തെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ജയറാം രമേശ് വിഴിഞ്ഞം സന്ദർശിച്ച് പദ്ധതിക്ക് പച്ചക്കൊടി വീശി. പാരിസ്ഥിതിക ആഘാതപഠനത്തിനുള്ള അംഗീകാരത്തിനായി സമർപ്പിച്ച പുതുക്കിയ FORM-1 നും TOR-/pw സൈറ്റ് സ്പെസിഫിക് അംഗീകാരം ലഭിച്ചു. പുതുക്കിയ ബജറ്റിൽ പദ്ധതിക്ക് 150 കോടി രൂപയും പ്ലാനിൽ 30 കോടിയും വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന്റെ റൺവെയുടെ നിർമാണം അടുത്ത വർഷം ആരംഭിക്കും. ഇനി ആവശ്യമുള്ള 783 ഏക്കർ ഏറ്റെടുക്കാൻ നോട്ടിഫിക്കേഷൻ നല്കി. സിയാൽ (കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) മാതൃകയിലാണ് കിയാൽ (കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) നിർമിക്കുന്നത്. 1,130 കോടി രൂപയുടെ പദ്ധതിയിൽ 26% ഓഹരി സംസ്ഥാന സർക്കാരിന്റെയും 25% പൊതുമേഖലാ സ്ഥാപനങ്ങളുടെയും 49% സ്വകാര്യമേഖലയുടെയും ആയിരിക്കും.

## കേരള ലോട്ടറിക്ക് ഐശ്വര്യം

ആദ്യ സമ്മേളനത്തിൽ തന്നെ കേരള പേപ്പർ ലോട്ടറീസ് (ഭേദഗതി) ആക്ട് 2011 പാസാക്കി. അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. ഡൽഹി സ്പെഷ്യൽ പൊലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സംസ്ഥാന സർക്കാർ സമഗ്രമായ തുടർ വിജ്ഞാപനം പുറപ്പെടുവിച്ചതോടെ ലോട്ടറി കേസ് അന്വേഷണം സിബിഐ ഏറ്റെടുത്തു. 2004 മുതൽ ലോട്ടറി കേസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുന്നതാണ് തുടർ വിജ്ഞാപനം. ഒരു വർഷം മുമ്പ് നിന്നുപോയ പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിച്ചു. മാരകരോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള കാരുണ്യ ലോട്ടറിക്ക് തുടക്കമായി. ഒരു കോടി രൂപയാണ് സമ്മാനതുക. പ്രതീക്ഷ, വിൻവിൻ, അക്ഷയ, ഭാഗ്യനിധി, പൗർണമി, ധന്യശ്രീ തുടങ്ങിയവയാണ് മറ്റ് ഭാഗ്യക്കുറികൾ.



## മാലിന്യ വിമുക്ത കേരളം

ഫലപ്രദമായ കോയമ്പത്തൂർ മോഡൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് കോയമ്പത്തൂർ കോർപ്പറേഷനുമായി ചർച്ച ചെയ്യും. തിരുവനന്തപുരത്ത് വിളപ്പിൽശാല, തൃശൂരിൽ ലാലൂർ, എറണാകുളത്ത് ബ്രഹ്മപുരം എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ മാലിന്യപ്രശ്നത്തിൽ മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തി.

## നടപ്പാക്കാനായില്ല

സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാഫീസ് മണിയോർഡറായി സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഇത് ക്രമക്കേടുകൾക്കു വഴിയൊരുക്കുമെന്നാണ് ധനവകുപ്പിന്റെ അഭിപ്രായം.

കൊല്ലം, തൃശൂർ, കോഴിക്കോട് വികസന അതോറിറ്റി.

ഉന്നത് പ്രൊഫഷണൽ സ്വാശ്രയ കോളജുകൾക്ക് എൻ.ഒ.സി.

സർവകലാശാല നിയമനങ്ങൾ പി.എസ്.സിക്ക്.

വിപുലമായ ആരോഗ്യ സുരക്ഷാ ഇൻഷ്യുറൻസ് പ്രാഥമികാവശ്യത്തിന് ബജറ്റിൽ 30 കോടി വകയിരുത്തി. ഒരു വർഷ പരിപാടിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

# നൂറുദിനങ്ങൾക്കുമപ്പുറം...

**നൂറുദിന കർമപരിപാടിയിൽ പ്രഖ്യാപിക്കാത്തതും എന്നാൽ ഓരോ കാലയളവിൽ നടപ്പിലാക്കിയതുമായ പദ്ധതികൾ**

## പ്രിയപ്പെട്ട മലയാളം

സംസ്ഥാനത്തെ സ്കൂളുകളിൽ ഈ വർഷം തന്നെ മലയാളം ഒന്നാം ഭാഷയാക്കി ഉത്തരവായി. സ്കൂളുകളിൽ പത്താം ക്ലാസുവരെ മലയാളം ഒന്നാം ഭാഷയായിരിക്കും. കന്നട, തമിഴ് മാതൃഭാഷയായുള്ള ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി പഠിക്കാം. അവർ രണ്ടാം ഭാഷയായി മലയാളം പഠിക്കണം. ഓറിയന്റൽ സ്കൂളുകളിലും ഈ സംവിധാനം തുടങ്ങും. മലയാളം സർവകലാശാല ആരംഭിക്കാൻ തീരുമാനിച്ചു. മലയാളത്തിനു ശ്രേഷ്ഠപദവി ലഭിക്കാനുള്ള ശ്രമം നടത്തിവരുന്നു.




## കർഷകർക്ക് പൊൻകണി

ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരും 60 വയസ് കഴിഞ്ഞവരുമായ കർഷകർക്ക് പ്രതിമാസം 300 രൂപ പെൻഷൻ അനുവദിച്ചു. ലക്ഷക്കണക്കിനു കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. നെല്ലിന്റെ സംഭരണ വില 15 രൂപയായി ഉയർത്തി.

## സേവനാവകാശ നിയമം മറ്റൊരു വിപ്ലവം

സർക്കാരിൽ നിന്നു ജനങ്ങൾക്കു ലഭിക്കേണ്ട സേവനം സമയബന്ധിതമായി ലഭിക്കേണ്ടത് പൗരന്റെ അവകാശമാക്കുന്നതിന് സേവന അവകാശ നിയമത്തിന്റെ കരടു ബിൽ മന്ത്രിസഭ അംഗീകരിച്ചു. ജനങ്ങൾക്ക് നിർദിഷ്ട സമയത്ത് സേവനം ലഭിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളാകും.

## ആദിവാസികൾക്ക് സർക്കാർ കോളജ്

അട്ടപ്പാടിയിലെ ആദിവാസി വിദ്യാർഥികളുടെ ഉന്നതവിദ്യാഭ്യാസത്തിന് ഗവൺമെന്റ് കോളജ് അനുവദിച്ചു. അടുത്ത അധ്യയന വർഷം പ്രവർത്തനം ആരംഭിക്കും.

## നിയമത്തിന്റെ ബുൾഡോസർ

മൂന്നാർ-വാഗമൺ മേഖലകളിൽ 1582 ഏക്കർ കൈയേറ്റഭൂമി ഒഴിപ്പിച്ചു. ഒഴിപ്പിക്കലിന്റെ രണ്ടാംഘട്ടം ഉടൻ ആരംഭിക്കും. വിവിധ കോടതികളിലെ കേസുകൾ പരിഹരിച്ച് സ്ഥലം തിരിച്ചു പിടിക്കുന്നതാണ് അടുത്ത ഘട്ടം. 42 കേസുകൾ ഹൈക്കോടതിയിലും 15 കേസുകൾ മറ്റു കോടതികളിലുമുണ്ട്. ഒഴിപ്പിച്ച സ്ഥലം ഓരോ റവന്യൂ ഇൻസ്പെക്ടർമാരുടെ കീഴിലാക്കി.

## സ്ത്രീകൾക്കു പരിരക്ഷ

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി. ഇത് സംബന്ധിച്ച നയം രൂപീകരിക്കാൻ സുഗതകുമാരി അധ്യക്ഷയായ സമിതി രൂപീകരിച്ചു. മല്ലിക സാരാഭായി, സുനിത കൃഷ്ണൻ, ലിഡ ജേക്കബ് എന്നിവർ അംഗങ്ങളാണ്.

## പദ്ധതി വിഹിതത്തിൽ കുതിപ്പ്

2011-12 വർഷത്തേക്കുള്ള കേരളത്തിന്റെ പദ്ധതി വിഹിതം 12,010 കോടി രൂപ. മുൻവർഷത്തെക്കാൾ 20% വർധന.

## കൂറുമാറിയാൽ കുടുങ്ങും

തദ്ദേശസ്ഥാപനങ്ങളിലെ കൂറുമാറ്റ നിയമം കർക്കശമാക്കാൻ ഓർഡിനൻസ്. ചിഹ്നം അനുവദിക്കുന്ന പാർട്ടിയാണു വിപ്പ് പുറപ്പെടുവിക്കേണ്ടത് എന്നതാണ് ഇതിലെ പ്രധാന മാറ്റം. ഒരു പാർട്ടിയിൽ നിന്നും വിജയിച്ചവർ പാർട്ടിയെ മറികടന്ന് നിലപാടെടുക്കുന്നതു തടയാൻ പുതിയ ഓർഡിനൻസിനു കഴിയും.

## പിന്നാക്ക ക്ഷേമ വകുപ്പ്

സംസ്ഥാനത്ത് പിന്നാക്ക ക്ഷേമവകുപ്പും പിന്നാക്ക ക്ഷേമ ഡയറക്ടറേറ്റും രൂപീകരിക്കും. ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികജാതി വകുപ്പ് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തി. പട്ടിക ജാതിക്കാർക്കു നല്കിയ ഭവനനിർമാണ തുക ഒരു ലക്ഷത്തിൽ നിന്ന് രണ്ടു ലക്ഷമായും പട്ടികവർഗക്കാർക്ക് നല്കിയിരുന്ന തുക ഒന്നര ലക്ഷത്തിൽ നിന്ന് രണ്ടര ലക്ഷമായും വർധിപ്പിച്ചു.



## ചരിത്രമുറങ്ങുന്ന ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം നമ്മുടെ മഹത്തായ പാരമ്പര്യത്തിലെ തിളക്കമുള്ള കണ്ണിയാണ്. അതിനെ സംരക്ഷിക്കാനുള്ള ബാധ്യത സർക്കാരിനുണ്ട്. അതിന്റെ ഭാഗമായി ക്ഷേത്ര സുരക്ഷയ്ക്ക് 233 പൊലീസ് ഉദ്യോഗസ്ഥരെ സ്ഥിരമായി നിയമിച്ചു. ക്ഷേത്രത്തിനകത്ത് ക്ലോസ്ഡ് സർക്ക്യൂട്ട് റ്റി.വി. ക്യാമറകളും കൺട്രോൾ റൂമും സ്ഥാപിക്കാൻ 1.24 കോടി രൂപയുടെ ഭരണാനുമതി. 52 സി സി റ്റി വി ക്യാമറകളാണ് സ്ഥാപിക്കുന്നത്.

## സൗജന്യ സൈക്കിൾ

പട്ടികജാതി വിദ്യാർഥികൾക്ക് സൗജന്യമായി 55,000 സൈക്കിൾ നല്കാനുള്ള പദ്ധതിയുടെ ടെണ്ടർ നടപടി അവസാന ഘട്ടത്തിലാണ്. ഇതിന് 13 കോടി രൂപ അനുവദിച്ചു.

## റോഡുകൾ

പൊതുമരാമത്ത് വകുപ്പിൽനിന്ന് ജില്ലാ പഞ്ചായത്തിന് കൊടുത്ത 8517 കി.മീ. റോഡ് തിരിച്ചെടുത്തു. ദേശീയ പാതയിൽ ടെണ്ടർ ചെയ്തിട്ടുള്ള 20.69 കോടി രൂപയ്ക്ക് ഭരണാനുമതി നല്കും. തിരുവനന്തപുരം, കൊച്ചി നഗരസഭകളുടെ പരിധിയിൽ വരുന്ന റോഡുകൾ അറ്റകുറ്റപ്പണി ചെയ്യാൻ 74.4 കോടി നല്കും. സംസ്ഥാനത്ത് മഴക്കാലത്ത് തകർന്ന റോഡുകൾ നന്നാക്കാൻ ആയിരം കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

## വിജിലൻസ് അന്വേഷണങ്ങൾ

അഴിമതിക്കെതിരേയുള്ള ശക്തമായ പോരാട്ടത്തിന്റെ ഭാഗമായി 17 ആരോപണങ്ങൾ വിജിലൻസ് അന്വേഷണത്തിനു വിട്ടു.

## വയനാടിന് 1532 കോടിയുടെ മെഗാ പദ്ധതി

വയനാട്ടിലെ ആദിവാസികളുടെ വികസനവും പുനരധിവാസവും ജില്ലയുടെ പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിട്ട് 1532 കോടി രൂപയുടെ ജാപ്പനീസ് സഹായത്തിന് കേന്ദ്രസർക്കാരിന്റെ പച്ചക്കൊടി. കേന്ദ്രധനവകുപ്പിന്റെ അനുമതികൂടി ലഭിച്ചാൽ പദ്ധതിക്കു തുടക്കം കുറിക്കും.

## ബധിര-മൂക കുരുന്നുകൾക്കൊപ്പം

ബധിരരും-മൂകരുമായ കുഞ്ഞുങ്ങൾക്ക് ഓപ്പറേഷനിലൂടെ സംസാരശേഷിയും കേൾവി ശക്തിയും ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ അഞ്ചു ലക്ഷം രൂപ വീതം അനുവദിക്കും. മൂന്നു വയസിൽ താഴെയുള്ള കുഞ്ഞുങ്ങളിൽ ചെയ്യുന്ന ഓപ്പറേഷൻ വിജയിക്കാനുള്ള സാധ്യത കൂടുതലായ തുകൊണ്ട് അവർക്കാണു തുക അനുവദിക്കുന്നത്.



## ന്യൂനപക്ഷ സംരക്ഷണം

മദ്രസ അധ്യാപക ക്ഷേമനിധി പലിശരഹിതമാക്കി. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു.

## കുറ്റവാളികളെ പിടിച്ചാൽ 5000 രൂപ

കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്നവർക്ക് 5000 രൂപ പാരിതോഷികം നല്കുന്ന പദ്ധതി നടപ്പാക്കി.

## പട്ടയമേള

പട്ടയ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്തു നടന്നു. 1114 പേർക്ക് പട്ടയവും 1798 പേർക്ക് വനാവകാശ രേഖയും നല്കി. തുടർ ദിവസങ്ങളിൽ മറ്റു ജില്ലകളിൽ പട്ടയമേള നടത്തുന്നതാണ്.

## പ്രവാസി സേവനങ്ങൾ ഒരു കുടക്കീഴിൽ

പ്രവാസി മലയാളികളുടെ ചിരകാലാഭിലാഷമായ നോർക്ക സെന്റർ തിരുവനന്തപുരത്ത് കൂടുതൽ വിപുലമായ സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ചു. പ്രവാസി മലയാളികൾക്കു വേണ്ടിയുള്ള സാന്ത്വന പദ്ധതി, കാരുണ്യം പദ്ധതി, ജോബ് പോർട്ടൽ, വിദേശത്തേക്കു റിക്രൂട്ട്മെന്റ്, തൊഴിൽ വൈദഗ്ധ്യ പരിശീലനം, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ, പ്രവാസി തിരിച്ചറിയൽ കാർഡ് തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. 60 വയസ് കഴിഞ്ഞവരും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുമായ പ്രവാസികൾക്ക് പ്രവാസി ക്ഷേമ നിധിയിൽനിന്ന് പെൻഷൻ നല്കും.

## വയനാട്ടിലെ കാപ്പി കർഷകർ

കാപ്പി കർഷകരുടെ സഹായത്തിന് സഹകരണ സംഘങ്ങളും ബാങ്കുകളും വഴി കേന്ദ്ര സർക്കാർ നല്കുന്ന കാപ്പി കടാശ്വാസ പാക്കേജ് വയനാട് ജില്ലയിൽ നടപ്പാക്കും. ഇതിന് സഹകരണ വകുപ്പിന് 10.78 കോടി രൂപ അനുവദിച്ചു.

## നെൽവയൽ നമ്മുടെ സ്വന്തം

നെൽവയൽ നീർത്തട സംരക്ഷണ ഭേദഗതി ബിൽ നിയമസഭ പാസാക്കി. മുൻ സർക്കാർ പാസാക്കിയ ഓർഡിനൻസ് ഭേദഗതികളോടെയാണ് സഭ പാസാക്കിയത്. നിയമം നടപ്പിലാക്കേണ്ട അധികാരം വില്ലേജ് ഓഫീസർ മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്കു നൽകുന്നതാണു പുതിയ ഭേദഗതി. നെൽവയൽ നികത്താനും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും പിടിച്ചെടുക്കാനുള്ള അധികാരം വില്ലേജ് ഓഫീസർ മുതലുള്ളവർക്കു ലഭിച്ചിരിക്കുകയാണ്.

## മൂന്നു ജലവൈദ്യുത പദ്ധതികൾ

പത്തനംതിട്ട ജില്ലയിലെ പെരുന്തേനരുവി, തൃശൂർ ജില്ലയിലെ ചിമ്മിനി, പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമാണ പ്രവർത്തനം തുടങ്ങി.

## നിയമം തെറ്റിച്ചാൽ ക്യാമറയിൽ കുടുങ്ങും

തിരുവനന്തപുരം നഗരത്തിലെ മൂന്നു പ്രധാന കവലകളിൽ ആധുനിക സാങ്കേതി കവിദ്യ ഉപയോഗിച്ചുള്ള ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവരുടെ ഫോട്ടോ എടുക്കുകയും അവരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യും. കൊച്ചി, കോഴി ക്കോട് നഗരങ്ങളിലും ഈ പദ്ധതി ഉടനെ നടപ്പാക്കും.



## തുരുമ്പിച്ച വാഹനങ്ങൾ ഖജനാവിന് മുതൽക്കൂട്ട്

പൊലീസ് പിടിച്ചെടുത്തതും കേസിൽ ഉൾപ്പെട്ടതുമായ 3164 വാഹനങ്ങൾ രണ്ടു മാസം കൊണ്ട് വിറ്റ് 2.07 കോടി രൂപ സമാ ഹരിച്ചു.

## കോഴിക്കോട്-തിരുവനന്ത പുരം ഒരു മണിക്കൂർ

കോഴിക്കോട്-കൊച്ചി-തിരുവന ന്തപുരം റൂട്ടിൽ എയർ ഇന്ത്യയുടെ ചെലവുകുറഞ്ഞ വിമാന സർവീസ് തുടങ്ങി. എയർ ഇന്ത്യയ്ക്ക് സംസ്ഥാന സർക്കാർ ഇന്ധന നികുതി ഇളവ് നല്കിയ തിനെ തുടർന്നാണിത്.

## പരമാവധി കുട്ടികൾ പഠിക്കട്ടെ

സംസ്ഥാനത്ത് 550 ഓളം പ്ലസ് ടു ബാച്ചുകൾ കൂടി അനുവദിച്ചു. കൊല്ലം, ഇടുക്കി, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നി ങ്ങനെ എട്ട് ജില്ലകളിലാണ് ബാച്ചുകൾ അനുവദിച്ചത്. പ്ലസ് ടുവിന് 20% സീറ്റ് എല്ലാ സർക്കാർ സ്വകാര്യ സ്കൂളുകളിലും വർധിപ്പിച്ചു.

## തദ്ദേശസ്ഥാപനങ്ങൾക്ക് വൻ പദ്ധതി

തദ്ദേശ സ്ഥാപനങ്ങളിലെ സേവന ങ്ങളും ഭരണവും മെച്ചപ്പെടുത്താൻ 1097 കോടിയുടെ വൻ പദ്ധതി നടപ്പാക്കുന്നു. ലോകബാങ്കിൽ നിന്നു ലഭിക്കുന്ന പണം പഞ്ചായത്തുകൾക്കു ഗ്രാന്റായി നല്കും. സംസ്ഥാന സർക്കാർ 30 വർഷം കൊണ്ട് തിരിച്ചടയ്ക്കും.


## കായലുകളെ കാത്തു സൂക്ഷിക്കാം

വേമ്പനാട്, ശാസ്താംകോട്ട കായലുകളുടെ ജൈവ വ്യവസ്ഥ പുനരുദ്ധരി ക്കാൻ യഥാക്രമം പത്തു കോടിയും അഞ്ചുകോ ടിയും കേന്ദ്രസഹായ മായി ലഭിച്ചു. വേമ്പ നാട്ട് കായലിന് 90 കോടി രൂപയുടെ സഹായം കേന്ദ്രം പ്രഖ്യാപിച്ചു. അഷ്ടമുടി ക്കായലിനെ മാലിന്യമുക്ത മാക്കാൻ 100 കോടിയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരിക്കുക യാണ്.



## തലസ്ഥാനത്ത് മോണോറെയിൽ

തലസ്ഥാന നഗര ത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കാൻ മോണോറെയിൽ നട പ്പാക്കുന്നതിന്റെ സാധ്യത പഠിക്കാൻ നാറ്റ്പാക്കിനെ ചുമത ലപ്പെടുത്തി. കഴക്കൂട്ടം മുതൽ ബാലരാമപുരം വരെ 28 കി.മീ നടപ്പാ ക്കാനാണു ലക്ഷ്യമിടു ന്നത്. മെട്രോ റെയിലു മായി താരതമ്യപ്പെടു ത്തുമ്പോൾ ചെലവു കുറഞ്ഞതാണു മോണോറെയിൽ.



## ആധുനിക റോഡുകൾ

സംസ്ഥാനത്തെ ആയിരം കി.മീ. റോഡുകളെ എഡിബി സഹായത്തോടെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 5100 കോടിയുടെ പദ്ധതി ആവിഷ്കരിച്ചു. ഇതിനുവേണ്ടി സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീ കരിച്ചു.

## കറന്റ് പോയാൽ

വൈദ്യുതി തകരാറുണ്ടായാൽ എസ്. എം.എസ്. വഴി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം തയാർ. പരാതി പരിഹരിച്ചി ല്ലെങ്കിൽ 155333 എന്ന ടോൾ ഫ്രീ നമ്പ റിൽ വിളിക്കാം.

## വില്ലേജ് ഓഫീസുകൾ ഓൺലൈനിൽ

വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കാനും മറുപടി ലഭി ക്കാനുമുള്ള സംവിധാനം ആരംഭിച്ചു. ഇത് മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കും.

## ബയോടെക്നോളജിക്ക് കുതിപ്പ്

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ രണ്ടാം കാമ്പസിന് ആക്കുളത്തിനു സമീപം ചെറുവയ്ക്കലിൽ 20 ഏക്കർ സ്ഥലം 30 വർഷത്തേയ്ക്ക് പാട്ട ത്തിനു നല്കും. ജഗതിയിൽ ഇപ്പോഴുള്ള സെന്ററും ആസ്ഥാനവും അതേപടി തുട രും. ആക്കുളത്ത് ആയിരം കോടി രൂപയുടെ ബയോടെക്നോളജി വ്യവസായ സംരംഭ ങ്ങളാണു പ്രതീക്ഷിക്കുന്നത്. ഇസ്രോയുടെ ദക്ഷിണേന്ത്യൻ കേന്ദ്രത്തിന് നെടുമങ്ങാട്ട് 20 ഏക്കറും തിരുവനന്തപുരം സെന്ററിന് നഗരത്തിൽ ഒരേക്കറും സ്ഥലം അനുവ ദിച്ചു.

## പ്രസിഡന്റിനു സിം കാർഡ്

എല്ലാ പഞ്ചായത്തു പ്രസിഡന്റു മാർക്കും സെക്രട്ടറിമാർക്കും സൗജന്യ മൊബൈൽ സിം കാർഡ് നല്കി ■

ബാലചന്ദ്രൻ വടക്കേടത്ത്



# നൂറുദിനം : മാറ്റത്തിന്റെ ഇടപെടലുകൾ

സമൂഹത്തിലെ വൈരുദ്ധ്യങ്ങളെ പരിഹരിക്കുന്നതിനുള്ള സൂക്ഷ്മാന്വേഷണമാണ് ജനാധിപത്യം. അത് ഒരു കർമ രീതിയാണ്. അതംഗീകരിക്കുന്ന ഒരു ഭരണകൂടം ജനങ്ങളെ വിശ്വാസത്തിലെടുക്കുന്നു. ജനകീയവിശ്വാസമില്ലാതെ സമൂഹത്തിൽ രൂപപ്പെടുന്ന ചെറുതും വലുതമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക പ്രയാസമാണ്. എന്നിട്ടും ആ പ്രശ്നങ്ങളിൽ ശാശ്വതമായ പരിഹാരം നിർദേശിക്കാൻ ജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞിരിക്കുന്നു. അതിന്റെ ആദ്യാനുഭവം കഴിഞ്ഞ നൂറുദിവസത്തിനുള്ളിൽ ജനങ്ങളുമായി പങ്കുവെച്ചിരിക്കുന്നു.

അതിന്റെ സാമൂഹ്യവും സാംസ്കാരികവുമായ പരിപ്രേക്ഷ്യം എന്താണ് എന്ന് പരിശോധിക്കുകയാണിവിടെ. വൈരുദ്ധ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുക, സമൂഹത്തിന്റെ ഒരു പ്രത്യേകതയായി മനസ്സിലാക്കലാണ് ജനാധിപത്യവ്യവസ്ഥയിൽ ആദ്യമായി വേണ്ടത്. ഈ മനസ്സിലാക്കൽ നഷ്ടപ്പെടുത്തിയ ഒരു സർക്കാരായിരുന്നു വി.എസ്. അച്യുതാനന്ദൻ നേതൃത്വം നൽകിയ ഇടതുപക്ഷ സർക്കാർ. അക്കാലത്ത് നമ്മുടെ സമൂഹത്തിൽ ജനാധിപത്യപരമായ മനോഭാവത്തിന്റെ ഒരു ശൂന്യത പ്രകടമായിരുന്നു. പ്രശ്നങ്ങളോടുള്ള നിസ്സംഗതയും ജനങ്ങളുയർത്തുന്ന ആവശ്യങ്ങളിലെ ഉപേക്ഷയും സാമൂഹികമായ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തിയതായി കാണാം. അതിനാൽ തീർച്ചയായും ഒരു വീണ്ടെടുപ്പ് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിന് ആവശ്യമായി വരുന്നു. യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമപരിപാടി അതിനൊരു പരിഹാരമായി എന്ന് ബോധ്യപ്പെടുകയാണ്.

പരിഹരിക്കാതെ കിടന്ന ഒട്ടനവധി പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടായിരുന്നു. ഭാഷാപ്രശ്നം മൂലമ്പിള്ളി-ചെങ്ങറ സമരങ്ങൾ, വ്യാവസായിക രംഗത്തെ മാന്ദ്യം, സാംസ്കാരിക രംഗത്തെ മലിനീകരണം, ഭരണ രംഗത്തെ സുതാര്യമില്ലായ്മ, അധ്യാപക -വിദ്യാർഥി പ്രശ്നങ്ങൾ, കാർഷിക രംഗത്തെ തൊഴിലധികാരങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവയാണ്. ഉമ്മൻചാണ്ടി സർക്കാരിന് ഇതെല്ലാം പരിഹരിക്കാനാവുമോ എന്ന് നമ്മുടെ രാഷ്ട്രീയ ചിന്തകന്മാർ വല്ലാതെ സംശയിച്ചിരുന്നു. എന്നാൽ വ്യക്തമായ ചില നിർദേശങ്ങൾ നൽകാൻ പുതിയ സർക്കാരിന് സാധ്യമായതാണ് ജനകീയ ശ്രദ്ധ യർഹിക്കുന്ന പ്രധാന വിഷയം. വ്യക്തമായ ജനാധിപത്യവീക്ഷണവും കരുതലോടെയുള്ള നടപടികളും ഉണ്ടെങ്കിൽ ഏത് സങ്കീർണമായ കാര്യങ്ങളിലും ഒരു തീർപ്പിലെത്താൻ സാധിക്കുമെന്ന് കർമപരിപാടിയുടെ വിജയം തെളിയിക്കുന്നു.

സാമൂഹിക പ്രശ്നങ്ങളുടെ സങ്കീർണമായ വശങ്ങൾ യുക്തിപരമായി പരിഹരിക്കുക എളുപ്പമല്ല എന്ന് എല്ലാവർക്കും അറിയാം. മൂലമ്പള്ളിയിലെ കുടിയൊഴിപ്പിക്കപ്പെട്ടവർ ഉന്നയിച്ച ആവശ്യങ്ങളും ചെങ്ങറയിലെ ദളിതർ ഉയർത്തിയ ഭൂമിപ്രശ്നവും വലിയ തലവേദനയായി മാറിയിരുന്നു. ഇടതുപക്ഷ ഭരണകാത്ത് അത് പരിഹരിക്കപ്പെട്ടതുമില്ല. എന്നാൽ കർമപരിപാടി പ്രഖ്യാപിച്ച് അധികദിവസം കഴിയുന്നതിന് മുമ്പുതന്നെ ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്താൻ ജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞു. ബംഗാൾ എഴുത്തുകാരി മഹാശ്വേതാദേവി ഉൾപ്പെടെ ജനാധിപത്യചേരിയിലുള്ള എഴുത്തുകാരും സാംസ്കാരിക പ്രവർത്തകും മൂലമ്പള്ളിയിലെ ജനകീയപ്രശ്നത്തെ വി.എസ്. കൈകാര്യം ചെയ്ത രീതിയെ വിമർശിച്ചിരുന്നു. ഇടതുപക്ഷ ബുദ്ധിജീവികളാകട്ടെ ഇക്കാര്യത്തിൽ മൗനം അവലംബിക്കു



കയാണ് ചെയ്തത്. എന്നാൽ അവരുമായി ചർച്ച ചെയ്യാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനും മനസ്സിലാക്കാനും ഇന്നത്തെ സർക്കാർ തയ്യാറായി. അവരുടെ ആവശ്യങ്ങൾ മിക്കവാറും അംഗീകരിച്ചുകൊണ്ട് മൂലമ്പള്ളി പ്രശ്നം ഒത്തുതീർപ്പിലെത്തി. ഈ വിജയം ജനാധിപത്യപരമായ കാഴ്ചപ്പാടിന്റേതാണ്. ഇടതുപക്ഷ ഭരണകാലത്ത് നഷ്ടപ്പെട്ട ജനാധിപത്യബോധം തിരിച്ചുവരുന്നതാണ് നാം കാണുന്നത്. അതുപോലെ ചെങ്ങറയിലെ ആദിവാസികളുടെ പ്രശ്നവും പരിഹരിക്കപ്പെട്ടു. അട്ടപ്പാടിയിലെ ആദിവാസികൾക്ക് അവർക്കവകാശപ്പെട്ട ഭൂമി തിരിച്ചുനൽകാമെന്ന ഉറപ്പ് ഇതിനകം നൽകിക്കഴിഞ്ഞു.

സ്വതന്ത്രമായ ആശയവിനിമയത്തിലൂടെ അതിരുവൽക്കരിക്കപ്പെട്ട ജനതയുടെ അവകാശങ്ങൾ പൂർണമായും അംഗീകരിക്കാൻ കഴിയുമെന്ന് തെളിഞ്ഞിരിക്കുന്നു. മാത്രമല്ല ഏതു സമൂഹവും ആരും കേരളത്തിലെ ജനാധിപത്യസർക്കാരിന് ശത്രുക്കളല്ല എന്നും ആ സംഭാഷണം വ്യക്തമാക്കുന്നു. അതിലൂടെ ഒരു സർക്കാരിനുവേണ്ട ജനാധിപത്യമര്യാദ ഉറപ്പാക്കപ്പെട്ടിരിക്കുന്നു. ഇടതുപക്ഷം അധികാരത്തിലുണ്ടായിരുന്നപ്പോൾ സമരം ചെയ്തിരുന്ന ദളിതരുമായോ, ആദിവാസികളുമായോ മറ്റു വിഭാഗക്കാരുമായോ സംസാരിക്കാൻ പോലും തയ്യാറല്ലായിരുന്നു. അക്കാലത്ത് സമരങ്ങൾ അടിച്ചമർത്തപ്പെടുന്ന രീതിയാണ് ഉണ്ടായിരുന്നത്. എന്നാൽ സാധാരണക്കാരുമായും പാവപ്പെട്ടവരുമായും ആശയവിനിമയത്തിനുള്ള സന്ദർഭം ഒരുക്കാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് കഴിഞ്ഞത് ശുഭോദാർക്കമായ കാര്യമാണ്.

ഭരണരംഗത്ത് വേണ്ടത് പ്രായോഗിക നിലപാടുകളാണ്. പ്രായോഗികതയ്ക്ക് ഊന്നൽ നൽകിയുള്ള കർമപരിപാടി ആവിഷ്ക്കരിച്ചതിലൂടെ സാമൂഹ്യമായ മറ്റു ചില നേട്ടങ്ങൾകൂടി കൈവരിക്കാൻ കഴിഞ്ഞു. മലയാളം ഒന്നാം ഭാഷയായി അംഗീകരിക്കണമെന്ന ആശയം തുടക്കത്തിൽതന്നെ സർക്കാർ അംഗീകരിച്ചിരുന്നു. അത് നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ചില കേന്ദ്രങ്ങളിൽ നിന്ന് എതിർപ്പുകളുമുണ്ടായി. ഭംഗിയായി ആ എതിർപ്പുകളെ മറികടന്നുകൊണ്ടാണ് മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ചത്. അത് വലിയൊരു നേട്ടമാണ്. കേരളീയന്റെ സ്വന്തം ഭാഷയെ തിരിച്ചെടുക്കാനുള്ള ശ്രമത്തെ നമുക്ക് അംഗീകരിക്കാതെ വയ്യ. വിദ്യാഭ്യാസരംഗത്ത് നിലനിന്നിരുന്ന അധ്യാപകരുടെ പ്രൊട്ടക്ഷൻ, വിദ്യാഭ്യാസ രീതിയിലെ വ്യതിയാനങ്ങൾ, മാനേജ്മെന്റ് ഉയർത്തുന്ന വെല്ലുവിളികൾ എല്ലാം വിദ്യാഭ്യാസ മേലയെ ഒരു തർക്ക ഭൂമിയാക്കി മാറ്റി. ഈ സാഹചര്യത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തി കൊണ്ട് വ്യത്യസ്തമായ പരിഷ്കാര നിർദേശങ്ങളിലൂടെ ശാന്തത കൈവരിച്ചിരിക്കുന്നു. അധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തിക്കഴിഞ്ഞു. ഭാവിയിൽ അധ്യാപകർ കുട്ടികളെ അന്വേഷിച്ച് വീടുവീടാന്തരം അലയുന്ന രംഗം ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കാം. അതായത് 'അധ്യാപക' പാക്കേജ് ദേശീയ വിദ്യാഭ്യാസനയത്തിന് വേണ്ടിയുള്ള അടിത്തറ രൂപപ്പെടുത്താൻ ഉപയുക്തമാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

കാമ്പസുകളിൽ പുതിയൊരു നീതിബോധം ഉണർന്നുവരിക തന്നെ വേണം. പ്രത്യയശാത്രത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന ചില വിദ്യാർഥി സംഘടനകൾ വിദ്യാർഥികളുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നതിലേക്ക് നീങ്ങുന്നതിന്റെ അനുഭവങ്ങൾ പത്രങ്ങളിലൂടെ നാമറിയുന്നുണ്ട്. കാമ്പസുകളിൽ സ്വതന്ത്രമായി ഇടപെടാനോ, പഠിക്കാനോ ഉള്ള അവകാശംപോലും നിഷേധിക്കപ്പെടുന്നത് ഇന്നൊരു നിത്യസംഭവമാണ്. ഇനിയും കാമ്പസുകൾ ജനാധിപത്യപരമാവേണ്ടതുണ്ടെന്നാണ് ഈ അനുഭവത്തിന്റെ സാരം.

സമൂഹത്തിന്റെ എല്ലാ മേഖലകളിലും ജനാധിപത്യവത്കരണത്തിന് തുടക്കമിടാൻ നൂറുദിവസത്തെ കർമപരിപാടികളിലൂടെ യു.ഡി.എഫ് സർക്കാരിന് സാധ്യമായി എന്നുകാണാം. ജനാധിപത്യമില്ലായ്മയുടെ ദൂഷ്യങ്ങൾ നേരിട്ടത് സാംസ്കാരിക രംഗമാണ് എന്നു ഞാൻ കരുതുന്നു. കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ പാർട്ടി വത്കരിച്ചതിന് ഉദാഹരണങ്ങൾ അനവധിയാണ്. അതിന്റെ പ്രതിസന്ധിയും നിലനിൽക്കുന്നു. സ്ഥാപനങ്ങളിലെ ചില പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ തങ്ങൾക്കിഷ്ടപ്പെട്ട ആളുകളെ സ്ഥിരമായി നിയമിച്ചുകൊണ്ട്, അതിന്റെ സ്വതന്ത്രതയെ നഷ്ടപ്പെടുത്തിയിരുന്നു. ഇടതുപക്ഷ സർക്കാർ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ സ്ഥാനത്തേക്ക് സ്ഥിരം നിയമനം നടത്തിയ കാര്യം നമുക്ക് ഓർമിക്കാം. കേരള കലാമണ്ഡലത്തിൽ ഒരു യൂണിവേഴ്സിറ്റിയിലും ഇല്ലാത്തതുപോലെ രജിസ്ട്രാറെ സ്ഥിരമായി നിയമിച്ചു. തിരൂരിലെ തുഞ്ചൻപറമ്പിൽ നിലവിലുണ്ടായിരുന്ന ജനാധിപത്യത്തെ അട്ടിമറിച്ച് ഏകാധിപത്യ സ്വഭാവമുള്ള ട്രസ്റ്റ് രൂപീകരിച്ചത് ഒരു ഇടതുപക്ഷ സർക്കാരാണ്. ഇവിടെയെല്ലാം ജനാധിപത്യം വീണ്ടെടുക്കേണ്ടതാണ്.



■ **ആർട്ടിസ്റ്റ് കാട്ടൂർ നാരായണപിള്ള**

# അംഗീകരിക്കപ്പെട്ട സംതൃപ്തി

സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ബാധ്യസ്ഥരായിട്ടുള്ളത് നിലവിലിരിക്കുന്ന സർക്കാരാണ്. സംസ്ഥാനത്ത് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള (മന്ത്രിമാരടക്കമുള്ള) സാമാജികർ നിയമസഭ കൂടുമ്പോൾ ഒത്തുചേർന്ന് ആലോചിച്ചുറപ്പാക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുകയാണ് സർക്കാരിന്റെ കടമ. സങ്കീർണമായ പ്രശ്നങ്ങൾ നിറഞ്ഞുനിൽക്കുന്ന സാഹചര്യം ഇരുകൂട്ടരും മനസ്സിലാക്കി, പരിഹാരമാർഗങ്ങൾ നിർദേശിച്ചും നടപ്പാക്കിയും മുന്നോട്ട് പോകുന്ന സർക്കാരിനാണ് സുഗമതയും രമ്യാനുസൃതവുമായ ഭരണവും കാഴ്ച വയ്ക്കുവാൻ സാധിക്കുന്നത്. നിർഭാഗ്യമെന്നു പറയട്ടെ, ഭരണപക്ഷം നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് വിലങ്ങുതടിയായി രാഷ്ട്രീയ പക്ഷപാതപരമായി സ്ഥാനത്തും അസ്ഥാനത്തും വിവാദങ്ങളും ആശയക്കുഴപ്പങ്ങളും (മാധ്യമ സഹായങ്ങളോടെ) പ്രതിപക്ഷം സൃഷ്ടിക്കുന്ന പ്രവണത ഇക്കാലത്ത് ഏത് ഭരണകൂടത്തിനും അഭിമുഖീകരിക്കേണ്ടിവരുന്ന കാഴ്ച പൊതു നിരീക്ഷകർക്ക് സുലഭമാണ്. തറപറ്റിക്കുന്ന വൈരാഗ്യവും പ്രതിയോഗിയെ രാഷ്ട്രീയ വൈരത്താൽ ഉൻമൂലനം ചെയ്യാനുള്ള ഇരുകൂട്ടരുടെയും പ്രവണതയും സമൂഹാഭിവൃദ്ധിയെ സാരമായി ബാധിക്കുന്നുമുണ്ട്. ദീർഘവീക്ഷണത്തോടെയുള്ള പരിപാടികൾ ഭരണപക്ഷത്തിന് ആവിഷ്കരിക്കുവാൻ കഴിയാത്ത സാഹചര്യം എപ്പോഴുമുണ്ട്. പ്രതിപക്ഷത്തിരിക്കുമ്പോൾ നഖശിഖാന്തം എതിർത്തു തോല്പിച്ച അതേ കാര്യങ്ങളെ അവർ ഭരണപക്ഷത്തു വരുമ്പോൾ മുൻഗണന കൊടുത്ത് നടപ്പാക്കുന്ന വൈരുദ്ധ്യങ്ങളും നാം കണ്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽതന്നെയാണ് പുതിയ യു.ഡി.എഫ് ഗവൺമെന്റും നിലനിൽക്കുന്നത്.

2011 മെയ് 18-ന് അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ ജൂൺ ഒന്നിനാണ് 100-ദിന പദ്ധതികൾ പ്രഖ്യാപിച്ചത്. ഇതിലെ 107 ഇനങ്ങളിൽ 101-ഉം നടപ്പാക്കിയെന്നും ചുരുക്കം ചില നടപടികൾ പൂർത്തിയാക്കിയാൽ വാഗ്ദാനം അനുസരിച്ചുള്ള 107-ഉം പൂർത്തിയാകുമെന്നും ഈ സർക്കാർ വിലയിരുത്തുകയും അവകാശപ്പെടുകയും ചെയ്തു സെപ്റ്റംബർ 12-ന് പൂർത്തിയാക്കപ്പെട്ട സംരംഭങ്ങളുടെ പൂർണവിവരങ്ങൾ ജനങ്ങളറിയുവാൻ വിവിധ പ്രിന്റ്-വിഷ്വൽ മാധ്യമങ്ങളിൽ പരസ്യം ചെയ്യുകയും ചെയ്തു. പോരായ്മകൾ നിരത്തുവാൻ കാത്തിരുന്ന പ്രതിപക്ഷനേതാക്കൾ ഒന്നടങ്കം ഈ നൂറുദിന പരിപാടികളുടെ വിജയത്തിനെതിരായി ഒന്നും തന്നെ കാര്യമായി പ്രതികരിച്ചുകണ്ടില്ല എന്നുള്ളത് യു.ഡി.എഫ് ഗവൺമെന്റിന് ഏറെ സംതൃപ്തിക്കു കാരണമായിരിക്കുന്നു. ജനക്ഷേമപ്രവർത്തനങ്ങൾ കാര്യകാരണസഹിതം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നാൽ 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും' എന്ന പൈതൃകസന്ദേശം ഇവിടെ അന്വർഥമാക്കപ്പെട്ട് വിജയിക്കുകയായിരുന്നെന്നു വേണം മനസ്സിലാക്കുവാൻ.

സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ടവർക്കും ഒരുരൂപ നിരക്കിൽ മാസം 25 കിലോ അരി നൽകുക, മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സുതാര്യതയുടെ അവതരണം, അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻകാർഡ് ലഭിക്കുക, ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകൽ നടപടി, അട്ടപ്പാടി പാക്കേജ്, ചെങ്ങറ സമര പരിഹാരം, സ്മാർട്ട് സിറ്റി നിർമാണം, ക്ഷേമനിധി-കർഷക പെൻഷനുകൾ വർധിപ്പിച്ചത്, കൊച്ചി മെട്രോ റെയിൽ നിർമാണം, സേവനാവകാശനിയമത്തിന്റെ പ്രവർത്തനം തുടങ്ങി അതിനുള്ള തുടക്കം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ആരംഭിച്ചു എന്നത് സാംസ്കാരിക കേരളം ശ്രദ്ധയോടെ വീക്ഷിക്കുന്നു. നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളിൽ ജനാധിപത്യം തിരിച്ചുവരികയാണ്.

ജനങ്ങളുടെ വിജയമാണ് ജനാധിപത്യത്തിന്റെയും വികാസം. അനവധി പദ്ധതികൾ ഇതിനകം ആവിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിരുന്നു. ഭരണം സുതാര്യമാവുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് അടഞ്ഞുകിടക്കുന്ന സ്ഥിതി ഇന്നില്ല. ഇരുപത്തിനാലുമണിക്കൂറും ഇന്റർനെറ്റിൽ വെബ്കാസ്റ്റിംഗ് ചെയ്യുന്ന സംവിധാനം നിലവിൽ വന്നുകഴിഞ്ഞു. കഴിഞ്ഞ നൂറു ദിവസത്തിനിടയിൽ തുടക്കമിട്ട പദ്ധതികളെപ്പറ്റി നീട്ടിയെഴുതേണ്ട കാര്യമില്ല. വ്യവസായികരംഗത്ത് മാറ്റങ്ങളുടെ സൂചനകൾ വന്നുകഴിഞ്ഞു. വിഴിഞ്ഞം പദ്ധതി, സ്മാർട്ട് സിറ്റി തുടങ്ങിയ കാര്യങ്ങൾ നമുക്ക് ഉദാഹരിക്കാം. വികസനരംഗത്ത് ഒരു ഗാന്ധിയൻ സമീപനമാർഗം തുറക്കുന്നതിന്റെ സൗന്ദര്യം നമുക്കാസ്വദിക്കാൻ ഇപ്പോൾ കഴിയുന്നു. എന്നാൽ പ്രാദേശിക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ ഉറപ്പുവരുത്തിക്കൊണ്ടുള്ള വൻകിട വ്യവസായസംരംഭങ്ങൾ ഭാവന ചെയ്യാൻ നമുക്ക് കഴിയേണ്ടതാണ്. അടുത്ത പ്രവർത്തനരംഗം ആ മട്ടിൽ വികസിക്കട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു ■

പൊതുജനങ്ങൾക്കുവേണ്ടി ആശ്വാസകരമായ (വർഷങ്ങളായി നടപ്പാകാതെ അവശേഷിച്ച ധാരാളം കാര്യങ്ങൾ) ക്ഷേമപ്രവർത്തനങ്ങൾക്ക് വിജയകരമായ നടപടികൾ ഏവരും അംഗീകരിക്കുന്ന രീതിയിൽ കൊണ്ടുവന്നതിൽ നില വിലിരിക്കുന്ന ഇന്നത്തെ ഗവൺമെന്റിനെ അനുമോദിക്കാതിരിക്കാൻ ആർക്കും കഴിയില്ല. താരതമ്യ പഠനങ്ങൾ നടത്തി, അനുഭവമണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആശാവഹമായ പ്രവർത്തനങ്ങൾ ചെയ്ത് വിജയിപ്പിച്ചത് ബോധ്യമാക്കിയാൽ, അതു പ്രതിപക്ഷവും അംഗീകരിക്കുന്ന രീതിയിൽ എത്തുന്നത് അപൂർവമാണെന്നേ പറയാനാകൂ. ഇതേ തുടർന്ന് ഒരു വർഷത്തെ കർമപരിപാടികൾക്കും, അടുത്ത 20 വർഷക്കാലത്ത് കേരളത്തെ എങ്ങനെ അഭിവൃദ്ധിപ്പെടുത്താമെന്ന് ആവിഷ്കരിക്കുന്ന 'വിഷൻ-2030' പദ്ധതികൾക്ക് തുടക്കമിടുന്നതിനും പ്രചോദനം ലഭിച്ച യു.ഡി.എഫ് ഭരണസംവിധാനം രാജ്യത്തെ ഐശ്വര്യത്തിലേക്കുയർത്തട്ടെ എന്ന് ആശംസിക്കാം.

വിവിധ വികസനാവശ്യങ്ങൾക്ക് ഭൂമിയും വീടും വിട്ടുനൽകുന്നവർക്ക് നീതിയും ന്യായവും അനുസരിച്ചുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കിയതും അഭിനന്ദനമർഹിക്കുന്ന കാര്യം തന്നെ. ഡിവിഷൻ കുറവുമൂലം ജോലി നഷ്ടപ്പെടുമെന്ന ഭീതിയിൽ കഴിയുന്ന അധ്യാപകർക്ക് ആശ്വാസമേകി ജോലി സംരക്ഷണം നൽകുന്ന നടപടികളും ശ്രദ്ധേയമാണ്. വിവാദങ്ങളല്ല മറിച്ച് പ്രവർത്തന ഫലമാണ് ഈ സർക്കാരിന്റെ പ്രതീക്ഷയെന്നും എല്ലാകാര്യങ്ങളിലും സുതാര്യത നിലനിർത്തുക മുഖമുദ്രയാണെന്നും മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് മറ്റ് മന്ത്രിമാരുമായി കൂടിയാലോചിച്ച് കൂട്ടുത്തരവാദിത്തത്തോടെ മുന്നോട്ടുപോകുമെന്നും തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെ ജനങ്ങളുടെ മുന്നിൽ തുറന്നു കാണിക്കുന്നതും കേരള സമൂഹത്തിന് നേട്ടമായി.

എന്റെ ഈ സംക്ഷിപ്ത വിവരണത്തിൽ, മേൽപറഞ്ഞ നേട്ടങ്ങളോടൊപ്പം, സംസ്ഥാന-സാംസ്കാരിക സ്ഥാപനങ്ങളിലെ കമ്മിറ്റി രൂപീകരണം നൂറുദിന പരിപാടികൾക്കൊപ്പം പൂർത്തിയാക്കാൻ സർക്കാരിന് ഇതുവരെയും സാധിച്ചിട്ടില്ലെന്ന കാര്യവും കുറിക്കട്ടെ. ഒരു രാജ്യത്ത് സാംസ്കാരികസ്ഥാപനങ്ങളുടെ പ്രവർത്തനം നാടിന്റെ സംസ്കാരം വെളിവാക്കുന്ന വേദിയായതുകൊണ്ട് സർവവിധ പുരോഗതിക്കുമൊപ്പം സാംസ്കാരിക പദ്ധതികളും അനുയോജ്യമായ രീതിയിൽ മുന്നേറണമെന്ന വസ്തുതയും ഓർക്കേണ്ടതുണ്ട്. കലാ-സാംസ്കാരിക രംഗത്ത് കേരളത്തിന്റേതായ ധാരാളം പരിപാടികൾ സാംസ്കാരിക സ്ഥാപനങ്ങൾ വഴി ചെയ്യേണ്ടതുണ്ട് എന്ന വസ്തുതയും യു.ഡി.എഫ് ഗവൺമെന്റ് ഗൗരവമായെടുക്കേണ്ടതുമുണ്ട് എന്ന് വിനയപുരസരം അറിയിച്ചുകൊണ്ട് ശുഭാപ്തി വിശ്വാസത്തോടെ, നിയുക്തപദ്ധതികൾ വിജയിപ്പിച്ച ഭരണകൂട സാരഥികൾക്ക് ആശംസകളർപ്പിക്കുന്നു. വരും നാളുകളിൽ ദീർഘവീക്ഷണപരിപാടികളിൽക്കൂടി സാമൂഹ്യനന്മ അഭിവൃദ്ധിപ്പെടട്ടെ ■

■ **സതീഷ്ബാബു പയ്യന്നൂർ**

**അതിസാഹസികമായ ഒരു പരിവർത്തന ദിശയിലേക്കാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടന്നുപോകുന്നത്, ഒപ്പം കരുത്തോടെ മന്ത്രിമാരും...**

# ആരവങ്ങളും ആഹ്ലാദങ്ങളും

ചില വിസ്മയങ്ങൾ അങ്ങനെയാണ്. അത് അതിന്റെതായ പൂർണതയോടെ അങ്ങ് സംഭവിക്കുകയാണ്. ആത്മാർഥമായ അധ്വാനത്തിന്റെ മികവ് അതിനു പിറകിലുണ്ട്. ഇവിടെയും സംഭവിച്ചത് മറ്റൊന്നല്ല. നൂറു ദിവസംകൊണ്ട് ഒരു ഭരണകൂടം തീർത്ത വിസ്മയം ചരിത്രത്തിൽ രേഖപ്പെടുത്തുന്നത് 'ആത്മാർഥതയുടെ വ്രതതീക്ഷ്ണത' എന്ന പേരിലാണ്...

കയറുംമുമ്പ് വീഴും എന്ന കണക്കുകൂട്ടലിലായിരുന്നവർ ഇപ്പോൾ ഉൾവലിഞ്ഞിരിക്കുന്നു. കൂട്ടുകക്ഷി ഭരണം എന്നത് കൊലയല്ല മഹത്തായ കലയാണ് എന്നവർ അന്ധാളിപ്പോടെ തിരിച്ചറിയുകയാണിപ്പോൾ. തിരഞ്ഞെടുപ്പു കഴിഞ്ഞയുടനെയുണ്ടായ രണ്ടോ മൂന്നോ കൂലങ്കഷമായ ഘടകകക്ഷി ചർച്ചകൾ അതിൽ അങ്ങേയറ്റം വാഗ്വാദങ്ങൾ... അത് ജനാധിപത്യത്തിന്റെ ഒരു രീതിയാണ്. പ്രത്യേകിച്ച് ഓരോ ഘടകകക്ഷികളും നല്ല 'മെറിറ്റി'ൽ നിൽക്കുമ്പോൾ. എന്നാൽ മന്ത്രിസഭ അധികാരമേറ്റതോടെ ആപത്കരമായ ചർച്ചകളുടെ കാലം കഴിഞ്ഞു. അവിടെ തെളിഞ്ഞുവന്നത് ആത്മസമർപ്പണത്തിന്റെ പാൽനിലാവാണ്. മുഖ്യമന്ത്രിയിൽ എല്ലാവരും വിശ്വാസമർപ്പിക്കുകയും, അദ്ദേഹത്തിന്റെ വാക്കുകൾക്ക് വിലകൽപ്പിക്കുകയും ചെയ്യുന്ന മഹനീയമായ കാഴ്ചയാണ് ജൂൺ തൊട്ടിങ്ങോട്ട് രാഷ്ട്രീയകേരളം നോക്കിക്കണ്ടത്. പരിണിത പ്രജ്ഞനായ ഒരു മുഖ്യമന്ത്രിക്ക്, ഏത് കാറ്റും കോളും അതിജീവിക്കാം എന്ന് ഉമ്മൻചാണ്ടി തെളിയിച്ചു. നൂറുദിവസം എന്ന് അദ്ദേഹം അടയാളപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുനീങ്ങിയത്. അത്രയും കണിശമായ കണക്കുകൂട്ടലുകൾ. മന്ത്രിമാരെല്ലാം തങ്ങളുടെ വകുപ്പുകളെ അതിനനുസരിച്ച് സജ്ജമാക്കി.

അരങ്ങേറ്റം കുറിച്ചതിന്റെ ആദ്യദിനങ്ങളിൽത്തന്നെ നേരിടേണ്ടിവന്നത് സാംസ്ക്കാരികനായകന്മാരുടെ പ്രതിഷേധ പ്രവാഹമായിരുന്നു. അർഥശങ്കയ്ക്കിടയില്ലാതെതന്നെ ഉമ്മൻചാണ്ടി പറഞ്ഞു: മലയാളം നമ്മുടെ പെറ്റമ്മയാണ്. ഈ സംസ്ഥാനത്ത് മലയാളം ഇനിമുതൽ ഒന്നാം ഭാഷ...!

വലിയൊരു കടലിരമ്പവുമായി വന്നവർ, എന്തുചെയ്യണമെന്നറിയാതെ പരവേശപ്പെട്ടു. കാടിളക്കത്തിന് കാതോർത്തവർ നിരാശരായി..

മലയാളത്തിന്റെ പെറ്റമ്മയുടെ പേരിൽ തുടങ്ങിയ ആ യാത്ര പിന്നീട് വിജയത്തിലേക്കുള്ള ഒരു വൻ കുതിപ്പായിരുന്നു. മുൻ



സർക്കാർ ഒഴിച്ചിട്ടുപോയ ശൂന്യമായ ഖജനാവിൽനിന്ന് വലിയ മാന്ത്രിക വിദ്യകളൊന്നും കാട്ടാനാവില്ലെന്ന് മാണിസാറിനറിയാമായിരുന്നു. എങ്കിലും അദ്ദേഹം തന്നാലാവുംവിധം എല്ലാവരെയും തൃപ്തിപ്പെടുത്തി. ഇത് പൂർണമായ ബഡ്ജറ്റല്ലെന്ന് ഏറ്റുപറഞ്ഞ് സുതാര്യനാവാനും അദ്ദേഹത്തിന് സാധിച്ചു. അല്ലെങ്കിൽതന്നെ കേരളം കണ്ട ഏറ്റവും മികച്ച ധനകാര്യമന്ത്രിക്ക്, ഇനിയുള്ള ദിവസങ്ങളിലാണ് അത്ഭുതങ്ങൾ കാട്ടാനാവുക എന്ന് നമുക്കറിയാം...

അരിപ്രശ്നത്തിൽ നാണംകെട്ട് തലതാഴ്ത്തിയാണ് കഴിഞ്ഞ ഭരണകൂടം അരങ്ങൊഴിഞ്ഞത്. രണ്ടുരൂപയ്ക്ക് അരി എന്ന ഇലക്ഷൻകാല വാഗ്ദാനത്തിന്റെ പൊള്ളത്തരങ്ങൾ തിരിച്ചറിയാൻ ജനത്തിന് ഏറെ നേരമൊന്നും വേണ്ടായിരുന്നു. പുതിയ മന്ത്രിസഭ ആ വെല്ലുവിളി സധൈര്യം ഏറ്റെടുക്കുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്. രണ്ടുരൂപയ്ക്കല്ല ഒരു രൂപയ്ക്ക് ഇരുപത്തിയഞ്ചു കിലോ അരിവീതം തരാമെന്ന പ്രഖ്യാപനം, സത്യം പറയാമല്ലോ, എന്നെപ്പോലുള്ള മാധ്യമപ്രവർത്തകർ ഒരൽപം ആശങ്കയോടെയാണ് നോക്കിക്കണ്ടത്. എന്നാൽ അതും പ്രാവർത്തികമാകുന്ന ഓണക്കാലാനുഭമാണ് നാം അറിഞ്ഞത്... ശരിക്കും ഇത്തവണയാണ് മാവേലിത്തമ്പുരാൻ തന്റെ കേരളത്തെ ഹൃദയ നിറവോടെ കണ്ടറിഞ്ഞ് തിരിച്ചുപോയത്...!

വിദ്യാഭ്യാസരംഗം ആരു ഭരിച്ചാലും കുട്ടിച്ചോറാകും എന്ന ഒരു പാരമ്പര്യമുദ്രാവാക്യം കേരളക്കരയിൽ നിലനിന്നിരുന്നു. പതിവുപോലെ ഇത്തവണയും പ്രതിയാര്, വാദിയാര് എന്നറിയാത്തവിധം 'സ്വാശ്രയ പ്രശ്നം' കുത്തിപ്പൊക്കി അട്ടഹാസങ്ങൾ നടന്നു. ഓരോ വർഷവും ജൂൺ-ജൂലൈ മാസത്തിൽ നടക്കാറുള്ള പതിവ് മാമാങ്കങ്ങൾ... എന്നാൽ അത് രമ്യമായി പരിഹരിക്കുവാനും വരും വർഷങ്ങളിലേക്കുള്ള ഒരു പരിഹാര നിർദേശമവതരിപ്പിക്കുവാനും ഇപ്പോൾ കഴിഞ്ഞിരിക്കുന്നു. സ്കൂൾ അധ്യാപകരുടെ തൊഴിലിനെ സംബന്ധിച്ച ഏറ്റവും വലിയ സംരക്ഷണോപധിയെന്ന നിലയിൽ 'തലയെണ്ണൽരീതി' ഒഴിവാക്കിയ ആ തീരുമാനവും ഏറെ പ്രസക്തമായി. ഒരുപാടുപേരുടെ കണ്ണീരൊപ്പുന്ന തീരുമാനമായി അത്. ആ തീരുമാനം വന്ന ദിവസം ഞാൻ ചേർത്തല ഗേൾസ് ഹൈസ്കൂളിൽ കേന്ദ്രമന്ത്രി കെ.സി.വേണുഗോപാലിനൊപ്പം ഒരു ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു. ആ മദ്ധ്യാഹ്നത്തിൽ, വേണുവിന് ലഭിച്ച പരിദേവനങ്ങളിൽ പലതും ഇത്തരം പുറത്തുനിൽക്കേണ്ടിവന്ന അധ്യാപകരുടേതായിരുന്നു. അവരോട് വളരെ സന്തോഷപൂർവം അദ്ദേഹം പറയുന്നുണ്ടായിരുന്നു, നിങ്ങളെ രക്ഷിക്കുന്ന ഒരു തീരുമാനം ഇതാ വന്നു കഴിഞ്ഞു എന്ന്.

വിനോദസഞ്ചാരം ഈ ഓണക്കാലത്ത് ഒന്നുകൂടി ഊഷ്മളമായി. വളരെ ഊർജസ്വലനായ യുവമന്ത്രി അനിൽകുമാറിന് ഇനിയും ഈ രംഗത്ത് ഏറെ മുന്നോട്ടുപോകാനാവുമെന്ന് നമുക്കറിയാം. ഗതാഗതരംഗത്തെ പരിഷ്കരങ്ങളുമായി മന്ത്രി ശിവകുമാറും ഉന്മേഷത്തിലാണ്. സിനിമാരംഗത്തെ പ്രതിസന്ധികൾക്ക് പരിഹാരയജ്ഞവുമായി മന്ത്രി ഗണേഷ്കുമാറും സജീവം. ഇരുപത്തിനാല് മണിക്കൂറും കേരളത്തിനായി സമർപ്പിച്ച ഒരു മുഖ്യമന്ത്രിക്കൊപ്പമാണ് തങ്ങളുമിരിക്കുന്നത് എന്ന് ഈ മൂന്ന് കുമാരന്മാർക്കുമറിയാം, കുമാരി ജയലക്ഷ്മിക്കുമറിയാം. ഒരുപക്ഷേ ലോക ചരിത്രത്തിൽത്തന്നെ ഇത് ഒരത്ഭുത സംഭവമാണ്. മുഴുനീള സമയം ഒരു ഭരണാധികാരിയെ ലൈനിൽ ലഭിക്കുക, ഏത് പാതിരാത്രിക്കും പരാതി കേൾക്കാൻ ഒരു മുഖ്യമന്ത്രി കാത്തിരിക്കുക... അതി സാഹസികമായ ഒരു പരിവർത്തന ദിശയിലേക്കാണ് ഉമ്മൻചാണ്ടി നടന്നുപോകുന്നത്.

മന്ത്രിസഭയുടെ നൂറുദിവസത്തെ ആരവങ്ങളെല്ലാമൊതുങ്ങിയശേഷം, ഇക്കഴിഞ്ഞ ദിവസം ഒരു നേരത്ത് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഇടനാഴിയിലൊന്നെത്തിപ്പെട്ടു. അവിടെ പഴയതിനേക്കാളും തിരക്ക്. എങ്കിലും അച്ചടക്കപൂർണമായ ക്യൂ. എല്ലാവരുടെയും മുഖത്ത് സന്തോഷത്തിളക്കം. എന്തുതന്നെ ആയാലും തങ്ങൾ പരിഗണിക്കപ്പെടും, തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന ഒരാത്മവിശ്വാസം, എല്ലാ മുഖങ്ങളിലും...

ഇനി അവസാനമായി ഒരല്പം സ്വകാര്യം. അത് ഞാൻകൂടി ഇപ്പോൾ ഭാഗമായ സാംസ്കാരിക വകുപ്പിനെക്കുറിച്ചാണ്. ജനപ്രതിനിധി എന്ന നിലയിൽ നാലുപതിറ്റാണ്ടിലേറെ സേവനചരിത്രമുണ്ടെങ്കിലും ആ കാലയളവിലൊരിക്കലും ഭരണ വ്യാമോഹങ്ങളിൽ ചെന്നുപെടാതെ മാറിനിൽക്കുകയായിരുന്നു കെ.സി.ജോസഫ്. കണ്ണൂരിലെ ശ്രീകണ്ഠപുരത്ത് ഞാൻ ബാങ്കുദ്യോഗസ്ഥനായിരിക്കുമ്പോഴാണ് അദ്ദേഹത്തെ ആദ്യമായി പരിചയപ്പെടുന്നത്. അദ്ദേഹം തലചായ്ക്കാൻ വന്നെത്താറുള്ളത് ശ്രീകണ്ഠപുരത്താണ്. സഹൃദയൻ, വാഗ്മി, സ്നേഹസമ്പന്നൻ - അന്നാട്ടുകാർക്ക് അതായിരുന്നു കെ.സി.ജോസഫ്. മന്ത്രിയായശേഷം, എന്തുമാത്രം കാര്യക്ഷമതയോടെയാണ് അദ്ദേഹം വകുപ്പുകൾ കൈകാര്യം ചെയ്യുന്നതെന്ന് അടുത്തറിയുവാനും ഭാഗ്യമെനിക്കുണ്ടായി. സാംസ്കാരിക വകുപ്പിൻ കീഴിൽ മൃതപ്രായമായിക്കിടന്ന 'ഭാരത് ഭവൻ' ഉണർത്തിയെടുക്കാൻ എല്ലാ സഹായവും ചെയ്തുകൊണ്ട് അദ്ദേഹം എന്നോടൊപ്പമുണ്ട്. ഉത്സാഹം എല്ലായിടത്തും പ്രകടമാണ്. മുഖ്യൻ പ്രസരിപ്പിക്കുന്ന ഉന്മേഷവും ഊർജവും എല്ലായിടത്തേക്കും ഒരുപോലെ ചെന്നെത്തുന്നു. ആരവങ്ങൾക്കിടയിലും ആവേശത്തിനടിമപ്പെടാതെ എല്ലാവരും അദ്ദേഹത്തിനൊപ്പം ജാഗരൂകരായി മുന്നേറുന്നു. ആനന്ദദായകമായ ഒരനുഭവമാണത് ■

■ **പി.കെ. കുഞ്ഞാലിക്കുട്ടി** (വ്യവസായ-ഐ.ടി.-നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ മന്ത്രി)



തൊഴിലിന്റെ മഹത്വവും നാടിന്റെ ഉയർച്ചയും മനസ്സിലേറ്റി നടക്കുന്ന യുവാക്കളാണ് ഈ നാടിന്റെ മൂലധനം. വേണ്ടവിധം ഈ സാഹചര്യം പ്രയോജനപ്പെടുത്തി പുതിയ തലമുറയുടെ സ്വപ്നങ്ങൾ സഫലമാക്കണമെന്ന മോഹത്തോടെയാണ് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ് സർക്കാർ കേരളത്തിൽ അധികാരമേറ്റത്. 100 ദിവസത്തിനുള്ളിൽതന്നെ ലക്ഷ്യത്തിലേക്ക് ഞങ്ങളുടെ സർക്കാർ അതിവേഗം അടുത്തുകൊണ്ടിരിക്കുകയാണെന്ന ആത്മവിശ്വാസമാണ് പങ്കുവെക്കാനാഗ്രഹിക്കുന്നതും.

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടാണ് വ്യവസായ-ഐ.ടി. വകുപ്പുകൾ ഇപ്പോൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. റിവേഴ്സ് ഗിയറിൽ നിന്നും ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മുന്നേറാനായി. തൊഴിലവസരങ്ങൾ പരമാവധി സൃഷ്ടിക്കാനായി, പുതിയ തലമുറ വ്യവസായങ്ങൾക്ക് മുൻഗണന നൽകണമെന്ന നിലപാടാണ് സർക്കാർ മുന്നോട്ട് വെച്ചത്. ലഭിച്ചതാകട്ടെ പ്രതീക്ഷാനിർഭരമായ ഫലവും. ഇത്തരത്തിലുള്ള വ്യവസായങ്ങളിൽ നിന്നും സംസ്ഥാന ഖജനാവിലേക്ക് വലിയതോതിലുള്ള സമ്പത്തെത്തും. അങ്ങനെയെത്തുന്ന സമ്പത്ത് അധഃസ്ഥിതർക്കു

# വികസനവീഥിയിൽ അതിവേഗം മുന്നോട്ട്



വേണ്ടി ഉപയോഗിച്ച് വെൽഫെയർ സ്റ്റേറ്റ് എന്ന സങ്കല്പം പൂർത്തീകരിക്കാൻ ഈ സർക്കാരിന് കഴിയും.

## നിക്ഷേപ സാധ്യതകൾ

ചൈനാമോഡൽ കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതുകൊണ്ടെന്തു ഫലമുണ്ടായി എന്ന് നമ്മളാരും ആലോചിച്ചിട്ടില്ല. ചൈനീസ് സർക്കാരിന്റെ നിഷേധാത്മകമായ സമീപനങ്ങളെ വാരിപ്പുണരാൻ വെമ്പൽ കൊണ്ട നമ്മുടെ നാട്ടിലെ ഒരു വിഭാഗം, ചൈനയിൽ നടന്ന അത്ഭുതകരമായ സാമ്പത്തിക നവോത്ഥാനത്തെ കണ്ടില്ലെന്നു നടിച്ചു. ചൈന പുതുതലമുറയിൽപ്പെട്ട വ്യവസായ സംരംഭങ്ങളെ നല്ലനിലയിൽ പ്രോത്സാഹിപ്പിച്ചു. പ്രത്യേക സോണുകളായി നഗരപ്രാന്തങ്ങളെ തിരിച്ചശേഷം നിർദിഷ്ട പ്രദേശങ്ങളിലേക്ക് അനുഗുണമായ തരത്തിൽ നിക്ഷേപകരെ തേടി. സർക്കാരിന്റെ ഇച്ഛാശക്തിയിലുള്ള വിശ്വാസം മുൻനിർത്തി നിക്ഷേപകർ അവിടെ മൂലധനമിറക്കി. ലാഭം നിക്ഷേപകരും സർക്കാരുമായി പങ്കുവെച്ചു. സർക്കാരിനു ഇതുവഴിയുണ്ടായ വരുമാന വർധനവ്, രാജ്യത്ത് സഹായം ആവശ്യമുള്ള ദുർബല വിഭാഗങ്ങൾക്കായി പങ്കുവെക്കുകയും ചെയ്തു. ഇത്തരത്തിലുള്ള പരിഗണനാർഹമായ സാധ്യതകൾക്ക് നേരെ ഇതുവരെ നമ്മൾ കണ്ണടച്ചു നിന്നു. ഇനി നമുക്ക് ഇത് കണ്ടില്ലെന്നു നടിക്കാനാവില്ല. വ്യവസായ-ഐ.ടി. മന്ത്രിയെന്ന നിലയിൽ ഇത്തരത്തിലുള്ള ആശയങ്ങൾ അനിവാര്യമല്ലേയെന്ന എന്റെ അന്വേഷണങ്ങൾക്ക് എല്ലായിടത്തുനിന്നും അനുകൂലമായ മറുപടിയാണ് ലഭിച്ചത്.

കേരളം അതിവേഗം നഗരവത്കരിക്കപ്പെടുന്ന സംസ്ഥാനമാണ്. വലിയ നഗരങ്ങളും നഗരപ്രാന്തങ്ങളും നമ്മുടെ നാട്ടിൽ നിരവധിയുണ്ട്. എന്നാൽ വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മുഴച്ചുനിൽക്കുകയും ചെയ്യുന്നു. അതുമാറ്റിയെടുക്കാനാകുമെന്ന് ഈ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ബോധ്യപ്പെട്ടു.

നഗരങ്ങളിലും സമീപ പ്രദേശങ്ങളിലും ഭൂമിയുടെ പ്രത്യേകതക്കനുസരിച്ചുള്ള നിക്ഷേപകരെ കണ്ടെത്തും. പരിസ്ഥിതി പൂർണമായി സംരക്ഷിച്ചുകൊണ്ടു മാത്രമേ ഒരു രൂപയുടെ നിക്ഷേപം പോലും നടത്താൻ അനുവദിക്കൂവെന്ന് സർക്കാർ ആവർത്തിച്ചു കഴിഞ്ഞിട്ടുണ്ട്. നഗരങ്ങളുടെ സമ്പൂർണമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വ്യവസായ, വാണിജ്യ, വ്യാപാര സോണുകൾ തിരിച്ചശേഷം നിക്ഷേപകരെ ക്ഷണിക്കും. എവിടെയെല്ലാം എന്തെല്ലാം തരത്തിലുള്ള നിക്ഷേപങ്ങൾ ആവാമെന്ന് സർക്കാർ നിശ്ചയിക്കും. ഇക്കാര്യം നിക്ഷേപകരെ അറിയിക്കുന്നതിനുമുമ്പ് ജനങ്ങളെ വിശ്വാസത്തിലെടുക്കും. അതിനുശേഷമാകും നിക്ഷേപകർക്കുമുന്നിൽ പദ്ധതി അവതരിപ്പിക്കുക. നിർദിഷ്ട പദ്ധതിയിൽ താൽപ്പര്യമുള്ളയാൾക്ക് നിശ്ചിതസ്ഥലത്ത് അതിവേഗത്തിൽ പദ്ധതി നടപ്പാക്കാനാകുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഏകജാലക സംവിധാനത്തിലൂടെ അതിവേഗം അനുമതികൾ ലഭ്യമാക്കി, ചുവപ്പു നാടയെന്ന കേരളത്തിന്റെ തീരാദുരിതത്തെ പടിക്കു പുറത്തു നിർത്തും. അതിവേഗത്തിൽ ലക്ഷ്യം കാണുന്നതുവഴി തൊഴിലവസരങ്ങളും സർക്കാരിന് സാമ്പത്തികമെച്ചവും ചുരുങ്ങിയ സമയത്തിൽ ലഭിക്കും. ഇങ്ങനെ സംസ്ഥാന ഖജനാവിലെത്തുന്ന വിഹിതമാണ് നമ്മുടെ സംസ്ഥാനത്തെ അവശ ജനവിഭാഗങ്ങളുമായി നേരിട്ടു പങ്കുവെക്കുക. സർവസ്വീകാര്യമായ ഇത്തരമൊരാശയം അതിവേഗം നടപ്പിലാക്കണം. അഞ്ചുവർഷം വൈകിയാൽ ഒരു തലമുറ ഇതിന്റെ ഗുണഭോക്താക്കളല്ലാതെ പോകുന്ന സ്ഥിതിവരും, അതുപാടില്ല. ഇന്നത്തെ യുവതലമുറയെയും സഹായം ആവശ്യമുള്ള ജനവിഭാഗങ്ങളെയും മുൻനിർത്തി നാടിന്റെ വികസന പ്രതീക്ഷകൾക്കൊപ്പം സഞ്ചരിക്കാനാണ് ആഗ്രഹിക്കുന്നത്.

> നഗരങ്ങളിൽ സോണുകൾ നിശ്ചയിക്കുന്നതിനുമുമ്പ് എല്ലാ ജില്ലകളുടെയും മാസ്റ്റർ പ്ലാനുകൾ തയാറാക്കി, വികേന്ദ്രീകൃത വികസനത്തിനുള്ള സാധ്യതകൾ തുറക്കും. മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാനുകളും പ്രത്യേകമായി തയാറാക്കും. എന്നിട്ട് വിദ്യാഭ്യാസം, വ്യവസായം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ സമ്പൂർണ സ്വാശ്രയത്വം ഉറപ്പാക്കിസോണുകൾ നിശ്ചയിക്കും.

നേരത്തെ വ്യക്തമാക്കിയതുപോലെ നഗരങ്ങളിൽ സോണുകൾ നിശ്ചയിക്കുന്നതിനുമുമ്പ് തന്നെ എല്ലാ ജില്ലകളുടെയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി, വികേന്ദ്രീകൃത വികസനത്തിനുള്ള സാധ്യതകൾ തുറക്കും. മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാനുകളും പ്രത്യേകമായി തയാറാക്കും. എന്നിട്ടാകും നിർദിഷ്ട സ്ഥലങ്ങളിൽ വിദ്യാഭ്യാസം, വ്യവസായം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ സമ്പൂർണ സ്വാശ്രയത്വം ഉറപ്പാക്കിയുള്ള സോണുകൾ നിശ്ചയിക്കുക.

## എമർജിങ് കേരള

ഗ്രാമങ്ങളിൽ നിലവിലുള്ള സ്ഥിതി തന്നെ തുടരും. ഒരു തരത്തിലുള്ള ഘടനാമാറ്റവും ഗ്രാമങ്ങളിലുണ്ടാവില്ല. വയലുകൾ, പാടങ്ങൾ, കൃഷി ഭൂമികൾ തുടങ്ങിയവയിൽ ഒരു തരത്തിലുമുള്ള മാറ്റങ്ങളും അനുവദിക്കില്ല. അതേ സമയം പട്ടണങ്ങളിൽ ആവശ്യത്തിനുള്ള സ്ഥലം മാറ്റി നിർത്തിയ ശേഷം അവശേഷിക്കുന്ന ഭാഗങ്ങളിൽ വ്യവസായത്തിന് പ്രാധാന്യം നൽകി, പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള പ്രത്യേക സോണുകൾ കൊണ്ടുവരും. പട്ടണങ്ങളിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ സോണിങ് നടത്തുമ്പോൾ ജലസ്രോതസ്സുകളുടെ സംരക്ഷണം പൂർണമായും ഉറപ്പാക്കും. പുതുതലമുറ വ്യവസായങ്ങളുടെ പ്രത്യേകത വളരെ കുറച്ചുസ്ഥലത്തുനിന്ന് പരമാവധി തൊഴിലവസരങ്ങളും മുന്തിയ ലാഭവുംഉണ്ടാക്കാം എന്നതാണ്. സാമൂഹിക സുരക്ഷാപദ്ധതികൾക്ക് പണമില്ലാത്ത അവസ്ഥയിലാണ് ഇന്ന് നമ്മുടെ സർക്കാർ. അതിനുള്ള ശാശ്വത പരിഹാരം കൂടിയാണ് ഇത്തരമൊരാശയം. ഇങ്ങനെ ഏതേതെല്ലാം സ്ഥലത്ത് ഏതേതെല്ലാം തരത്തിലുള്ള നിക്ഷേപങ്ങൾ അനുവദിക്കും എന്നതു സംബന്ധിച്ച വ്യക്തത ഉണ്ടാക്കിക്കൊണ്ടാകും അടുത്ത വർഷം ആദ്യ പകുതിക്കുമുമ്പ് സർക്കാർ എമർജിങ് കേരള 2012 എന്ന നിക്ഷേപക സംഗമം നടത്തുക. മുൻ യു.ഡി.എഫ് സർക്കാർ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർച്ചയാണെങ്കിലും എമർജിങ് കേരള 2012 വളരെ സ്പെസിഫിക് ആയ സാധ്യതകൾക്കു വേണ്ടിയുള്ളതാണ്. ആ സാധ്യതകൾ രൂപപ്പെടുത്തിയെടുക്കുന്നതുമായി ബന്ധപ്പെട്ട അത്യധ്വാനത്തിലായിരുന്നു കഴിഞ്ഞ 100 ദിവസങ്ങളിലായി ഞങ്ങൾ. ഇതിനനുസരിച്ചുള്ള കരട് വ്യവസായ-ഐ.ടി. നയങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചതും. വിവിധ തലങ്ങളിലുള്ളവരുമായി ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. ഏറ്റവും വേഗത്തിൽ സംസ്ഥാനത്തിനേറ്റവും അനുയോജ്യമായ വ്യവസായ-ഐ.ടി നയങ്ങൾ പ്രഖ്യാപിക്കും.

## ഐ.ടി

ഐ.ടിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. ടെക്നോപാർക്കിലും ഇൻഫോപാർക്കിലും സൈബർ പാർക്കിലും പുതിയ നിക്ഷേപകരെ കണ്ടെത്തുന്നതിനായുള്ള ചർച്ചകൾ നടത്തുകയാണ്. നിരവധി നിക്ഷേപ വാഗ്ദാനങ്ങൾ ഇതിനകം ലഭിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റിയുടെ നിർമാണം ദിവസങ്ങൾക്കുള്ളിൽ തുടങ്ങാൻ പോകുന്നു. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ശക്തിപ്പെടുത്തും. വായ്പയെടുത്ത് നിലവിലുള്ള ഐ.ടി.



പാർക്കുകൾ വികസിപ്പിക്കാനും പുതിയ ഐ.ടി പാർക്കുകൾ വ്യാപകമായി തുടങ്ങാനും തീരുമാനമായിട്ടുണ്ട്. ഇ-ഗവേണൻസിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും. ഇക്കാര്യത്തിൽ കേരളത്തെ രാജ്യത്ത് ഒന്നാമതെത്തിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. സാധാരണക്കാരന് പ്രയോജനമുണ്ടാക്കുന്ന തരത്തിൽ ഐ.ടിയുടെ സാധ്യത പരമാവധി വർധിപ്പിക്കും. സ്വതന്ത്ര സോഫ്റ്റ്‌വെയറുകളെ പ്രോത്സാഹിപ്പിക്കും.

## പൊതുമേഖല

പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി, അവയുടെ പ്രവർത്തനം ദിവസം, ആഴ്ച, മാസം ക്രമത്തിൽ അവലോകനത്തിന് വിധേയമാക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളും ഇൻകെല്ലുമായി (ഇൻഫ്രാസ്ട്രക്ചർ കേരള പ്രൈവറ്റ് ലിമിറ്റഡ്) ചേർന്ന് സംയുക്ത സംരംഭങ്ങൾ തുടങ്ങും. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തേക്ക് ഏറ്റവും യോഗ്യർ എത്തുന്നുവെന്നുറപ്പക്കാനുള്ള സംവിധാനം നിലവിൽ വന്നുകഴിഞ്ഞു.

## മാലിന്യ നിർമാർജനം

മാലിന്യമുക്ത കേരളമെന്ന സങ്കല്പം അക്ഷരാർഥത്തിൽ യാഥാർഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുവഴി വിനോദ സഞ്ചാരമേഖലയിൽ വലിയ കുതിപ്പുണ്ടാക്കാനാവും. ആരോഗ്യമുള്ള സംസ്ഥാനം, മാലിന്യമില്ലാത്ത പ്രദേശം-ഇത് യാഥാർഥ്യമാക്കാനായി കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വികേന്ദ്രീകൃത മാലിന്യ നിർമാർജന പദ്ധതികൾ നടപ്പാക്കും. ഏറ്റവും അത്യാധുനികമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാലിന്യ നിർമാർജനം എന്ന ആശയം പൂർണ ലക്ഷ്യത്തിലെത്തിക്കും. കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും സഹായത്തോടെ ബി.ഒ.ടി അടിസ്ഥാനത്തിലാകും മാലിന്യ നിർമാർജന പദ്ധതികൾ നടപ്പിലാക്കുക. അനധികൃതമായി പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നതിനെതിരെ നിയമ നടപടികളെടുക്കുന്നത് അതിശക്തമാക്കും. മാലിന്യ നിർമാർജനത്തിനായുള്ള പദ്ധതികൾ തന്നെ വലിയൊരു നിക്ഷേപസാധ്യതയാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. നഗരങ്ങളിലെ കെട്ടിട നിർമാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാനും ഉദ്ദേശിക്കുന്നു. കെ.എസ്.യു.ഡി.പി, ജെ.എൻ.എൻ.യു.ആർ.എം പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനു സംവിധാനം ഏർപ്പെടുത്തി. കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ക്രിയേറ്റീവ് ഫണ്ട് റിലീസ് ഏർപ്പെടുത്താനും ആലോചിക്കുന്നു. മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി വലിയ ക്യാമ്പയ്നുകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

## പരമ്പരാഗത മേഖല

ഇലക്ട്രോണിക് ഹാർഡ് വെയർ മേഖലയിലെ നിക്ഷേപങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനൊപ്പം തന്നെ പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾക്കും സർക്കാർ പരമാവധി സഹായം നൽകും. കൈത്തറി, കശുവണ്ടി, കരകൗശല വ്യവസായങ്ങളുടെ ആധുനീകരണത്തിനുള്ള പദ്ധതികളും പണിപ്പുരയിലാണ്. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. കശുവണ്ടി മേഖലയിൽ തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകാനുള്ള പദ്ധതിയാകും ആദ്യം നടപ്പാക്കുക. തൊഴിലുറപ്പിനു പുറമെ കൂടുതൽ ക്ഷേമ പദ്ധതികളും പരമ്പരാഗത വ്യവസായങ്ങളിലേർപ്പെടുന്നവർക്ക് ഉറപ്പാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. ചെറുകിട വ്യവസായ മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി പരമാവധി വിപണന സാധ്യതകൾ സൃഷ്ടിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## ന്യൂനപക്ഷ ക്ഷേമം

ന്യൂനപക്ഷ ക്ഷേമത്തിനായും നിരവധി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സമവായ സാധ്യതകൾ തുറന്ന് പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കും. ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ സംസ്ഥാനത്ത് ശരിയാവണ്ണം നടപ്പാക്കുന്നുവെന്ന് ഉറപ്പിക്കാനുള്ള നിരീക്ഷണ സംവിധാനം ഇതിനകം നിലവിൽ വന്നിട്ടുണ്ട്.

എല്ലാ മേഖലകളിലെയും ആധുനീകരണം ലക്ഷ്യം വെച്ച് വികസനവും കരുതലും എന്ന പരിവർത്തനജനകമായ മുദ്രാവാക്യം യാഥാർഥ്യമാക്കാനാണ് യു.ഡി.എഫ് സർക്കാർ ശ്രമിക്കുന്നത്. അതിന് സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണം അഭ്യർഥിക്കുന്നു ■



■ **എ.പി. അനിൽ കുമാർ** (പട്ടികജാതി-പിന്നാക്ക ക്ഷേമ-ടൂറിസം മന്ത്രി)



# സമഗ്രവികസന ലക്ഷ്യവുമായ് ടൂറിസം നയം

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഏറ്റവും അനുയോജ്യമായ മേഖല എന്ന കാഴ്ചപ്പാടാണ് ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഐക്യ ജനാധിപത്യമുന്നണി സർക്കാരിന്റേത്. ടൂറിസം വ്യവസായമായി അംഗീകരിച്ചതിന്റെ ഈ സുവർണജൂബിലി വർഷത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു ടൂറിസം നയത്തിന് രൂപം നൽകുക എന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകിയത്. അതുകൊണ്ടുതന്നെ സർക്കാരിന്റെ 100 ദിന പരിപാടിയിലെ പ്രഥമ ഇനം ഇതായിരുന്നു. നിരന്തര ചർച്ചകളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിന്റെ അനുഭവസമ്പത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് ഒരു നയസമീപനരേഖ തയ്യാറാക്കാൻ 100 ദിവസത്തിനകം കഴിഞ്ഞു എന്നത് ചാരിതാർഥ്യം നൽകുന്ന വസ്തുതയാണ്. നയത്തിന്റെ കരട് ഇതിനകം പ്രസിദ്ധീകരിച്ചു. ഇനി ടൂറിസവുമായി ബന്ധപ്പെട്ടവരുടെയും തല്പരരായ പൊതുജനങ്ങളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും കൂടി പരിഗണിച്ച് തയ്യാറാക്കുന്ന സമഗ്രമായ ടൂറിസം നയം താമസംവിനാ പ്രഖ്യാപിക്കാനാവും എന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം പ്രകൃതി സൗന്ദര്യവും വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയും ജലസമ്പത്തും തനതു സംസ്കൃതിയും, പൈതൃകവും വേറിട്ട കലാരൂപങ്ങളുമെല്ലാം ടൂറിസത്തിന്റെ അനന്തസാധ്യതകളിലേക്ക് വെളിച്ചം വീശുന്ന യാഥാർഥ്യങ്ങളാണ്. അവ പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് ടൂറിസം വികസനത്തിന്റെ ഭാഗമായി നാം നിർവഹിക്കേണ്ട പ്രഥമ ചുമതല. തുടർന്ന്, അന്താരാഷ്ട്ര നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ്. നൂറുദിന പരിപാടിയുടെ ഭാഗമായി ടൂറിസം വകുപ്പ് പ്രഖ്യാപിച്ച പദ്ധതികളെല്ലാം ഈ നിലയിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

100 ദിന പരിപാടിയുടെ ഭാഗമായി ആലപ്പുഴയുടെ സമഗ്ര ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്നതായിരുന്നു ഒരു വാഗ്ദാനം. എന്നാൽ പ്ലാൻ തയ്യാറാക്കുക മാത്രമല്ല അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. കായൽ ടൂറിസം പദ്ധതി എന്നതിനുപരി ജില്ലയുടെ സമഗ്ര വികസനത്തിന് സഹായകമായ പദ്ധതി എന്ന നിലയിലാണ് 400 കോടിയുടെ ഈ ടൂറിസം പ്രോജക്ട് പ്രാധാന്യമർഹിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ പൂർത്തിയാക്കുന്ന പ്രോജക്ടിന്റെ 50 കോടി ചെലവു പ്രതീക്ഷിക്കുന്ന ആദ്യഘട്ടത്തിന് ഉടൻ കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. അംഗീകാരം ലഭിച്ചാലുടൻ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുള്ള തയ്യാറെടുപ്പിലാണ് ടൂറിസം വകുപ്പ്.



വർക്കല ക്ലിഫിന്റെ സംരക്ഷണം, നടപ്പാത പുനരുദ്ധാരണം, കാപ്പിൽ ബച്ചിൽ ലാൻഡ്സ്കേപ്പിങ് എന്നിവയുടെ നിർമാണപ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. ബീമാപള്ളി ദർഗ്ഗാഷെരീഫിലെ സന്ദർശകർക്കായുള്ള അമിനിറ്റി സെന്റർ പ്രവർത്തനം സജ്ജമാക്കി. പാലക്കാട് കോട്ടയുടെയും പരിസരപ്രദേശങ്ങളുടെയും സൗന്ദര്യവത്കരണ പ്രവർത്തനത്തിന്

തുടക്കം കുറിച്ചു. കോട്ടയം ജില്ലയിലെ അരുവിക്കുഴി വെള്ളച്ചാട്ടം ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ നിർമാണ പ്രവർത്തനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചു.

ടൂറിസം മേഖലയിലെ മാനവശേഷി വികസനം ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട കോഴ്സുകളുടെ അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന സി-ക്വസ്റ്റ് സർട്ടിഫിക്കേഷൻ പദ്ധതിയുടെ പ്രോജക്ട് പൂർത്തീകരണം 100 ദിന പരിപാടിയിലെ ഒരിനമായിരുന്നു. അതും പൂർത്തിയാക്കുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ ദുർബലജനവിഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് അർഹമാക്കുന്നതിനായി കിറ്റ്സിന്റെ ആഭിമുഖ്യത്തിലുള്ള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കുടുംബശ്രീ സ്പോൺസർ ചെയ്യുന്ന കുട്ടികൾക്ക് പ്രവേശനം ഉറപ്പാക്കുന്ന പദ്ധതി പ്രകാരം 100 ദിവസത്തിനുള്ളിൽ 24 വിദ്യാർഥികൾക്ക് പ്രവേശനം നല്കി ക്ലാസുകൾ ആരംഭിച്ചുകഴിഞ്ഞു.

റാണിപുരം, കാസർഗോഡ്, സരോവരം പാർക്ക്, വാഗമൺ ടൂറിസ്റ്റ് കോംപ്ലക്സ്, ആതിരപ്പള്ളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കി ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുത്തു. അരുവിക്കര, പേപ്പാറ വികസന പരിപാടിയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. മുസിരിസ്, കോഴിക്കോട് മിഠായിത്തെരുവ് പൈതൃക ടൂറിസം പദ്ധതികളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ടൂറിസം ഉദ്യോഗസ്ഥരുടെ സ്വത്തുവിവരം പ്രഖ്യാപിച്ചു. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, കരാറുകൾ, ടെണ്ടറുകൾ, പ്രൈസ് ബിഡുകൾ, റിസർട്ട് ബിഡുകൾ എന്നിവ അതതുദിവസം തന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും അതിന്റെ നിരീക്ഷണത്തിനും സംവിധാനം ഏർപ്പെടുത്തി. ടൂറിസംവകുപ്പും ബന്ധപ്പെട്ട സർക്കാർ സംരഭങ്ങളും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു. ഫയൽ തീർപ്പാക്കൽ പരിപാടിയുടെ ഭാഗമായി ഫയൽ ഡിസ്പോസൽ വർക്കുഷോപ്പുകൾ സംഘടിപ്പിച്ചു. അടുത്ത മാർച്ച് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു.

നൂറുദിന പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചിരുന്ന ബീച്ച് നവീകരണ പദ്ധതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കൂടാതെ ആക്കുളത്തെ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ നിർമാണ പ്രവർത്തനം വെറ്റ്ലാൻഡ് കൺവെർഷൻ അനുമതിക്കായുള്ള നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ ആരംഭിക്കും. സെപ്റ്റംബർ അവസാനത്തോടെ ഇതിന് തുടക്കം കുറിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

വിദേശ ടൂറിസ്റ്റുകൾക്കെന്നപോലെ ആഭ്യന്തര ടൂറിസ്റ്റുകൾക്കും മികച്ച സൗകര്യങ്ങൾ ലഭ്യമാക്കി സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് പര്യാപ്തമായ നിലയിൽ ടൂറിസം മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള തീവ്രശ്രമം വകുപ്പു തുടരുകയാണ്. ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശവാസികൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ പരമാവധി ലഭ്യമാക്കുകയും, ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലയായി ടൂറിസത്തെ വളർത്തിയെടുക്കുകയുമാണ് ലക്ഷ്യം. പൊതുമേഖലാ പദ്ധതികൾക്കൊപ്പം സ്വകാര്യ സംരംഭകരെക്കൂടി ഉൾക്കൊണ്ടുകൊണ്ടു മാത്രമേ ടൂറിസത്തിന്റെ സാധ്യതകൾ പൂർണതോതിൽ വിനിയോഗിക്കാനാകൂ. കേന്ദ്രസർക്കാരിന്റെ പരിപൂർണ പിന്തുണ ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ലഭ്യമാക്കാനുള്ള ശ്രമങ്ങളും തുടരും.

# ദുർബലവിഭാഗങ്ങൾക്ക് നൂതന പദ്ധതികൾ

പട്ടികജാതി-പിന്നാക്ക സമുദായങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയെന്നാൽ എന്നെ സംബന്ധിച്ചിടത്തോളം സാമൂഹ്യനീതിക്കു വേണ്ടിയുള്ള പ്രവർത്തനം തന്നെയാണ്. സമൂഹത്തിൽ ഏറ്റവും പിന്നാക്കം നില്ക്കുന്ന വ്യക്തിയിലാണ് സാമൂഹ്യപ്രവർത്തനത്തിന്റെ സദ്ഫലം ഏറ്റവും ആദ്യം എത്തിച്ചേരേണ്ടത് എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട് വഴിവിളക്കായി ഞാൻ കാണുന്നു.

സർക്കാർ തലത്തിൽ, പട്ടിക ജാതി ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോഴും നിർവഹിക്കുമ്പോഴും ഈ ചിന്താഗതിയാണ് എന്നെ നയിക്കുക. സാമുദായിക വിവേചനത്തിന്റെ കാലഘട്ടം അവസാനിക്കുകയും മുഖ്യധാരയിലേക്ക് എല്ലാ വിഭാഗവും എത്തിച്ചേരുകയും ചെയ്യുമ്പോൾ മാത്രമേ സാമൂഹ്യനീതി എന്ന സ്വപ്നം യാഥാർഥ്യമാവുകയുള്ളൂ. ഇതിലേക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നതും സത്യമാണ്.

### സാമൂഹിക നീതി

സാമൂഹിക നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ഏറ്റവും ശക്തമായ ആയുധം വിദ്യാഭ്യാസമാണ്. അതുകൊണ്ടു തന്നെ, യു.ഡി.എഫ്. സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ വിദ്യാർഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ മാത്രമാണ് ഉൾപ്പെടുത്തിയത്. ഭരണഘടന ഉറപ്പാക്കിയിട്ടുള്ള ആനുകൂല്യങ്ങളുടെ തണലിലല്ലാതെ തന്നെ പൊതു സമൂഹവുമായി മത്സരിക്കാനുള്ള പ്രാപ്തി പട്ടിക ജാതി വിദ്യാർഥികളിലും യുവാക്കളിലും സൃഷ്ടിക്കുകയാണ് മുഖ്യധാരയിൽ ഈ സമൂഹത്തെ എത്തിക്കാനുള്ള ഏറ്റവും ശരിയായ മാർഗം. അതുവഴി ഉണ്ടാകുന്ന ആത്മവിശ്വാസവും ഉത്ക്കർഷവും വളരെ വലുതാണ്. ഓരോ വ്യക്തിയുടേയും ഉയർച്ച താഴ്ചകളുടെ ശക്തിയും ദൗർബല്യവും അവരവരിൽ തന്നെ കുടികൊള്ളുന്നുവെന്ന കാഴ്ചപ്പാട് വിദ്യാഭ്യാസത്തിലൂടെ നേടി എടുക്കാനായാൽ, മറ്റൊരു ബാഹ്യശത്രുവിനോട് പടപൊരുതാനുള്ള അഭിനിവേശത്തിന് തടയിടാനാവും.



യഥാർഥത്തിലുള്ള ശത്രുവിനെ നമുക്ക് വിജയിക്കാനാവും, സങ്കൽപ്പത്തിൽ മെനഞ്ഞെടുക്കുന്ന ശത്രുവിനെ നമുക്കൊരിക്കലും തോല്പിക്കാനാവില്ല. ഞാനിതിവിടെ സൂചിപ്പിക്കാൻ കാരണം, വിമോചനത്തിന്റെ പേരിൽ നമ്മുടെയിടയിൽ ചിലപ്പോഴെങ്കിലും കാണപ്പെടുന്ന വിധ്വംസക വാസനകളുടെ വ്യാപനമാണ്. ഏത് ശത്രുവിനേയും തോല്പിക്കാനുള്ള ആയുധമാണ് ആത്മവിശ്വാസം. ആത്മവിശ്വാസത്തിന്റെ ഉറവിടം ശരിയായ വിദ്യാഭ്യാസവും. അക്രമം ഭീരുവിന്റെ മാർഗമാണെന്ന് ഗാന്ധിജി വ്യക്തമാക്കിയിട്ടുണ്ട്.

## വിഷൻ 2013

ഈ പശ്ചാത്തലത്തിലാണ്, പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പട്ടികജാതി വിദ്യാർഥികൾക്ക് മെരിറ്റിലൂടെ പ്രവേശനം ഉറപ്പാക്കാനുള്ള ഒരു പദ്ധതിക്ക് തുടക്കം കുറിക്കാൻ ആലോചിച്ചത്. 'വിഷൻ 2013' എന്ന ഈ പദ്ധതിയിലൂടെ ഈ വർഷം 'ബി പ്ലസും' അതിനുമുകളിലും ഗ്രേഡു വാങ്ങി എസ്.എസ്.എൽ.സി. വിജയിച്ച സമർഥരായ പട്ടികജാതി വിദ്യാർഥികൾക്ക്, പ്ലസ് വൺ, പ്ലസ് ടൂ പഠനത്തോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട കോച്ചിങ് സെന്ററുകൾ വഴി പ്രത്യേക പ്രവേശനപ്പരീക്ഷാ പരിശീലനം നൽകാനുള്ള നടപടി സർക്കാർ സ്വീകരിച്ചു കഴിഞ്ഞു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 29-ന് നടത്തുകയുണ്ടായി. എല്ലാ ജില്ലകളിലും ഇത് വ്യാപിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു.

## വിദ്യായാത്ര

പട്ടിക ജാതി വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഹൈസ്കൂൾ തലത്തിലാണ് ഏറ്റവും അധികം അനുഭവപ്പെടുന്നത്. മിക്കപ്പോഴും ഹൈസ്ക്കൂളുകൾ താമസസ്ഥലത്തിന് അകലെയാകുന്നതാണ് ഇതിനുള്ള കാരണമായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. കൊഴിഞ്ഞുപോക്കിന് നല്ലൊരളവോളം തടയിടാനും പഠനത്തിന് പ്രോത്സാഹനം നല്കാനുമായി എട്ടാം തരത്തിൽ പഠിക്കുന്ന എല്ലാ പട്ടിക ജാതി വിദ്യാർഥികൾക്കും സൗജന്യമായി സൈക്കിൾ വിതരണം ചെയ്യാനുള്ള പദ്ധതിക്ക് സർക്കാർ രൂപം നല്കി. ഇതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. 55000 വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന ഈ പദ്ധതി 'വിദ്യായാത്ര' എന്ന പേരിലാണ് നടപ്പാക്കുക. ഇതിനാവശ്യമായ 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ മാസം തന്നെ ഇതിന്റെ വിതരണം തുടങ്ങാനാകും.



## വിജ്ഞാൻവാടി

പട്ടികജാതി വകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ 192 പ്രീമെട്രിക് ഹോസ്റ്റലുകളിലും ടെലിവിഷൻ സെറ്റും പുതിയ പുസ്തകങ്ങളും നല്കികൊണ്ടുള്ള ലൈബ്രറി നവീകരണമാണ് 100 ദിന പരിപാടിയിലെ മറ്റൊരിനം. പട്ടികജാതി വിദ്യാർഥികളിൽ പൊതു വിജ്ഞാനത്തിന്റെ അടിത്തറ പാകാൻ ലക്ഷ്യമാക്കി നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം സെപ്തംബർ മൂന്നിന് കോട്ടയത്ത് കുറിച്ചി മോഡൽ റെസിഡൻഷ്യൻ ഐ.ടി.സിയിൽ ഉദ്ഘാടനം ചെയ്തു. ഐ.ടി.സി. ഹോസ്റ്റലിന്റെ ഉദ്ഘാടനവും അനുബന്ധമായി നടന്നു

ആനുകാലിക വിജ്ഞാന വ്യാപനവും സാങ്കേതിക സൗകര്യങ്ങളും പട്ടികജാതി യുവാക്കൾക്ക് ലഭ്യമാക്കാനും ഓൺലൈൻ വഴി തൊഴിലിനും മറ്റുമുള്ള അപേക്ഷകൾ അയയ്ക്കാൻ സൗകര്യം ഒരുക്കാനുമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു പട്ടികജാതി സങ്കേതത്തിൽ 'വിജ്ഞാൻവാടി' എന്ന പേരിൽ ലൈബ്രറിയും റീഡിംഗ് റൂമും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കമ്പ്യൂട്ടറും സജ്ജമാക്കാനും നടപടിയാരംഭിച്ചു. ഇത് ഘട്ടം ഘട്ടമായി എല്ലാ സങ്കേതങ്ങളിലും ഏർപ്പെടുത്തുകയാണ് ലക്ഷ്യം. കെട്ടിട സൗകര്യമുള്ള സങ്കേതങ്ങളിൽ ഇത് ഉടൻ ആരംഭിക്കും. അല്ലാത്തിടത്ത് സ്ഥലം ലഭ്യമാക്കിയാൽ കെട്ടിട നിർമാണത്തിനുള്ള സാമ്പത്തിക സഹായവും വകുപ്പിൽ നിന്ന് ലഭ്യമാകും. ഈ പദ്ധതി ആഗസ്റ്റ് 26-ന് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലുള്ള പറപ്പാറ പട്ടികജാതി സങ്കേതത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു.

## തൊഴിലവസരങ്ങൾ

പട്ടികജാതി വിദ്യാർഥികൾക്ക് നല്കിവരുന്ന നിലവിലുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസം പോലെ തന്നെ പരമപ്രധാനമാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കലും, വാസസ്ഥലവും വീടും ലഭ്യമാക്കലും, ആരോഗ്യ പരിപാലനവും. ഇക്കാര്യങ്ങളിലും വേണ്ടത്ര പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള നടപടികൾക്ക് സർക്കാർ ഇതിനകം തുടക്കം കുറിച്ചു കഴിഞ്ഞു. നിയമാനുസൃതം പട്ടികജാതിക്കാർക്ക് ഉറപ്പാക്കിയിട്ടുള്ള തൊഴിലവസരം നഷ്ടപ്പെടാതിരിക്കാനുള്ള നിരീക്ഷണ സംവിധാനം സർക്കാർ നടപ്പാക്കുന്നതാണ്. സ്വയം തൊഴിൽ മേഖലയിലും പട്ടികജാതിക്കാർക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സ്വകാര്യമേഖലയിലും പട്ടികജാതിക്കാർക്ക് തൊഴിലുറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

## ധനസഹായങ്ങൾ

വാസസ്ഥലവും വീടും പട്ടികജാതിക്കാരുടെ അവകാശമായി കണ്ടുകൊണ്ടുള്ള ഒരു സമീപനമാണ് ഐക്യ ജനാധിപത്യമുന്നണി സർക്കാരിനുള്ളത്. വീടു നിർമിക്കാനുള്ള ധനസഹായം ഒരു ലക്ഷത്തിൽ നിന്ന് രണ്ടു ലക്ഷം രൂപയായി ഉയർത്താനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ഭൂമി വാങ്ങാനുള്ള ധനസഹായവും ഇരട്ടിയാക്കി വർധിപ്പിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ നല്കി വന്നിരുന്ന 75000 രൂപയുടെ ധനസഹായം ഒന്നരലക്ഷം രൂപയാക്കി ഉയർത്തി. മുനിസിപ്പാലിറ്റി പ്രദേശത്ത് 90,000 രൂപയായിരുന്നത് 1,75,000 രൂപയായും കോർപ്പറേഷൻ മേഖലയിൽ ഒരു ലക്ഷമായിരുന്നത് രണ്ടു ലക്ഷം രൂപയായും ഉയർത്തി. ചികിത്സതേടുന്ന പാവപ്പെട്ട പട്ടികജാതിക്കാർക്കെല്ലാം, ചികിത്സാധന സഹായം എത്തിക്കാനുള്ള സമീപനമാണ് സർക്കാരിനുള്ളത്.

## ഒറ്റത്തവണ തീർപ്പാക്കൽ

വകുപ്പുതല പൗരാവകാശരേഖ തയാറാക്കിക്കഴിഞ്ഞു. ഇത് നടപ്പാക്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. വകുപ്പിന്റെ വെബ്സൈറ്റ് വിപുലീകരണ പ്രവർത്തനം കെൽട്രോണിന്റെ ചുമതലയിൽ നടന്നുവരുന്നു. വകുപ്പിനു കീഴിലുള്ള പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സാക്കി ഉയർത്തുക, ഈ വിഭാഗങ്ങൾ എടുത്തിട്ടുള്ള 25,000 രൂപയ്ക്കു താഴെയുള്ള (പലിശയും പിഴപ്പലിശയും ഉൾപ്പെടെ) വായ്പകൾ എഴുതിതള്ളാനും അതിനുമേലുള്ള വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കാനുമുള്ള പദ്ധതിയുടെ നടത്തിപ്പ് ഈ വർഷം ഡിസംബർ 31 വരെ ദീർഘിപ്പിക്കുക എന്നിവയും നടപ്പാക്കിക്കഴിഞ്ഞ പദ്ധതികളാണ്. ഫയൽ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി അദാലത്ത് സംഘടിപ്പിക്കുകയും ആഗസ്റ്റ് 29 വരെ 31,016 (25%) ഫയലുകൾ തീർപ്പാക്കുകയും ചെയ്തു. ചുരുക്കത്തിൽ കഴിഞ്ഞ 100 ദിവസങ്ങൾ വകുപ്പിനെ സംബന്ധിച്ചിടത്തോളം പൂർണമായും കർമ നിരതമായിരുന്നുവെന്ന് പറയുന്നതിൽ സന്തോഷമുണ്ട്.

■ **വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് മന്ത്രി)



# വികസനവഴിയിൽ കേരളം കുതിക്കുന്നു

കേരളത്തിന്റെ വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ എപ്പോഴും ചെന്നെത്തുന്നത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ (ഇൻഫ്രാസ്ട്രക്ച്ചർ) അഭാവത്തിലേക്കാണ്. അടിസ്ഥാന സൗകര്യ വികസനം ഒരുക്കാതെ കേരളത്തിൽ ഇനി വികസനത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടു കാര്യമില്ല. ഇത് മുൻകൂട്ടി കണ്ട് കേരള സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (എസ്.ആർ.ഐ.പി).

## എ.ഡി.ബി. പദ്ധതി

എ.ഡി.ബി. സഹായത്തോടെ ആയിരം കി.മീറ്റർ റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ പുനർ നിർമിക്കുകയെന്ന ബൃഹത്തായ പദ്ധതിയാണിത്. 5100 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേരളത്തിന്റെ മുഖച്ഛായ മാറ്റുന്നതും സംസ്ഥാനത്തിന്റെ ചരിത്രത്തിൽത്തന്നെ മറ്റൊരു നാഴികക്കല്ലാവുമായിരിക്കും.

ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പ്രത്യേക കമ്പനി രൂപീകരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. മൊത്തം ചെലവുവരുന്ന 5100 കോടി രൂപയിൽ 200 കോടി രൂപ എ.ഡി.ബിയിൽ നിന്നും 1300 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകളിലൂടെയും സമാഹരിക്കും. സ്ഥലമേറ്റെടുക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവായ 1000 കോടി രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 800 കോടി രൂപ സ്വകാര്യ പങ്കാളിത്ത പദ്ധതികളിൽ നിന്നാണ് കണ്ടെത്തുന്നത്.

പദ്ധതികൾ നടപ്പാക്കുന്നതിന് സാധാരണരീതിയിൽ ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി കേരളത്തിന്റെ മുഖഛായ മാറ്റുന്നതിൽ നിർണായക പങ്കുവഹിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പ്രഖ്യാപിച്ച ഒട്ടുമിക്ക കാര്യങ്ങളും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഇതിന് പുറമെയാണ് ദീർഘ വീക്ഷണത്തോടെ നടപ്പിലാക്കുന്ന സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്.

കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് നടത്തിയ റോഡ് നിർമാണം ഏറെക്കുറെ തകർന്നിരിക്കുകയാണ്. ഈ റോഡുകളുടെ കുഴി അടയ്ക്കലും പാച്ച്‌വർക്കും ഈ മാസം പൂർത്തിയാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകിക്കഴിഞ്ഞു.

---

പട്ടികജാതി ക്ഷേമത്തിനായി ചെലവിടുന്ന പണം പൂർണമായും ശരിയായ ഗുണഭോക്താക്കളിലെത്തുന്നില്ലെന്ന പരാതി വ്യാപകമാണ്. അതിന് പരിഹാരമെന്നോണം പദ്ധതികൾ തികച്ചും സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കാനാണ് യു.ഡി.എഫ്.സർക്കാരിന്റെ തീരുമാനം. വകുപ്പു തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പാക്കുന്ന പദ്ധതികൾക്ക് അനുവദിക്കപ്പെട്ട തുക പൂർണമായും വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെലവിടുന്ന ഓരോ രൂപയും നിശ്ചിത ലക്ഷ്യത്തിൽ എത്തുന്നു എന്നുറപ്പാക്കുകയാണ് സർക്കാരിന്റെ സുപ്രധാന ദൗത്യങ്ങളിലൊന്ന്.

പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങളിൽ, ഗുണഭോക്തൃ വിഭാഗത്തിന്റേയും പൊതു സമൂഹത്തിന്റേയും പിന്തുണ ഉണ്ടായാൽ മാത്രമേ സർക്കാരിന്റെ പ്രവർത്തനങ്ങൾ പൂർണമായും ലക്ഷ്യപ്രാപ്തിയിലെത്തൂ എന്നത് വസ്തുതയാണ്.

## യുവത്വത്തിന് മുൻഗണന

100 ദിന പരിപാടിയുടെ ഭാഗമായി വകുപ്പ് ആവിഷ്ക്കരിച്ച പരിപാടികളെല്ലാം വിദ്യാർഥികൾക്കും യുവാക്കൾക്കും വേണ്ടിയുള്ളതാണ് എന്നതു തന്നെ പട്ടികജാതി വികസന പ്രവർത്തനങ്ങളിൽ നിലവിലുള്ള സർക്കാരിന്റെ കാഴ്ചപ്പാട് വ്യക്തമാക്കാൻ പര്യാപ്തമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഫ്യൂഡൽ വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന ജീർണതകളുടെ അവശിഷ്ടങ്ങൾ വിശാലകാഴ്ചപ്പാടു പുലർത്താൻ പക്വതയാകാത്ത ചിലരിൽ ഇപ്പോഴും അവശേഷിക്കുന്നുണ്ടാകാം. പക്ഷേ, അതെല്ലാം ഒറ്റപ്പെട്ട അനുഭവങ്ങളാണെന്ന് തിരിച്ചറിയാൻ നമുക്കു കഴിയണം. അടിച്ചമർത്തപ്പെട്ടവന്റെ വികാരം അടിച്ചമർത്തലിലൂടെ പ്രകടിപ്പിക്കുന്ന സംസ്കാരത്തിലേക്ക് ചിലരെങ്കിലും വഴുതിവീഴുമ്പോൾ, അവിടെ നഷ്ടമാകുന്നത് ഈ മണ്ണിന്റെ തനതു സംസ്കൃതിയുടെ ഉടമകളായ പട്ടികജാതി സമൂഹത്തിന്റെ മഹത്വമാണ്. ആർക്കും പിന്നിലല്ല നാമെന്ന് പൊതു സമൂഹത്തെ ബോദ്ധ്യപ്പെടുത്തി അംഗീകരിപ്പിക്കാനുള്ള ആയുധമായി വിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്താൻ പട്ടികജാതി വിദ്യാർഥി സമൂഹത്തിനു കഴിയട്ടെ എന്നാശിക്കുകയും ആശംസിക്കുകയും ചെയ്യാൻ ഞാനീ അവസരം വിനിയോഗിക്കുന്നു.

ഗുണഭോക്തൃ സമൂഹത്തോടൊപ്പം, ചരിത്രഗതിയിൽ പിന്നാക്കംപെട്ടുപോയ സഹോദര സമൂഹത്തെ ഒപ്പമെത്തിക്കാനുള്ള യത്നത്തിൽ കേരളത്തിലെ പൊതുസമൂഹത്തിന്റേയും ആത്മാർഥമായ സഹകരണമുണ്ടാകണമെന്നാണ് മന്ത്രി എന്ന നിലയിൽ അഭ്യർഥിക്കാനുള്ളത് ■

ശബരിമല റോഡുകളുടെ മെയിന്റനൻസാണ് സർക്കാർ പ്രാധാന്യം നൽകുന്ന മറ്റൊരു കാര്യം. ഇതിന്റെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി നൂറ്റിഇരുപത്തിരണ്ട് കോടി രൂപ ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്. തീർഥാടനം തുടങ്ങുന്ന നവംബർ പതിനാലിന് മുമ്പ് ഈ ജോലികൾ പൂർത്തിയാക്കുന്നതാണ്. ഇതോടൊപ്പം തീർഥാടകർക്കായി റാന്നിയിൽ നിർമിക്കുന്ന 12 നില കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു.

ഓരോ ജില്ലകളിലും നടത്തേണ്ട നിർമാണ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, അവ വേഗത്തിലാക്കുന്നതിനും വിവിധ ജില്ലകളിൽ അവലോകനയോഗങ്ങൾ എന്റെ സാന്നിധ്യത്തിൽത്തന്നെ നടക്കുന്നുണ്ട്. വകുപ്പുദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്യുന്നതുമൂലം പ്രശ്ന പരിഹാരം വേഗത്തിൽ സാധ്യമാകുന്നുവെന്നതാണ് ഇതുവരെയുള്ള അനുഭവം.

ഉദ്യോഗസ്ഥരുടെ അധികാര പരിധി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യതാ പഠനം നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയതും എടുത്തു പറയേണ്ടതാണ്.

## ഗ്രീൻ ബിൽഡിങ്

പരിസ്ഥിതിക്ക് അനുയോജ്യമായ ഗ്രീൻ ബിൽഡിങ് ലോകമെമ്പാടും ജനപ്രീതി ആർജിച്ചു വരികയാണ്. ഗ്രീൻ ബിൽഡിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ സർക്കാരിന് പൂർണമായി ബോധ്യമുണ്ട്. അതിനായി ഒരു കരട് നയം തയ്യാറാക്കിക്കഴിഞ്ഞു.

## സംരക്ഷണം

നമ്മുടെ ചരിത്രവും സംസ്കാരവുമായി ബന്ധമുള്ള കെട്ടിടങ്ങൾ സംസ്ഥാനത്ത് നിരവധിയാണ്. അവയെ സംരക്ഷിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനുമായി ഒരു സ്പെഷ്യൽ സെൽ പ്രവർത്തനം തുടങ്ങി.

റോഡുകളുടെ അവസ്ഥയെപ്പറ്റിയുള്ള പരാതികൾ സ്വീകരിക്കുന്നതിനും തുടർന്ന നടപടികൾ കൈക്കൊള്ളുന്നതിനും ഹെൽപ്പ്ലൈൻ വിപുലീകരിച്ച് കാര്യക്ഷമമാക്കുകയുണ്ടായി. കെ.എസ്.ടി.പി. ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ ദിവസവും നൂറുകണക്കിന് പരാതികൾ സ്വീകരിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

## റോഡു നിർമാണം

മുടങ്ങിക്കിടന്ന നിരവധി റോഡുകളുടെയും കെട്ടിടങ്ങളുടെയും പണി നൂറു ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെയും കർമനിരതയുടെയും ഉദാഹരണമാണ്. ഇപ്രകാരം നിർമാണം പൂർത്തിയാക്കിയവയാണ്-

തിരുവനന്തപുരം ജില്ലയിലെ കാച്ചാണി-നെട്ടയം-വട്ടിയൂർക്കാവ്-വേട്ടമുക്ക് റോഡ്, തിരുവനന്തപുരം ഗവ. എഞ്ചിനീയറിങ് കോളേജ് എം.ബി.എ.ബ്ലോക്ക്, കൊല്ലം ജില്ലയിലെ പുതിയകാവ്-ചക്കുവള്ളിറോഡ്, കോട്ടയം ഡെന്റൽ കോളേജ് ഹോസ്റ്റൽ കെട്ടിടം, ഇടുക്കി ജില്ലയിലെ തൊടുപുഴ ലിങ്ക് റോഡുകൾ മോടിപിടിപ്പിക്കൽ, ആലപ്പുഴ മെഡിക്കൽ കോളേജ് വനിതാ ഹോസ്റ്റൽ കെട്ടിടം, എറണാകുളം ജില്ലയിലെ തൃക്കാക്കരയിൽ ജില്ലാ പ്ലാനിങ് സെക്രട്ടേറിയറ്റിന്റെയും കുന്നുകരയിൽ മിനി സിവിൽ സ്റ്റേഷന്റെയും നിർമാണം, തൃശൂർ ജില്ലയിലെ കൊടകര-കൊടുങ്ങല്ലൂർ റോഡും, തൃശൂർ എക്സൈസ് അക്കാഡമി കെട്ടിടവും, മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഐ.ടി.സി.യുടെയും മഞ്ചേരി മാതൃ-ശിശു ആശുപത്രിയുടെയും കെട്ടിടങ്ങൾ, വയനാട് സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷൻ, കണ്ണൂർ ജില്ലയിൽ പാന്നൂർ വില്ലേജ് ആഫീസ് കെട്ടിടം, റോഡ് ഫണ്ട് ബോർഡ് മുഖേന നടത്തിവരുന്ന തിരുവനന്തപുരം എൽ.എം.എസ്. ജംഗ്ഷൻ മുതൽ പഴവങ്ങാടി ജങ്ഷൻ വരെയുള്ള എം.ജി റോഡിന്റെ നവീകരണം എന്നിവ. കൂടാതെ താഴെപ്പറയുന്ന നിർമാണങ്ങളും നൂറുദിവസത്തിനുള്ളിൽ ആരംഭിച്ചിട്ടുണ്ട്.

തൃശൂർ ജില്ലയിലെ കൊടകര-കൊടുങ്ങല്ലൂർ റോഡ് പുനരുദ്ധാരണം, പാലക്കാട് ജില്ലയിലെ കൊളപ്പുള്ളി-ഏലിയാപ്പെറ്റ റോഡ് പുനരുദ്ധാരണം, മലപ്പുറം മാതാപ്പുഴ പാലത്തിന്റെ നിർമാണം, കാസർകോഡ് പറവനാട്ടുകം മഹിളാ മന്ദിരത്തിന്റെ നിർമാണം.

## മാന്വൽ പരിഷ്ക്കരണം

കഴിഞ്ഞ സർക്കാരിന്റെ കാലത്തെ അപൂർണവും അബദ്ധജടിലവുമായ മാന്വൽ പരിഷ്കരണ നിർദേശങ്ങൾ പുനഃപരിശോധിച്ചു വരികയാണ്. അബദ്ധപഞ്ചാംഗമായി മാറുമായിരുന്ന പ്രസ്തുത മാന്വൽ ഏവർക്കും സ്വീകാര്യമായ രീതിയിലുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തി ഉടനടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിവേചനരഹിതമായും ദീർഘവീക്ഷണമില്ലാതെയും ധനസ്രോതസ്സ് കണ്ടെത്താതെയും വിവിധ പാക്കേജുകളുടെ പേരിൽ നിർമാണപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞ സർക്കാർ അനുമതി നൽകിയതിന്റെ തിക്തഫലങ്ങൾ കണ്ടുതുടങ്ങിയിട്ടേയുള്ളൂ. ഇത്തരത്തിൽ കോൺട്രാക്ടർമാർക്ക് നൽകേണ്ടതായിട്ടുള്ള 2000 കോടിയുടെയെങ്കിലും ബില്ലുകൾ വന്നു തുടങ്ങുമ്പോൾ പണം കണ്ടെത്തേണ്ടതായിട്ടുണ്ട്.

നൂറുദിന കർമപരിപാടിക്കൊപ്പം ഒരു വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട കർമപരിപാടികൾക്കും വകുപ്പ് രൂപം നൽകിയിട്ടുണ്ട്. അഴിമതിരഹിതവും, സുതാര്യവും പക്ഷപാതരഹിതവുമായ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നടത്തുവാൻ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. പൊതുജനങ്ങളുടെ സഹകരണവും പ്രോത്സാഹനവുമാണ് ഇതിനായി ഞങ്ങൾക്ക് ഊർജം നൽകുന്നത് ■



**സി.എൻ. ബാലകൃഷ്ണൻ** (സഹകരണ മന്ത്രി)



# ജനങ്ങൾക്കാശ്വാസമായി സഹകരണമേഖല

കേരളത്തിലെ സഹകരണമേഖല ഇന്ന് വികസനോൻമുഖ മുന്നേറ്റത്തിന്റെ പാതയിലാണ്. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന തലത്തിൽ സഹകരണ പ്രസ്ഥാനം കരുത്താർജിച്ചു കഴിഞ്ഞു. ജനങ്ങളുമായി ഇഴുകിച്ചേർന്ന ജനകീയ സംഘശക്തിയെന്ന നിലയിൽ സഹകരണ വകുപ്പിന്റെ സാമൂഹിക പ്രതിബദ്ധത ഇന്ന് വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ഈ ഒരു തിരിച്ചറിവിന്റെ പശ്ചാത്തലത്തിലാണ് സഹകരണ വകുപ്പിലെ 100 ദിന കർമ പരിപാടികൾ ആസൂത്രണം ചെയ്തത്. കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കത്തക്കവണ്ണമുള്ള വകുപ്പിന്റെ ശാക്തീകരണം, ജനകീയ ആശ്വാസ പദ്ധതികൾ, വികസന പദ്ധതികൾ, സാംസ്കാരിക രംഗത്തെ പ്രവർത്തനം തുടങ്ങി 100 ദിന കർമ പരിപാടികളിൽ ഉൾപ്പെടുന്ന പദ്ധതികൾ എല്ലാം സഹകരണ പ്രസ്ഥാനത്തിന്റെ ജനകീയ ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതും സർക്കാരിന്റെ മുഖമുദ്രയായ വികസനം, കരുതൽ, സുതാര്യത എന്നിവയ്ക്ക് വർധിച്ച പ്രാധാന്യം നൽകുന്ന തരത്തിലും ആയിരുന്നു. പൗരാവകാശരേഖ തയ്യാറാക്കിയതിലൂടെയും, വിപണിയിലെ ശക്തമായ ഇടപെടലിലൂടെയും, കുടിശികക്കാർക്ക് ആശ്വാസം പകർന്നുകൊണ്ടുള്ള നടപടികളിലൂടെയും സഹകരണ വകുപ്പ് ജനങ്ങളോടുള്ള പ്രതിബദ്ധത ഒരിക്കൽകൂടി വ്യക്തമാക്കി. അതോടൊപ്പം തന്നെ ധാരാളം വികസന പ്രവർത്തനങ്ങൾക്കും ഈ 100 ദിവസം തുടക്കം കുറിക്കുന്നതിന് കഴിഞ്ഞു. അക്ഷര കേരളത്തിന്റെ പ്രതീക്ഷയായ സാഹിത്യപ്രവർത്തക സഹകരണസംഘം പുസ്തക പ്രസാധനരംഗത്ത് പ്രഖ്യാപിച്ച ലക്ഷ്യം നേടുകയും ചെയ്തു. ഖാദി ഗ്രാമവ്യവസായ മേഖലയിലും കരുതലും വികസന പ്രവർത്തനവും ഈ ദിവസങ്ങളിൽ ദൃശ്യമായി.



## പൗരാവകാശരേഖ

സഹകരണവകുപ്പ് പൗരാവകാശരേഖ തയ്യാറാക്കി കഴിഞ്ഞു. കേരളീയ ജനജീവിതത്തിന്റെ ഭാഗമായ സഹകരണ പ്രസ്ഥാനത്തിന് ഭരണപരമായ നേതൃത്വം നൽകുന്ന സഹകരണ വകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിൽ വളരെയധികം പ്രാധാന്യം ഉണ്ട്. വകുപ്പുമായി ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച അവകാശങ്ങൾ പൗരാവകാശ രേഖയിലൂടെ ഓരോ പൗരനും കൃത്യമായി അറിയാൻ കഴിയും. സേവന ഗുണമേൻമ, അവയെ സംബന്ധിച്ച വ്യവസ്ഥകൾ, അവ ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ, സമയപരിധി, സേവന സംബന്ധമായുള്ള പരാതികളുടെ പരിഹാര മാർഗങ്ങൾ, ഇവ ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പുമായി ബന്ധപ്പെടുന്ന ഏവർക്കും അവകാശപ്പെട്ടതും, അർഹതപ്പെട്ടതുമായ സേവനങ്ങൾ വളരെ സുതാര്യതയോടും, സമയബന്ധിതമായും, ഏറ്റവും സൗഹൃദപരമായ അന്തരീക്ഷത്തിൽ അർപ്പണബോധത്തോടും, സാമൂഹിക പ്രതിബദ്ധതയോടുംകൂടി നൽകുവാൻ വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് രേഖ ഉറപ്പ് നൽകുന്നു. മറ്റൊരർഥത്തിൽ ജനസൗഹൃദപരമായ അന്തരീക്ഷം സഹകരണവകുപ്പ് ആഫീസുകളിൽ തീർച്ചയായും ഉറപ്പാക്കുന്നതാണ്.

## ഉപഭോക്തൃ മേഖല

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിപണിയിൽ സഹകരണ മേഖലയുടെ ഇടപെടലിന് വളരെ കാലിക പ്രസക്തി ഉണ്ട്. പ്രത്യേകിച്ചും ഉത്സവകാലങ്ങളിൽ. വളരെ ശക്തവും, കാര്യക്ഷമവുമായ പൊതുവിതരണ സംവിധാനം ഉള്ള കേരളത്തിൽ പോലും വളരെ സംഘടിതമായ രീതിയിൽ വിലക്കയറ്റം സൃഷ്ടിക്കുന്നതിന് സ്ഥാപിത ശക്തികൾക്ക് കഴിയുന്നുണ്ട്. ഇത് ഒരു യാഥാർഥ്യമാണ്. ഈ തിരിച്ചറിവാണ് വിപണിയിൽ സഹകരണ മേഖല ശക്തമായി ഇടപെടുന്നതിന് പ്രധാന കാരണം.



ഈ വർഷം റംസാനും തിരുവോണവും അടുത്തടുത്തായിരുന്നുവല്ലോ ആഘോഷിച്ചത്. ഈ സാഹചര്യത്തിൽ ജൂലൈ 10-ാം തീയതി ആരംഭിച്ച് സെപ്റ്റംബർ എട്ടാം തീയതി സമാപിച്ച 62 ദിവസത്തെ ബൃഹത്തായ കർമപദ്ധതി മൂന്ന് ഘട്ടങ്ങളിലായി വളരെ വിജയകരമായി നടപ്പിലാക്കുന്നതിന് കഴിഞ്ഞു എന്നതിൽ തികച്ചും ചാരിതാർഥ്യമുണ്ട്. ഒന്നാം ഘട്ടത്തിൽ ജൂലൈ 10 മുതൽ സെപ്റ്റംബർ എട്ട് വരെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും (വിലക്കയറ്റ വിരുദ്ധ വിപണന മേളകൾ), രണ്ടാം ഘട്ടത്തിൽ പ്രസ്തുത ദിവസങ്ങളിൽ 140 നിയോജകമണ്ഡലാസ്ഥാനങ്ങളിലും, മൂന്നാം ഘട്ടത്തിൽ ആഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ ഒൻപത് വരെ സഹകരണ വിപണന കേന്ദ്രങ്ങളിലൂടെയും ഓണം-റംസാൻ വിപണനമേളകൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു. ആഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ ഒൻപത് വരെ 3637 റംസാൻ ഓണം സഹകരണ വിപണന മേളകൾ സംഘടിപ്പിച്ചു. 'നന്മ' പദ്ധതിയുടെ ഭാഗമായി 813 സഹകരണ വിപണന കേന്ദ്രങ്ങളും ആരംഭിച്ചു. കൂടാതെ 100 ദിന കർമപരിപാടികളുടെ ഭാഗമായി 11 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൂന്ന് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ, രണ്ട് ഒഴുകുന്ന ത്രിവേണി സ്റ്റോർ, 25 നീതി മെഡിക്കൽ സ്റ്റോറുകൾ ഇവ ആരംഭിക്കുന്നതിനും കഴിഞ്ഞു. സർക്കാരിന്റെ മാർഗനിർദേശം അനുസരിച്ച് കൺസ്യൂമർഫെഡാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

## കുടിശിക നിവാരണം

കേരളത്തിൽ വായ്പാ-നിക്ഷേപ അനുപാതത്തിൽ സഹകരണ മേഖല ശക്തമാണ് എന്ന വസ്തുത അംഗീകരിക്കുമ്പോൾ തന്നെ ഭൂരിപക്ഷം പ്രാഥമിക സഹകരണ ബാങ്കുകളും നഷ്ടത്തിലാണ് എന്ന കാര്യം വിസ്മരിക്കാനാകുകയില്ല. കുടിശിക പിരിച്ചെടുത്തും, ഭരണചെലവ് കുറച്ചും, ശക്തമായ സാമ്പത്തിക അച്ചടക്കം പാലിച്ചും മാത്രമെ നമുക്ക് ഈ മേഖലയെ ശക്തിപ്പെടുത്താനാകുകയുള്ളൂ. ഈ വസ്തുത അംഗീകരിച്ചുകൊണ്ടാണ് 100 ദിന കർമപരിപാടിയിൽ കുടിശിക നിവാരണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകിയത്. കുടിശ്ശിക നിവാരണം തത്വത്തിൽ അംഗീകരിച്ചപ്പോൾ രണ്ട് പ്രധാന ലക്ഷ്യങ്ങളാണ് സർക്കാരിന് ഉണ്ടായിരുന്നത്-സഹകരണ സംഘങ്ങളിലെയും, ബാങ്കുകളിലെയും വായ്പാ കുടിശിക കുറയ്ക്കുകയും, കടബാദ്ധ്യതയിലായ വായ്പക്കാർക്ക് ആശ്വാസം നൽകുകയും ചെയ്യുക. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി 'ആശ്വാസ് 2011' എന്ന പേരിൽ ഒരു കുടിശിക നിവാരണ പദ്ധതിക്ക് തുടക്കം കുറിച്ചു. ജൂലൈ ഒന്ന് മുതൽ ആഗസ്റ്റ് 15 വരെയായിരുന്നു ആശ്വാസ് പദ്ധതി പ്രഖ്യാപിച്ചിരുന്നത്. പദ്ധതിക്ക് ലഭിച്ച ജനകീയ പിൻതുണ പരിഗണിച്ച് പദ്ധതിയുടെ കാലാവധി സെപ്റ്റംബർ 15 വരെ ദീർഘിപ്പിച്ചു. ഈ പദ്ധതി പ്രകാരം ആഗസ്റ്റ് 15 വരെ സംസ്ഥാനത്തെ വായ്പാ സംഘങ്ങൾ 613.13 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുത്തു. കൂടാതെ 20.25 കോടി രൂപയുടെ ആനുകൂല്യം (പിഴ, പലിശ, മറ്റ്, ചെലവുകൾ) വായ്പക്കാർക്ക് നൽകുകയും ചെയ്തു.

## സാംസ്കാരിക രംഗം

ലോക സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നിത്യ അത്ഭുതമാണ് സാഹിത്യപ്രവർത്തക സഹകരണസംഘം. എഴുത്തുകാരും, സാഹിത്യത്തെ സ്നേഹിക്കുന്ന സഹകാരികളും ചേർന്ന് 66 വർഷങ്ങൾക്ക് മുമ്പ് രൂപം നൽകിയ ആ സുന്ദര കൂട്ടായ്മ അതിന്റെ യാത്രാവഴികളിൽ നടത്തിയ കുതിപ്പും, കിതപ്പും പിന്നീടുള്ള ഉയിർത്തെഴുന്നേൽപ്പും കേരളത്തിലെ അക്ഷര സ്നേഹികൾക്ക് അറിവുള്ളതാണ്. സാഹിത്യപ്രവർത്തക സഹകരണ സംഘം സർക്കാരിന്റെ പിൻബലത്തോടുകൂടി ഇന്ന് വളർച്ചയുടെ പാതയിലാണ്. 100 ദിന കർമപരിപാടിയിൽ വിഭാവനം ചെയ്തതുപോലെ 50 പുതിയ പുസ്തകങ്ങളുടെ പ്രസാധനം നിർവഹിക്കുന്നതിന് കഴിഞ്ഞത് സന്തോഷത്തോടും ചാരിതാർഥ്യത്തോടും കൂടി രേഖപ്പെടുത്തുന്നു.

## മറ്റ് വികസന പ്രവർത്തനങ്ങൾ

കേരളത്തിലെ സഹകരണ മേഖലയുടെ പ്രത്യേകത അത് ഉൾക്കൊള്ളുന്ന വൈവിധ്യം ആണല്ലോ. 100 ദിന കർമപരിപാടിയിൽ ഈ മേഖലയിൽ ധാരാളം വികസന പ്രവർത്തനങ്ങൾക്ക് നാന്ദി കുറിക്കുന്നതിന് സാധിച്ചു. കണ്ണൂർ ജില്ലയിൽ കരാറിനകം സർവീസ് സഹകരണ ബാങ്കിൽ കൊപ്ര സംസ്ക്കരണ യൂണിറ്റിന് ശിലാസ്ഥാപനം നടത്തി. വയനാട് ജില്ലയിൽ തിരുനെല്ലി സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ 'ഗന്ധകശാല' അരി സംസ്കരണ ഫാക്ടറിയുടെ നിർമാണത്തിനായി ഒരു കോടി രൂപ ധനസഹായം നൽകുകയും ഫാക്ടറി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. കേരളത്തിലെ സഹകരണ മേഖലയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരും, എൻ.സി.ഡി.സി.യും സംയുക്തമായി നടത്തുന്ന സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ തൊണ്ടർനാട് സർവീസ് സഹകരണ ബാങ്കിന്റെ കെട്ടിടനിർമാണം പൂർത്തീകരിക്കുന്നതിനും മാനന്തവാടി പ്രിന്റിംഗ് സഹകരണസംഘത്തിൽ ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുന്ന

■ **കെ.സി. ജോസഫ്**
(ഗ്രാമവികസനം-ആസൂത്രണം-സാംസ്കാരികം
ക്ഷീരവികസനം-നോർക്ക-ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് മന്ത്രി)



# വികസനവഴിയിൽ നൂറുദിനം

വികസനം വേഗം വേണം എന്ന കാഴ്ചപ്പാടാണ് പുത്തൻ തലമുറ വെച്ചുപുലർത്തുന്നത്. ഈ കാഴ്ചപ്പാടിന് ഊന്നൽ നൽകി പുതിയ കാലത്തിന്റെ വെല്ലുവിളികളെ അതിന്റെ ഗൗരവത്തോടെതന്നെ ഏറ്റെടുത്തുകൊണ്ടാണ് യു.ഡി.എഫ് സർക്കാർ അധികാരമേറ്റതും. സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമപരിപാടി സമയബന്ധിതമായും വിജയകരമായും നടപ്പാക്കാൻ ഓരോ വകുപ്പും ആർജവം കാട്ടിയിട്ടുണ്ട് എന്നത് ഏത് വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാലും നമുക്കുകാണാൻ സാധിക്കും. പദ്ധതികൾ സമയത്ത് നടപ്പിലാക്കിയാൽ അതിന് ജനങ്ങളുടെ പിന്തണ ലഭിക്കും. നൂറു ദിനകർമപരിപാടിയിൽ, ഗ്രാമവികസനം-ആസൂത്രണം-സാംസ്കാരികം-ക്ഷീരവികസനം-നോർക്ക-ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുകളിൽ കാര്യമായ മാറ്റം ചുരുങ്ങിയ നാളുകൾകൊണ്ട് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

## ഗ്രാമവികസനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 97.29 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും 8.25 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാനും സാധിച്ചു. ഇതൊരു ചെറിയ കാര്യമല്ല. 159.02 കോടി രൂപയാണ് തൊഴിലാളികൾക്ക് കൂലിയായി നൽകിയിട്ടുള്ളത്. ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ 12874 വീടുകൾ അനുവദിച്ച് ആദ്യ ഗഡു സഹായം നൽകി. ഈ പദ്ധതിയിൽ മുമ്പ് നിർമാണം ആരംഭിച്ച 10906 വീടുകൾ 100 ദിന കർമപരിപാടിയിൽ പൂർത്തിയാക്കാൻ സാധിച്ചു.

തിനും കഴിഞ്ഞു. തൃശ്ശൂർ ജില്ല നെല്ല് വിപണന സംസ്ക്കരണ സഹകരണ സംഘത്തിന്റെ നവീകരിച്ച റൈസ് മില്ലിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആലപ്പുഴ ജില്ലയിലെ ചുതർഥ്യാകരി സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു സീഡ് സ്റ്റോറും ആരംഭിച്ചു.

## ഖാദി-ഗ്രാമ വ്യവസായം


ഖാദി-ഗ്രാമ വ്യവസായ മേഖല ഇൻഡ്യൻ ദേശീയ പ്രസ്ഥാനവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ. വളരെയേറെ കരുതലും, ശ്രദ്ധയും വേണ്ട മേഖലയാണിത്. സർക്കാർ ധനസഹായത്തോടുകൂടി മാത്രമേ ഇന്നും ഈ മേഖലയ്ക്ക് മുന്നോട്ടുപോകാനാകുന്നുള്ളൂ എന്നത് ഒരു യാഥാർഥ്യമാണ്, പ്രത്യേകിച്ചും ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ. ഖാദി-ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം, ഖാദി-ഗ്രാമീണ ഉല്പന്നങ്ങളുടെ ഉല്പാദനവും വിൽപനയും തുടങ്ങിയ മേഖലകൾ കടുത്ത വെല്ലുവിളികൾ നേരിടുന്നുണ്ട്. അടിസ്ഥാനപരമായിത്തന്നെ ഈ പ്രശ്നങ്ങളെ നേരിട്ടെങ്കിൽ മാത്രമെ ഈ മേഖലയിൽ ഗുണപരമായി മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ 100 ദിന കർമ പരിപാടിയിൽ ഈ വിഷയങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകാൻ ശ്രദ്ധിച്ചിരുന്നു.

ഖാദി തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വരുമാന പൂരക പദ്ധതി അനുസരിച്ച് മിനിമം വേജസ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിച്ചു. 2010 ഏപ്രിൽ മാസം ഒന്നാം തീയതി മുതലുള്ള കുടിശ്ശിക 9.984 കോടി രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞതിൽ ചാരിതാർഥ്യം ഉണ്ട്.

ഖാദി-ഗ്രാമ വ്യവസായ ഉത്പന്നങ്ങൾ അതിന്റെ തനിമയും ഉയർന്ന നിലവാരവും നിലനിർത്തുക എന്നത് വളരെ പ്രധാനമാണ്. ഖാദി ബോർഡിന്റെ കീഴിൽ കലൂരിലുള്ള ഖാദി ഗ്രാമ സൗഭാഗ്യക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചത് ഈ പശ്ചാത്തലത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു ഖാദി ഷോറൂമിന് ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ ലഭിക്കുന്നത്. ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ഓണം ഖാദി വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ഇത്തരം മേളകളിലെ വമ്പിച്ച ജനപങ്കാളിത്തം ജനഹൃദയങ്ങളിൽ ഖാദി ഉൽപന്നങ്ങൾക്കുള്ള വലിയ സ്ഥാനം ഒരിക്കൽകൂടി ശക്തിപ്പെടുത്തുന്ന രീതിയിലായിരുന്നു. തിരുവനന്തപുരത്ത് വി.ജെ.റ്റി. ഹാളിൽ നടത്തിയ ഓണം ഖാദി വിൽപ്പന മേള ഉൽപ്പന്നങ്ങളുടെ വൈവിധ്യം കൊണ്ടും, ഉയർന്ന ഗുണനിലവാരം കൊണ്ടും വളരെ ശ്രദ്ധിക്കപ്പെട്ടു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ ഖാദി ഗ്രാമ സൗഭാഗ്യയുടെ ഒരു പുതിയ ഷോറൂമും തുറക്കാൻ കഴിഞ്ഞു.

പിന്നിട്ട 100 ദിവസങ്ങൾ നല്ല തുടക്കത്തിന്റെ ദിനങ്ങൾ ആയിരുന്നു. നല്ല ചുവടുകൾ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ വർദ്ധിപ്പിക്കുന്നു. വികസന കുതിപ്പിന് ഗതിവേഗം പകർന്നുകൊണ്ട് നിശ്ചയദാർഢ്യത്തോടും, നിരന്തരമായ പരിശ്രമത്തോടും നമുക്ക് ജനാഭിമുഖ്യ പ്രസ്ഥാനമായി പ്രവർത്തിക്കാം. അതോടൊപ്പം ജനങ്ങൾക്ക് ആശ്വാസമായി, തണലായി നമുക്ക് മാറാം ■

സ്വർണജയന്തി ഗ്രാമ സ്വറോസ്കർ യോജന പദ്ധതിയിൽ 1645 സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 163.70 ലക്ഷം രൂപ നൽകി. 623 സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കി. ഇതിന് 697.78 ലക്ഷം രൂപ സബ്സിഡിയും 1820.79 ലക്ഷം രൂപ ബാങ്ക് വായ്പയും അനുവദിക്കാൻ കഴിഞ്ഞു. 922 വ്യക്തിഗത കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സഹായം ലഭ്യമാക്കി. ഇതിന് 89.69 ലക്ഷം രൂപ സബ്സിഡിയും 289.50 ലക്ഷം രൂപ ബാങ്ക് വായ്പയും ലഭ്യമാക്കി ഗ്രാമീണ വികസനത്തിന് ആക്കം കൂട്ടി.



നോർക്ക സെന്ററിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിയിൽ 41.39 കി.മി.ദൈർഘ്യമുള്ള 14 റോഡുകളുടെ നിർമാണം പൂർത്തിയാക്കി. കൂടാതെ 258 പുതിയ റോഡുകൾ നിർമിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ സ്വയംതൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് തിരുവനന്തപുരത്ത് സരസ്സ് മേള സംഘടിപ്പിച്ചതിലൂടെ കൂടുതൽ പേരെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചു.

825 ഗ്രാമപഞ്ചായത്തുകളിൽ ആശ്രയ പദ്ധതി നടപ്പിലാക്കുകയാണ്. 68417 പേർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഇതിനോടകം 74 കുടുംബങ്ങളെ ആശ്രയ പദ്ധതി പ്രകാരം പുനരധിവസിപ്പിച്ചിട്ടുണ്ട്. പദ്ധതി ഏറ്റെടുത്തിട്ടില്ലാത്ത 126 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ വഴി പദ്ധതി ആരംഭിക്കാനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ ഏഴ് സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

## നോർക്ക

തിരുവനന്തപുരത്ത് പലയിടങ്ങളിലായി സ്ഥിതിചെയ്യുന്ന നോർക്കയുടെ പാസ്പോർട്ട് പ്രൊട്ടക്ടർ ഓഫ് എമിഗ്രെന്റ്സ് ഓഫീസുകൾ ഒരൊറ്റ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ഇതിൽ ഒരു എൻ.ആർ.ഐ. ബിസിനസ്സ് സെന്ററും കാൾ സെന്ററും ഉണ്ടാകും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ കാൾ സെന്ററിലൂടെ പ്രവാസി കേരളീയർക്ക് വിദേശത്തുവച്ചുണ്ടാകുന്ന പ്രശ്നങ്ങൾ അപ്പപ്പോൾതന്നെ നോർക്കയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും അവരുടെ സേവനം പ്രയോജനപ്പെടുത്താനും സാധിക്കും. നോർക്ക-റൂട്ട്സിന്റെ അറ്റസ്റ്റേഷൻ സേവനം, സാന്ത്വന-കാരുണ്യ പദ്ധതികൾ, ക്ഷേമനിധി പദ്ധതികൾ എന്നിവ വ്യാപകമാക്കുന്നതിനും ബോധവത്കരണം നടത്തുന്നതിനും ചെന്നൈയിലും ഗുജറാത്തിലും നോർക്ക-റൂട്ട്സ് ഡവലപ്മെന്റ് ഓഫീസുകൾ ആരംഭിച്ചു. പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ഒരു ലക്ഷം രൂപയിൽനിന്ന് രണ്ട് ലക്ഷമായി ഉയർത്തി. കണ്ണൂർ കളക്ടറേറ്റിൽ നോർക്ക റൂട്ട്സിന്റെ മുഴുവൻ സമയ ഓഫീസ് പ്രവർത്തനമാരംഭിച്ചു.

## ആസൂത്രണ സാമ്പത്തിക കാര്യം

സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംഗ്തനിംഗ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കി. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 20 മേഖലകളും ഏഴ് പുതിയ മേഖലകളും ഉൾപ്പെടുത്തി 53.12 കോടി രൂപ ചെലവ് വരുന്ന



ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 141 പുസ്തകങ്ങളുടെ പ്രകാശനച്ചടങ്ങ്

■ **അടൂർ പ്രകാശ്** (ആരോഗ്യ മന്ത്രി)



# പകർച്ചവ്യാധികൾ തടയാൻ മാലിന്യവിമോചന യത്നം

സംസ്ഥാനത്ത് കാലവർഷം ഉണ്ടാകുമ്പോഴെല്ലാം പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് പതിവായിരിക്കുകയാണ്. ഇപ്പോൾ കോട്ടയം. എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പകർച്ചവ്യാധികൾ കൂടുതലായി പടർന്നു പിടിച്ചിട്ടുള്ളത്. രോഗലക്ഷണങ്ങൾ പ്രസ്തുത പ്രദേശങ്ങളിൽ കണ്ടുതുടങ്ങിയപ്പോൾതന്നെ ചികിത്സയും രോഗ പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജിതമാക്കുകയുണ്ടായി. മുഖ്യമന്ത്രിയോടൊപ്പമുള്ള ഡൽഹി സന്ദർശനം റദ്ദുചെയ്ത് സെപ്റ്റംബർ 22 മുതൽ കോഴിക്കോട്, കോതമംഗലം, വൈക്കം, കോട്ടയം എന്നീ സ്ഥലങ്ങളിൽ നേരിട്ട് ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. പ്രസ്തുത പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ ഫലപ്രദമായി നേരിടുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം പകർചവ്യാധികളെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വിദഗ്ധസംഘം മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ സന്ദർശനം നടത്തിക്കഴിഞ്ഞു. പ്രസ്തുത പഠനസംഘത്തിന്റെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### ഏകോപനം

കോഴിക്കോട് ജില്ലയിൽ പകർചവ്യാധികൾ പടർന്നുപിടിച്ച പശ്ചാത്തലത്തിൽ കളക്ടറേറ്റിൽ അടിയന്തിരയോഗം വിളിച്ചുചേർക്കുകയും വിവിധവകുപ്പുകളെ ഏകോപിപ്പിച്ച് ശുചീകരണപ്രവർത്തനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും

പദ്ധതിയുടെ പ്രാരംഭ നടപടികൾ പൂർത്തിയാക്കി. പൗരാവകാശ രേഖ പുറപ്പെടുവിച്ചു. 2012ലെ വിരമിക്കലിനോടനുബന്ധിച്ച് എൻട്രി കേഡറിൽ വരുന്ന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. ഉന്നത ഉദ്യോഗസ്ഥരുടെ സ്വത്തുവിവരവും സർക്കാർ ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചു.

### സാംസ്കാരികം

ഭാഷാ ഇൻസ്റ്റിട്ട്യൂട്ട് 141 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇതൊരു സർവകാല റെക്കോർഡാണ്. സർവവിജ്ഞാന കോശത്തിന്റെ 10-ാം വാല്യം പരിഷ്കരിച്ച് പ്രകാശനം ചെയ്തു. പല്ലന കുമാരകോടി ആശാൻ സ്മാരകം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തു കഴിഞ്ഞു. മലയാള ഭാഷയുടെയും ആശാൻ കവിതകളുടെയും ഒരു പഠന ഗവേഷണ കേന്ദ്രമാക്കി ഇതു വികസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിലെ കൂടൽമാണിക്യം ക്ഷേത്രത്തിലും എറണാകുളം ജില്ലയിലെ ഊരമന ക്ഷേത്രത്തിലും സൂക്ഷിച്ചിരിക്കുന്ന അമൂല്യങ്ങളായ താളിയോലകളും പൗരാണിക രേഖകളും സംരക്ഷിക്കുന്ന പദ്ധതി പൂർത്തിയായി. സംരക്ഷിത സ്മാരകമായ തിരുവനന്തപുരം മുടവൂർപ്പാറയിൽ കുട്ടികളുടെ പാർക്ക് നിർമാണം ആരംഭിച്ചു. പ്രധാന മ്യൂസിയങ്ങളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു. കൃഷ്ണപുരം കൊട്ടാരത്തിൽ പൈതൃക പൂന്തോട്ടം നിർമിച്ചു.

### ക്ഷീര വികസനം

3000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. ക്ഷീര വികസന വകുപ്പിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി 100 ദിവസങ്ങൾകൊണ്ടുതന്നെ നടപ്പാക്കുകയും 3000 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. ഏകദേശം 20,000 ക്ഷീര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

ഒൻപത് പുതിയ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിച്ചു. ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും, ന്യായമായ വിലയും ഉറപ്പാക്കുന്നതിനും, സർക്കാരിന്റെ വിവിധ പദ്ധതികൾ വഴിയുള്ള ധനസഹായം കർഷകരിലെത്തിക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുകയും ചെയ്യുന്നതിനാണ് പുതിയ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

കർഷകരുടെ ഇടയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി, മെച്ചപ്പെട്ട മൃഗ പരിപാലന രീതികളിലൂടെ

ഫീവർ ക്ലീനിക്കുകൾ ആരംഭിക്കുക, ആശാ പ്രവർത്തകരുടെ സേവനം ലഭ്യമല്ലാത്ത മേഖലകളിൽ അവരുടെ സേവനം ലഭ്യമാക്കുക എന്നീ കാര്യങ്ങളിൽ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലയിൽ എൻ.ആർ. എച്ച്.എം ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല എന്ന കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ ഫണ്ട് പൂർണമായും വിനിയോഗിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ജില്ലയിലെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുമുള്ള നടപടികളും സ്വീകിച്ചുവരികയാണ്. പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെട്ട് വ്യാപകമായി പടർന്നു പിടിക്കുന്നത് കണ്ടെത്തുന്നതിന് ജന ജാഗ്രതാ സെൽ രൂപീകരിച്ച് രോഗങ്ങൾക്കെതിരെ ശക്തമായ ചെറുത്തുനിൽപ് നടത്തുന്നതിന് നിർദേശം നൽകി.

## പ്രതിരോധ പ്രവർത്തനം

എറണാകുളം ജില്ലയിൽ കോതമംഗലം പ്രദേശത്ത് മഞ്ഞപ്പിത്തം പടർന്നു പിടിച്ചെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ കാലോചിതമായ പ്രവർത്തനങ്ങൾമൂലം പ്രത്യാഘാതത്തിന്റെ ശക്തികുറയ്ക്കുവാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. അതിന്റെ വെളിച്ചത്തിൽ കൂട്ടായ പ്രവർത്തനങ്ങൾ ശക്തമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. രോഗം മൂലം നിര്യാതരായവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുമായി ആലോചിച്ച് പരമാവധി സഹായം ലഭ്യമാക്കും.

പകർച്ചപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട കോട്ടയം ജില്ലയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്നവർ എന്ന നിലയിൽ പഞ്ചായത്തു പ്രതിനിധികൾക്ക് പ്രത്യേകം പരിശീലനം നൽകുവാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ യഥാസമയം കൺട്രോൾ റൂം തുറന്നതുമൂലം പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുവൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസി കോളനികൾ കേന്ദ്രീകരിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. ഇവയ്ക്കെല്ലാം ഐ.സി. ഡി.എസ്. അംഗൻവാടി പ്രവർത്തകരുടെ സേവനം കൂടി ലഭ്യമാക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്.



പകർച്ചവ്യാധികളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ അഞ്ച് വെന്റിലേറ്റർ ഉൾപ്പെടെ കേരളത്തിലുടനീളം 15 വെന്റേലേറ്ററുകൾ ലഭ്യമാക്കിയിട്ടുണ്ട്. പകർച്ചവ്യാധികളുടെയെല്ലാം ഉത്ഭവം മലിനമായി കെട്ടിക്കിടക്കുന്ന ജലത്തിലോ മാലിന്യത്തിലോ നിന്നാണ് എന്നതാണ് വാസ്തവം. അതുകൊണ്ടു തന്നെ മാലിന്യനിവാരണത്തിനുള്ള ഒരു ഊർജിത തീവ്രയത്ന പരിപാടിക്ക് കേരള സർക്കാർ രൂപം കൊടുക്കുകയാണ്. അതിന്റെ ഭാഗമായി 2011 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ രണ്ട് വരെ കേരളത്തിലുടനീളം ശുചീകരണ വാരമായി ആചരിച്ചു വിദ്യാഭ്യാസം, തൃതലപഞ്ചായത്തുകൾ, സാമൂഹ്യ ക്ഷേമ വകുപ്പ്, കൃഷി മൃഗ സംരക്ഷണ വകുപ്പുകൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, സ്വകാര്യസംരംഭകർ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, മത സംഘടനകൾ എന്നിങ്ങനെ സമൂഹത്തിന്റെ സമഗ്ര മേഖലകളുടെയും സഹകരണം ജില്ലകൾതോറും പ്രസ്തുത ശുചിത്വ വാരാചരണം ഫലപ്രദമാക്കുന്നതിന് നേതൃത്വം നൽകുന്നത് ജില്ലാകളക്ടർമാരായിരിക്കും. പുതിയ ഒരു ആരോഗ്യസാംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾക്ക് ഈ ഒരാഴ്ചയ്ക്കാലം തുടക്കം കുറിച്ചു. കേവലം ഒരാഴ്ചകൊണ്ട് അവസാനിക്കുന്നതല്ല ഈ യജ്ഞം, സമൂഹത്തെ പകർച്ചവ്യാധികളിൽനിന്ന് രക്ഷിക്കുക എന്ന ദീർഘവീക്ഷണത്തോടെ നീണ്ടുനിൽക്കുന്ന ഒരു തുടർപ്രക്രിയയാണ് ശുചിത്വാചരണം എന്നത്. ശുചിത്വപരിപാലനം സമൂഹത്തിന്റെ സ്വാഭാവിക ശീലമായി മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## ബോധവൽക്കരണം

വ്യക്തി ശുചിത്വം മുതൽ വീടും, നാടും, നഗരവും വൃത്തിയായി സൂക്ഷിക്കുകയും അതിനായുള്ള ശക്തമായ ബോധവൽക്കരണവും കർമപരിപാടിയും ഉൾക്കൊള്ളുന്ന ഈ ശുചിത്വവാരാചരണ പരിപാടികളിലൂടെ വെടിപ്പുള്ള ഒരു ജീവിതചര്യയിലേക്ക് മടങ്ങിപ്പോയി, രോഗാതുരമായ സാഹചര്യങ്ങൾ ഇല്ലാതാക്കുക എന്നതാണ് ഈ പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് എലിപ്പനിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഓർക്കേണ്ട ഒരു

ഉത്പാദന വർദനവ് ലക്ഷ്യം വച്ച് 28 ക്ഷീര കർഷക സെമിനാറുകളും കന്നുകാലി പ്രദർശനങ്ങളും സംഘടിപ്പിച്ചു. ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംഘങ്ങളുടെ പാൽ സംഭരണം വൃത്തിയായും ശുചിയോടെയും സുതാര്യമായും നടത്തുവാനും കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പിക്കുകയും ചെയ്യുന്നതിന് 25 ക്ഷീര സഹകരണ സംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ നൽകി. തിരുവനന്തപുരത്ത് 11 കോടി രൂപ ചെലവു വരുന്ന പാലുൽപ്പാദന ഫാക്ടറിയുടെ ശിലാസ്ഥാപനം നടത്തി. വയനാട് ഡയറിയുടെ പ്രതിദിന പ്രോസസ്സിംഗ് ശേഷി 50000 ലിറ്റിൽനിന്ന് ഒരു ലക്ഷമായി ഉയർത്താനുള്ള 410 കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്

സംസ്ഥാന മന്ത്രിമാരുടെയും സർക്കാർ ജീവനക്കാരുടെയും സ്വത്തുവുവരം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. പത്രപ്രവർത്തക പെൻഷൻ, അവശ പത്രപ്രവർത്തക പെൻഷൻ, പ്രമുഖ പത്രപ്രവർത്തക പെൻഷൻ എന്നിവ ട്രഷറി സേവിംഗ്സ് ബാങ്ക് വഴി നൽകാൻ തീരുമാനിച്ചു. പത്രപ്രവർത്തക പെൻഷൻ പദ്ധതി കമ്പ്യൂട്ടർവൽക്കരിച്ച് പെൻഷൻ വിവരങ്ങൾ ഓൺലൈനിലൂടെ പരിശോധിക്കാനുള്ള സൗകര്യം വെബ്സൈറ്റിൽ ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തി. സുതാര്യ കേരളത്തിന് ഓൺലൈനിൽ പരാതികളും നിർദേശങ്ങളും അക്ഷയകേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കി. ഇങ്ങനെ ചുരുങ്ങിയ നാളുകൾ കൊണ്ട് വികസനം സാധിക്കും എന്ന് തെളിയിക്കാൻ നൂറുദിന കർമപരിപാടിയിലൂടെ സാധിച്ചിട്ടുണ്ട് ■

കാര്യമുണ്ട്. മുൻകാലങ്ങളിൽ എല്ലാ മലയാളികളുടെ ഭവനങ്ങളിലും എലിവില്ല്, എലിപ്പത്തായം എന്നിവയുടെ ഉപയോഗം സാധാരണമായിരുന്നു. മലയാളി ആധുനികവത്കരിക്കപ്പെട്ടപ്പോൾ എലിവില്ലും, എലിപ്പത്തായവും അന്യമായി. അതോടൊപ്പം പഴകിയ ഭക്ഷണ പദാർഥങ്ങളും മറ്റും അലക്ഷ്യമായി വലിച്ചെറിയുന്ന ശീലവും വ്യാപകമായി. ഇത്തരം സ്ഥലങ്ങൾ എലികൾക്ക് ആവാസ കേന്ദ്രമാകുന്നു. എലിയെക്കൂടാതെ വീട്ടുമൃഗങ്ങളായ പശു, പോത്ത്, പട്ടി, പന്നി തുടങ്ങിയ ജീവികളുടെ വൃക്കയിലാണ് ഈ രോഗാണുക്കളുടെ വാസസ്ഥലം. അവയുടെ മൂത്രത്തിലൂടെ പൊതുനിരത്തിലും ജലാശയത്തിലും തുടർന്ന് മനുഷ്യശരീരത്തിലും പ്രവേശിച്ച് കിഡ്നി, കരൾ എന്നിവയെ മാരകമായി ബാധിക്കുകയും മരണംവരെ സംഭവിക്കുകയും ചെയ്യുന്നു. 2011 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി 941 പേർ എലിപ്പനി ബാധിതരായി ചികിത്സ തേടുകയുണ്ടായി. പനിബാധിച്ച് ആദ്യത്തെ 48 മണിക്കൂറിനുള്ളിൽ ശരിയായ ചികിത്സ ലഭിക്കാത്തപക്ഷം ഗുരുതരമായി മരണ കാരണമാകുകയും ചെയ്യാം. എന്നാൽ നേരത്തെ തന്നെ ശരിയായ ചികിത്സ തേടിയാൽ പൂർണരോഗശമനം ലഭിക്കുകയും ചെയ്യും. എലി പെറ്റുപെരുകുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി ഈ രോഗത്തെ ഫലപ്രദമായി നിയന്ത്രിക്കുവാൻ സാധിക്കും.

എച്ച്1, എൻ1 അടക്കമുള്ള വൈറസ് രോഗങ്ങൾ ശ്വാസകോശത്തെയാണ് ബാധിക്കുന്നത്. ജനം കൂട്ടത്തോടെ താമസിക്കുന്ന സ്ഥലങ്ങൾ, സ്കൂളുകൾ, എ.സി ഉള്ള ഓഫീസുകൾ, തീയേറ്ററുകൾ, ബസ് എന്നിവിടങ്ങളിൽ ശ്വാസോച്ഛ്വാസത്തിലൂടെ രോഗം പടർന്നുപിടിക്കുന്നു. എല്ലാ സർക്കാർ/ സ്വകാര്യ ആശുപത്രികളിലും ഈ രോഗങ്ങൾക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. യഥാസമയം ചികിത്സയ്ക്ക് വിധേയരാകുക എന്നതാണ് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്. പ്രത്യേകിച്ച് പ്രായമായവരും, ഗർഭിണികളും, കുട്ടികളും.

## ശുചിത്വം പ്രധാനം

വയറിളക്ക രോഗങ്ങളായ ഷീഗെല്ല ഡിസന്ററി, ടൈഫോയ്ഡ്, കോളറ, ഹെപ്പറ്റൈറ്റിസ് എ തുടങ്ങിയവ മലിനമാക്കപ്പെട്ട ജലത്തിലൂടെയാണ് വ്യാപിക്കുന്നത്. വ്യക്തി ശുചിത്വത്തിന്റെ ഭാഗമായി വൃത്തിയായി കൈയും, പാത്രവും കഴുകി ഭക്ഷണം കഴിക്കുക, തിളപ്പിച്ച് ആറ്റിയ വെള്ളം മാത്രം ഉപയോഗിക്കുക, മലമൂത്ര വിസർജനം സാനിറ്ററി കക്കൂസുകളിൽ നടത്തുക, പ്രസ്തുത രോഗങ്ങളുടെ വാഹകരായ ഈച്ചയെ ഫലപ്രദമായി നിയന്ത്രിക്കുക, ആഹാരസാധനങ്ങൾ വൃത്തിയുള്ള പാത്രങ്ങളിൽ അടച്ചുസൂക്ഷിക്കുക എന്നിവയാണ് പ്രതിരോധ മാർഗങ്ങൾ.

കൊതുക്ജന്യരോഗങ്ങളായ മലമ്പനി അഥവാ മലേറി, ഡെങ്കിപ്പനി എന്നിവ കേരളത്തിൽ വ്യാപകമാകാനുള്ള കാരണം വെള്ളം കെട്ടിക്കിടക്കുന്നതാണ്. അടുത്ത കാലത്തായി ചികിത്സയ്ക്ക് വിധേയരാകാത്ത അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളിൽ ഈ രോഗം കൂടുതലായി കണ്ടുവരുന്നുണ്ട്.



## തിളപ്പിച്ചാറ്റിയ വെള്ളം

വെള്ളത്തിലൂടെ പടരുകയും കേരളത്തിൽ ഏറെ വിനാശം വരുത്തുകയും ചെയ്ത മറ്റൊരു വൈറസ് രോഗമാണ് മഞ്ഞപ്പിത്തം അഥവാ ഹെപ്പറ്റൈറ്റിസ് എ. ഫലപ്രദമായ ചികിത്സ കണ്ടുപിടിച്ചിട്ടില്ലാത്തതുകൊണ്ടുതന്നെ രോഗം വരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി പ്രതിരോധം ശക്തിപ്പെടുത്തുക മാത്രമാണ് പരിഹാര മാർഗം. തിളപ്പിച്ചാറ്റിയ ജലം മാത്രം ഉപയോഗിച്ചാൽ ഈ രോഗത്തെ അകറ്റി നിർത്തുവാൻ കഴിയും. ജലം തിളയ്ക്കാതെ ചൂടാക്കിയതുകൊണ്ടോ തിളച്ച വെള്ളത്തിൽ പച്ചവെള്ളം ചേർത്തതുകൊണ്ടോ ഉദ്ദേശിച്ചഫലം ലഭിക്കാതെയാകും. മാത്രമല്ല ജ്യൂസ്, സംഭാരം തുടങ്ങിയ ശീതളപാനീയങ്ങളിൽ തിളച്ചാറിയ ജലം സാധാരണ ആരും ഉപയോഗിക്കാറില്ല. ഇത്തരം സാഹചര്യങ്ങൾ രോഗബാധയ്ക്ക് കാരണമാകും.


## മാലിന്യ സംസ്കരണം

മാലിന്യം വീടുകളിൽ തരംതിരിച്ച് സംഭരിക്കുന്നതിനും വികേന്ദ്രീകരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം വ്യാപകമാകേണ്ടതായിട്ടുണ്ട്. പ്രകൃതിക്ക് ഇണങ്ങാത്ത സാധനങ്ങളുടെ സ്വാഭാവിക ഉപയോഗം കുറച്ചുകൊണ്ടുവരണം. ജലാശയങ്ങളിലേക്ക് നിക്ഷേപിക്കപ്പെടുന്ന ഖര-ദ്രവ-മാലിന്യങ്ങൾ കെട്ടിക്കിടന്നിട്ടാണ് കേരളം കഴിഞ്ഞ മൂന്നു ദശകങ്ങളായി അനുഭവിക്കുന്ന മുഴുവൻ പകർച്ചവ്യാധികളും ഉണ്ടായത്.

മനുഷ്യനിർമിതമായ ഓടകളും അരുവികളും, നദികളും, തടാകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ഒരിടത്തും ജലം മലിനമാവാൻ പാടില്ല. ഇനിയുണ്ടാകുന്ന മഹായുദ്ധങ്ങൾപോലും ജലത്തിനുവേണ്ടിയായിരിക്കും എന്ന് പ്രവചനങ്ങൾ ഉണ്ട്. അതിനാൽ ഉള്ള ജലത്തെ ശുദ്ധമായി സംരക്ഷിക്കാതെ മാനവരാശിക്ക് നിലനിൽപ്പില്ല എന്നത് അടിസ്ഥാനപരമായി ഓർക്കേണ്ട ഒരു ജീവിത മന്ത്രമാണ്. ജീവന്റെ ഉൽപത്തി ജലത്തിലാണ് എന്ന് പരിണാമസിദ്ധാന്തം. ജീവന്റെ സർവനാശവും ജലംമൂലം ആവാതിരിക്കാൻ ഇപ്പോഴെ ഉണർന്ന് പ്രവർത്തിക്കണം. അല്ലെങ്കിൽ പ്രകൃതിയിലെ സർവോത്തര സൃഷ്ടിയായ മനുഷ്യന്റെ ക്രൂരത മൂലം ഒരു സമാധിയായിരിക്കും ജീവലോകത്തിന് വിധിച്ചിട്ടുള്ളത്.

പകർച്ചവ്യാധികളെ സംബന്ധിച്ച് തികച്ചും യുക്തിസഹവും നീതിപൂർവവുമായ ഒരു നിരീക്ഷണമാണ് പ്രശസ്ത ന്യൂറോ സർജനും മുൻ വൈസ്ചാൻസലറുമായ ഡോ. ബി.ഇക്ബാലിന്റെ ഭാഗത്തുനിന്നുമുണ്ടായത്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് ആരോഗ്യമന്ത്രിക്കും ആരോഗ്യവകുപ്പിനും മാത്രം നിയന്ത്രിക്കാൻ കഴിയുന്ന കാര്യമല്ല എന്നദ്ദേഹം പറഞ്ഞത് ഗൗരവമായി എടുക്കേണ്ടതുതന്നെയാണ്. സമൂഹം രോഗബാധിതമാകുന്നത് ഒട്ടനവധി സാഹചര്യങ്ങൾമൂലമാണ്. ആ സാഹചര്യമെല്ലാം നിയന്ത്രണവിധേയമാക്കുക എന്നത് സമൂഹത്തിന്റെ ഒന്നിച്ചുള്ള ബോധപൂർവമായ നിരന്തര പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. സ്വയം സംരക്ഷിക്കാൻ നമ്മെ നാം തന്നെ സജ്ജരാക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഒരാഴ്ചക്കാലം ശുചീകരണ വാരമായി പ്രഖ്യാപിക്കുന്നത്. കേരളീയ സമൂഹത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന പകർച്ചവ്യാധികളെന്ന പൊതുവിപത്തിനെ ചെറുക്കുന്നതിനുള്ള ഈ യജ്ഞത്തിൽ പങ്കാളികളാകുവാൻ ഏവരെയും സംസ്ഥാനസർക്കാരിനുവേണ്ടി ആഹ്വാനം ചെയ്യുകയാണ് ■

സുരേഷ് മുതുകുളം



ഇംഗ്ലണ്ടിലെ ക്യൂ ഗാർഡൻ മന്ദിരം

# ഹരിതമന്ദിരങ്ങൾ വരവായി

**കൃഷിസ്ഥലത്തിന്റെ പരിമിതി മറികടക്കാനുള്ള ഏറ്റവും നല്ല ഉപാധികളിലൊന്നാണ് ഹരിതഗൃഹങ്ങൾ വഴിയുള്ള സംരക്ഷിത കൃഷി**

ഉഗ്രരൂപിയായി കത്തിക്കാളുന്ന സൂര്യനും അന്തരീക്ഷത്തിൽ നിന്ന് ഉതിരുന്ന വിഷരശ്മികളും വരൾച്ചയുടെ ആഘാതവും വെള്ളപ്പൊക്കത്തിന്റെ ഭീഷണിയും മഴയുടെ സംഹാരതാണ്ഡവവും എല്ലാത്തിനുമുപരി രോഗ-കീടബാധകളുടെ കടന്നുകയറ്റവും-ഇതിലൊന്നും പെടാതെ, കണ്ണും കേടും പിടിക്കാതെ സസ്യലതാദികളെ തന്മയത്വത്തോടെ വളർത്താവുന്ന വീടുകളാണ് ഹരിതഗൃഹങ്ങൾ (Green Houses). അങ്ങനെ കണ്ണിലെണ്ണയൊഴിച്ച് ജാഗ്രതയോടെ വളർത്തിയെടുത്താൽ പലതുണ്ട് ഗുണം-മികച്ച വിളവ്, പൂക്കൾക്കും പഴങ്ങൾക്കും പച്ചക്കറികൾക്കും നിറത്തിലും മുഴുപ്പിലും മുൻതൂക്കം, ഉന്നത പോഷകല്യം-അതുകൊണ്ടു തന്നെ കയറ്റുമതി വിപണിക്ക് എത്രയും പ്രിയങ്കരമാണ് ഇത്തരം ഹരിതഗൃഹ വിഭവങ്ങൾ. ഹരിതഗൃഹത്തിനുള്ളിൽ യാതൊരുവിധ കീടനാശിനികളും പ്രയോഗിക്കാതെ, ജൈവാഹാരം നൽകി വളർത്തുമ്പോൾ വിളവ് 50 മുതൽ 500% വരെ വർധന പ്രകടമാക്കുന്നു എന്നു വന്നാലോ! ഇങ്ങനെ വിളയുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മയാകട്ടെ ഒന്നാംതരവും.

തുറസായ ഒരു കൃഷിസ്ഥലത്ത് എന്തെല്ലാം പരിമിതികളാണോ കർഷകൻ നേരിടുന്നത്, അതൊന്നും തന്നെ ഹരിത ഗൃഹകൃഷിയിൽ ഇല്ലെന്നതാണ് വാസ്തവം. ഇവിടെ ഊഷ്മാവും വെളിച്ചവും വായുവും ഒക്കെ കർഷകന്റെ ചൊൽപ്പടിയിൽ നിൽക്കും. അതുകൊണ്ടുതന്നെ അത് സസ്യവളർച്ചയ്ക്ക് എത്രയും അനുകൂലമായിരിക്കുകയും ചെയ്യും. ഹരിതഗൃഹങ്ങളിൽ നിന്ന് കൃത്യമായ വിളവ് ലഭിക്കുന്നതും ഇതുകൊണ്ടുതന്നെ. കൃഷിസ്ഥലത്തിന്റെ ലഭ്യത കുറഞ്ഞുവരുന്ന ആനുകാലിക സാഹചര്യത്തിൽ ഹരിതഗൃഹങ്ങൾ വഴിയുള്ള സംരക്ഷിത കൃഷിക്ക് (Protected cultivation) സാധ്യതയും പ്രചാരവും ഏറിവരികയാണ്.

## റോമിൽ നിന്ന് തുടക്കം

ടിബേറിയസ് എന്നു പേരായ ഒരു റോമാചക്രവർത്തിയുണ്ടായിരുന്നു. 'അർമേനിയൻകുക്കുംബർ' എന്ന പ്രത്യേകതരം വെള്ളരി ദിവസവും ഒരെണ്ണമെങ്കിലും കഴിക്കണമെന്ന് ഇദ്ദേഹത്തിന് നിർബന്ധമായിരുന്നു. ചക്രവർത്തിയുടെ ആഗ്രഹ

മല്ലേ; പ്രാവർത്തികമായേ തീരൂ. അങ്ങനെയാണ് റോമിലെ തോട്ടക്കാർ ഈ വെള്ളരി വളർത്താൻ വേണ്ടി കൃത്രിമ സംവിധാനങ്ങളൊരുക്കിയത്. ഇതിൽ നിന്ന് ദിവസവും വെള്ളരി കിട്ടുകയും ചെയ്തിരുന്നു. രാത്രിയിലെ കൊടും തണുപ്പും പകൽസമയത്തെ പൊള്ളുന്ന ചൂടും ഒന്നും അമിതമായി ഏൽക്കാതെ അർമേനിയൻ വെള്ളരി വളർത്താൻ പുരാതന റോമാസാമ്രാജ്യത്തിൽ ആദ്യത്തെ ഹരിതഗൃഹങ്ങൾ തലപൊക്കി എന്നു കരുതാം. തുടർന്ന് ഉദ്യാനസസ്യങ്ങൾ വളർത്താനുള്ള ഹരിതഗൃഹങ്ങൾ ഇറ്റലിയിലുമുണ്ടായി. കാഴ്ചയിൽ പ്രാകൃതമെന്നു തോന്നാമെങ്കിലും നെതർലാണ്ട്സ്, ഇംഗ്ലണ്ട് എന്നിവിടങ്ങളിലെല്ലാം ഈ സമ്പ്രദായം അനുവർത്തിച്ചു. ജൂലൈ ചാൾസ് എന്ന ഫ്രഞ്ച് സസ്യശാസ്ത്രജ്ഞനാണ് ഔഷധസസ്യങ്ങൾ വളർത്തുവാൻ വേണ്ടി ആദ്യമായി ഒരു പ്രായോഗിക ഹരിതഗൃഹം ഒരുക്കുന്നത്. ഫ്രഞ്ചുകാർ ഓറഞ്ചുമരങ്ങളും കൈതച്ചക്കയുമൊക്കെയാണ് ഇതിൽ വളർത്തിയിരുന്നത്. ഇംഗ്ലണ്ടിലെ ക്യൂ ഗാർഡൻസ് വിക്റ്റോറിയൻ ഗ്രീൻഹൗസിന് ഉദാത്തമാതൃകയാണ്. ലണ്ടനിലെ ക്രിസ്റ്റൽ പാലസ്, മ്യൂണിച്ചിലെ ഗ്ലാസ്-പാലസ് എന്നിവയും ശ്രദ്ധേയം.

### ഹരിതഗൃഹം പലവിധം

ആകൃതി, ഉപയോഗം, മൂലധനച്ചെലവ് എന്നീ ഘടകങ്ങളെ ആശ്രയിച്ച് ഹരിതഗൃഹങ്ങൾ പലവിധമുണ്ട്. ആകൃതി അനുസരിച്ച് ലീൻ-ടു-ടൈപ്പ്, ഈവൻ സ്പാൻ, അൺ ഈവൻ സ്പാൻ, റിഡ്ജ് ആന്റ് ഫറോ, സാ ടൂത്ത്, കൊൺസെറ്റ് എന്നീ തരം ഗ്രീൻഹൗസുകളാണുള്ളത്. നിർമാണരീതിയനുസരിച്ചുള്ള തരംതിരിവ് വുഡൻ ഫ്രെയിംഡ്, പൈപ്പ് ഫ്രെയിംഡ്, ട്രസ് ഫ്രെയിംഡ് എന്നിങ്ങനെയാണ്. മേൽക്കൂര മൂടാനുപയോഗിച്ചിരിക്കുന്ന പദാർഥത്തിന്റെ അടിസ്ഥാനത്തിൽ ഗ്ലാസ്ഗ്രീൻ ഹൗസ്, പ്ലാസ്റ്റിക് ഫിലിം ഗ്രീൻഹൗസ്, റിജിഡ്-പാനൽ ഗ്രീൻഹൗസ് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഉപയോഗക്രമമനുസരിച്ച് അന്തരീക്ഷം ചൂടാക്കി നിർത്താനും തണുപ്പിക്കാനുമുള്ളത് എന്ന രണ്ടുവിഭാഗങ്ങളാണുള്ളത്.

### ഹരിതഗൃഹനിർമാണം-നിബന്ധനകൾ

ഹരിതഗൃഹനിർമാണത്തിനുമുണ്ട് ചില നിബന്ധനകൾ. അന്തരീക്ഷമലിനീകരണം ഇല്ലാത്ത സ്ഥലത്തുവേണം അത് നിർമിക്കാൻ. മരങ്ങളുടെയോ കെട്ടിടങ്ങളുടെയോ ചുവട്ടിലാകരുത്. മരങ്ങളിൽ നിന്ന് 30 മീറ്ററെങ്കിലും അകലം വേണം. അൾട്രാവയലറ്റ്, ഇൻഫ്രാറെഡ് വികിരണങ്ങൾ ചെറുക്കാൻ കഴിയുന്ന സംരക്ഷണ വസ്തുക്കൾ വേണം ഇവിടെ ഉപയോഗിക്കാൻ. യു.വി.സ്റ്റെബിലൈസ്ഡ് പോളി എത്തിലീൻ ഷീറ്റുകളാണ് ഉത്തമം. ഇവ. അൾട്രാവയലറ്റ് രശ്മികളെ ചെറുക്കുകയും സസ്യ

നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മട്ടുപ്പാവിൽത്തന്നെ ഹരിതഗൃഹങ്ങൾ ചെലവു കുറഞ്ഞ രീതിയിൽ തയാറാക്കാം. കേരളത്തിലെ സാഹചര്യത്തിൽ തെക്കുവടക്കു ദിശയിൽ ഹരിതഗൃഹങ്ങൾ നിർമിക്കുകയാണ് നന്ന്. ത്രികോണമുഖപ്പുള്ള മേൽക്കൂരയാണ് ഉഷ്ണമേഖലാ പ്രദേശങ്ങൾക്ക് അനുയോജ്യം.

വളർച്ച ഉത്തേജിപ്പിക്കുകയും ചെയ്യും. ഹരിതഗൃഹത്തിനുള്ളിൽ ആവശ്യത്തിന് വെന്റിലേഷൻ സൗകര്യം ഉണ്ടാവണം.

നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മട്ടുപ്പാവിൽത്തന്നെ ഹരിതഗൃഹങ്ങൾ ചെലവു കുറഞ്ഞ രീതിയിൽ തയാറാക്കാം. ഇതു സംബന്ധിച്ച പഠനങ്ങൾ കേരള കാർഷിക സർവകലാശാലയിൽ നടത്തിയിട്ടുണ്ട്. കേരളത്തിലെ സാഹചര്യത്തിൽ തെക്കുവടക്കു ദിശയിൽ ഹരിതഗൃഹങ്ങൾ നിർമിക്കുകയാണ് നന്ന്. ത്രികോണമുഖപ്പുള്ള മേൽക്കൂരയാണ് ഉഷ്ണമേഖലാ പ്രദേശങ്ങൾക്ക് അനുയോജ്യം. മുളയോ കവുങ്ങോ ഉപയോഗിച്ചും ചെലവു കുറഞ്ഞ നിർമാണം നടത്താം. ഒരു സെന്റ് വിസ്തൃതിയിൽ ചെലവു കുറഞ്ഞ ഹരിതഗൃഹം തയാറാക്കാൻ 10,000 രൂപ മാത്രമേ ചെലവ് വരികയുള്ളു. ഓരോ പ്രദേശത്തിനുമിണങ്ങിയ രീതിയിൽ ഹരിതഗൃഹം നിർമാണം നടത്തണം എന്നു മാത്രം.

### ഹരിതഗൃഹങ്ങൾ-ഇതരനാടുകളിൽ

ലോകത്ത് ഏതാണ്ട് 50 രാജ്യങ്ങളിൽ ഇപ്പോൾ ഹരിതഗൃഹ കൃഷി വ്യാപകമായിരിക്കുന്നു എന്നാണു കണക്ക്. അമേരിക്കയിൽ ഏകദേശം 4000 ഹെക്റ്റർ സ്ഥലമാണ് ഹരിതഗൃഹത്തിനുള്ളിൽ നിലനിർത്തി പുഷ്പക്കൃഷി നടത്തുന്നത്. ഇതിൽ നിന്നുള്ള വാർഷിക വരുമാനമാകട്ടെ 2.8 ദശലക്ഷം യു.എസ്. ഡോളറും! ഇത് ഇനിയും വർധനവിലേക്കാണ് നീങ്ങുന്നത്.

തണ്ണിമത്തൻ, സ്ട്രാബെറി, ബീൻസ്, വെള്ളരി, തക്കാളി തുടങ്ങിയവ വളർത്താൻ സ്പെയിനിൽ 25,000 ഹെക്ടർ വിസ്തൃതിയിലും ഇറ്റലിയിൽ 18,500 ഹെക്ടർ വിസ്തൃതിയിലുമാണ് ഹരിതഗൃഹങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്. ഇതിൽ സ്പെയിനിൽ വളരെ ലളിതമായ തുരങ്കമാതൃകയിലുള്ള ഹരിതഗൃഹമാണുള്ളത്. സീസണല്ലാത്തപ്പോൾ പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കാനും പുഷ്പക്കൃഷി വ്യാപിപ്പിക്കുവാനുമാണ് കാനഡയിൽ ഹരിതഗൃഹങ്ങൾ ഒരുക്കിയത്. തക്കാളി, വെള്ളരി, കാപ്സിക്കം തുടങ്ങിയവയാണ് പ്രധാന അന്തേവാസികൾ.

പണ്ടേക്കുപണ്ടേ ഹരിതഗൃഹങ്ങളിൽ വളർത്തിയ പച്ചക്കറികളും പുഷ്പങ്ങളും നാടൊട്ടുക്ക് കയറ്റി അയയ്ക്കുന്നതിൽ പേരെടുത്ത രാജ്യമാണ് നെതർലാണ്ട്സ്. ഏതാണ്ട് 89,600 ഹെക്ടർ വിസ്തൃതിയുള്ള ഇവിടുത്തെ ഹരിത-ഗൃഹവ്യവസായം ഒരർഥത്തിൽ ലോകത്തിലെ ഏറ്റവും ആധുനികതരം എന്നു തന്നെ വിശേഷി





പ്പിക്കുന്നതിൽ തെറ്റില്ല. ഡച്ച് ഗ്രീൻ-ഹൗസ് വ്യവസായത്തിന്റെ ആണിക്കല്ല് അവിടുത്തെ സദാ സജീവമായ ഗവേഷണരംഗമാണ് എന്നു പറയാം.

ഗൾഫ് രാജ്യങ്ങളിൽ ഹരിതഗൃഹങ്ങൾ പ്രചാരം നേടാനുള്ള പ്രധാനകാരണം അവിടുത്തെ കാലാവസ്ഥയുടെ സവിശേഷതയാണ്. സൗദി അറേബ്യയിൽ തക്കാളിയും വെള്ളരിയും വൻതോതിൽ ഹരിതഗൃഹകൃഷി വഴി ഉല്പാദിപ്പിച്ചു വരുന്നു.

ഈജിപ്റ്റിൽ 1000 ഹെക്ടർ സ്ഥലത്ത് ഹരിതഗൃഹങ്ങൾ നിലവിലുണ്ട്. അതും പ്ലാസ്റ്റിക് ഷീറ്റ് പൊതിഞ്ഞ തുരങ്കമാതൃകയിലുള്ളത്. നൈസർഗികമായിത്തന്നെ കാറ്റും വെളിച്ചവും ഒക്കെ കടക്കുവാൻ ഇതിൽ സംവിധാനമുണ്ട്. ഇവിടുത്തെ പ്രധാന വിഭവങ്ങളാകട്ടെ തക്കാളി, വെള്ളരി, കുരുമുളക്, മത്തൻ, ഉദ്യാനസസ്യങ്ങൾ എന്നിവയാണ്.

ഏഷ്യയിലെത്തിയാൽ ചൈനയും ജപ്പാനുമാണ് ഹരിതഗൃഹകൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്നത്. മേറ്റേത് രാജ്യത്തേക്കാളും ഹരിതഗൃഹസങ്കേതത്തിന്റെ വളർച്ചയും വികാസവും ചൈനയിൽ ഏറെ ദ്രുതഗതിയിലായിരുന്നു എന്നു കാണാം. എഴുപതുകളുടെ അവസാനത്തിൽ ചൈനയിൽ തുടങ്ങിയ ഹരിതഗൃഹകൃഷി ഇന്ന് 48,000 ഹെക്റ്ററിൽ എത്തിനിൽക്കുന്നു. ഇതിൽ 11,000 ഹെക്റ്റർ മുന്തിരി, ചെറി, പെഴ്സിമൺ, അത്തി, ലൊകാട്ട്, നാരങ്ങ, മാങ്ങ തുടങ്ങിയ ഫലവർഗങ്ങളുടെ കൃഷിയ്ക്കാണ് ഉപയോഗിക്കുന്നത്. ചൈനയിലെ പല ഹരിതഗൃഹങ്ങളിലും വയ്ക്കോൽ മെത്ത (straw mat) യാണ് ചൂട് നിലനിർത്താനുപയോഗിക്കുന്നത്. ജപ്പാന്റെ ഹരിതഗൃഹവിസ്തൃതി 40,000 ഹെക്ടറിലധികമാണ്; ഇതിൽ തന്നെ 7500 ഹെക്ടറിൽ പഴത്തോട്ടം സജ്ജീകരിച്ചിരിക്കുന്നു. കൂടാതെ പൂക്കളും പച്ചക്കറികളും വേറെയും. ദക്ഷിണ കൊറിയയ്ക്കുമുണ്ട് 21,000 ഹെക്റ്ററിലെ ഹരിതഗൃഹകൃഷി.

## ഹരിതഗൃഹങ്ങൾ ഇന്ത്യയിൽ

ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ ഹരിതഗൃഹനിർമാണവും കൃഷിയും കഴിഞ്ഞ ഒന്നരനൂറ്റാണ്ടിലേറെയായി നിലനിൽക്കുന്നുവെങ്കിലും എൺപതുകളുടെ ആരംഭത്തിലാണ് ഇന്ത്യയിൽ ഇത് പരിഗണിക്കുന്നതും ഇതിന്റെ സങ്കേതം പ്രയോജനപ്പെടുത്തുന്നതും. കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ശുപാർശ ചെയ്യുന്ന ദേശീയ സമിതിയാണ് 1982-ൽ ഇത്തരമൊരു നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക പ്രത്യേകതകൾക്കിണങ്ങിയ വിധത്തിൽ ഹരിതഗൃഹങ്ങൾ തയ്യാറാക്കുവാൻ അവർ ശുപാർശ ചെയ്തു. ഇങ്ങനെയാണ് ഇന്ത്യയിലും ഈ ആശയത്തിന് വേരോടിയതും പ്രചാരം സിദ്ധിച്ചതും. ഇന്ത്യയുടെ വടക്കു-കിഴക്കൻ മേഖലകളിലെ കാലാവസ്ഥാവ്യതിയാനങ്ങൾക്കു മുന്നിൽ പിടിച്ചു നിൽക്കുവാനും വിളകളെ സംരക്ഷിക്കുവാനും വേണ്ടിയാണ് ഹരിതഗൃഹ നിർമാണത്തിന് ഇവിടെ തുടക്കം കുറിച്ചത്. തുടർന്ന് തമിഴ്നാട്, കർണാടകം, മഹാരാഷ്ട്ര എന്നിവിടങ്ങളിലും ഹരിതഗൃഹങ്ങൾ വ്യാപകമായി. 1988 മുതൽക്കാണ് ഹരിതഗൃഹങ്ങളിൽ വാണിജ്യലക്ഷ്യത്തോടെയുള്ള വിളവുല്പാദന തന്ത്രങ്ങൾ ആരംഭിക്കുന്നത്. ഇതെത്തുടർന്ന് നിരവധി സ്വകാര്യസംരംഭകർ പൂന, ബാംഗ്ലൂർ, ഹൈദ്രാബാദ്, ദില്ലി എന്നിവിടങ്ങളിലൊക്കെ ഈ സംരംഭം വ്യാപിപ്പിച്ചു.

പുതിയതെന്തും രണ്ടുകയ്യും നീട്ടി സ്വീകരിക്കുന്ന മലയാളക്കരയിലും ഇന്ന് ഹരിതഗൃഹങ്ങൾ തലയുയർത്താൻ തുടങ്ങിയിരിക്കുന്നു. ഹരിതഗൃഹനിർമാണത്തിന് സാമ്പത്തിക സാങ്കേതിക സഹായം നൽകാൻ സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവകലാശാല, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ നിലവിലുണ്ട്. ഈ രംഗത്തേക്ക് കടന്നുവരാൻ താല്പര്യമുള്ളവർ ഇവരിൽ നിന്നുള്ള സേവനങ്ങളും സഹായങ്ങളും പ്രയോജനപ്പെടുത്താൻ താൽപ്പര്യം കാട്ടിയാൽ മാത്രം മതി. കാലാവസ്ഥയുടെ അപ്രതീക്ഷിതമായ മലക്കംമറിച്ചിലുകളെ പ്രതിരോധിക്കാൻ ഇത്തരം ആധുനിക സങ്കേതങ്ങൾ സഹായകമാകും എന്നു മാത്രമല്ല കൃഷിയിൽ സാങ്കേതിക വിദ്യകൾ കൂടുതലായി ഉപയോഗിക്കുന്നത് കൃഷിയിലെ കായികക്ലേശവും അധ്വാനവും താരതമ്യേന കുറയ്ക്കുകയും ചെയ്യും. യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനുള്ള ഒരു തന്ത്രം എന്ന നിലയിലും ഹരിത ഗൃഹസാങ്കേതികവിദ്യ പ്രാധാന്യം അർഹിക്കുന്നു ■

■ ശശികുമാർ കല്ലിഡുംമ്പിൽ

# തലശ്ശേരി കടൽപ്പാലം:
## സംരക്ഷിക്കപ്പെടേണ്ട ചരിത്രസ്മാരകം

**തലശ്ശേരിയെ വാണിജ്യത്തിന്റെ നെറുകയിലെത്തിച്ച ഈ കടൽപ്പാലം ഇന്നു പതനത്തിന്റെ നാളുകളെണ്ണുന്നു.**

ഒരു കാലഘട്ടത്തിന്റെ ചരിത്രം പറയുന്നവയാണ് നഗര പ്രതീകങ്ങൾ. ഈ പ്രതീകങ്ങളിലധികവും നാശത്തിന്റെ വഴിയിലാണ്. അവഗണനയുടെ, ദുസ്ഥിതിയുടെ കഥയാണ് കേരളത്തിലെ കടൽപ്പാലങ്ങൾക്ക് പറയാനുള്ളത്.

ആധുനിക പോർട്ടുകളും തുറമുഖങ്ങളും കേരളത്തിൽ ഉദയം ചെയ്യുന്നതിനുമുമ്പ് ചരക്ക് ഗതാഗതത്തിൽ നിർണായക പങ്ക് വഹിച്ചിരുന്നത് കടൽപ്പാലങ്ങളാണ്. കേരളത്തിലെ നിർണായക കടൽപ്പാലങ്ങളിലൊന്നു സ്ഥിതിചെയ്യുന്നത് തലശ്ശേരിയിലാണ്.

തലശ്ശേരിയെ വാണിജ്യത്തിന്റെ നെറുകയിലെത്തിച്ച ഈ കടൽപ്പാലം ഇന്നു പതനത്തിന്റെ നാളുകളെണ്ണുന്നു. തലശ്ശേരിയെന്ന ചരിത്ര ഭൂമിയുടെ സമ്പന്നമായ ഒരു കാലത്തിന്റെ ഓർമപ്പെടുത്തലായി നിലകൊള്ളുന്നു ഈ കടൽപ്പാലം.

വിദേശികളുടെ ആഗമനത്തിനു മുമ്പ് തന്നെ തലശ്ശേരി പ്രകൃതിദത്തമായ തുറമുഖ സൗകര്യങ്ങളുള്ള പ്രദേശമായിരുന്നു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ആഗമനത്തോടെ തലശ്ശേരി തുറമുഖത്തിനു രാജ്യാന്തര പ്രശസ്തി കൈവന്നു എന്നു മാത്രം. തിരമാലകളില്ലാത്ത നാച്ചുറൽ ബ്രേക്ക് വാട്ടറുള്ള തലശ്ശേരി കടൽ ഇന്നും നാടൻ തോണികൾക്ക് മൺസൂൺ കാലാവസ്ഥയിലും പ്രതികൂല കാലാവസ്ഥയിലും സുരക്ഷിത താവളമാണ്.

സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരത്തിനു ഏറ്റവും പ്രയോജനപ്പെടുക കടൽപ്പാലമാണ് എന്നു കണ്ടതിനാലാണ് ബ്രിട്ടീഷുകാർ ഇവിടെ കടൽപ്പാലം പണിതത്. തലശ്ശേരി കടലിന്റെ ആഴക്കുറവ് കാരണം പായകപ്പലുകൾക്ക് ശേഷം ഉദയം ചെയ്ത സ്റ്റീം കപ്പലുകൾക്ക് അടുത്ത് വരാൻ സാധിക്കാതെ വന്നു. അതിനാൽ കയറ്റിറക്കുമതിക്ക് ഏറ്റവും പ്രയോജനപ്പെടുന്ന കടൽപ്പാലം 1910 ൽ ഇവിടെ പണിത്. പാലത്തിന്മേൽ കൂറ്റൻ ക്രെയിനുകൾ സ്ഥാപിച്ചു. കടൽതാളങ്ങളിൽ ഇളകിയാടുന്ന ഉരുവും പത്തേമാരിയും പാലത്തോട് ബന്ധിപ്പിക്കാൻ പാലത്തിന്മേൽ ഉരുക്കു കുറ്റികൾ സ്ഥാപിച്ചു.

പെരിയ ചുരത്തിൽ വിളയുന്ന മുന്തിയ തരം ഏലവും കോട്ടയത്തും (മലബാർ) വയനാടൻ, കുടക് മലനിരകളിലും വിളയുന്ന കുരുമുളകും മറ്റു സുഗന്ധ ദ്രവ്യങ്ങളും എത്തിച്ചിരുന്നത് തലശ്ശേരിയിലെ തുറമുഖത്താണ്. തിരുവിതാംകൂറിലെ അഞ്ചുതെങ്ങിലും ആലപ്പുഴയിലും ലഭിച്ചിരുന്ന കുരുമുളകിനേക്കാൾ പ്രിയം തലശ്ശേരി കുരുമുളകിനായിരുന്നു. വിദേശമാർക്കറ്റിൽ ടെലിച്ചറി (തലശ്ശേരി) പെപ്പറിനായിരുന്നു വൻ ഡിമാന്റ്.



തലശ്ശേരി കടൽപ്പാലം

ഫോട്ടോ: കെ.കെ. വിജയൻ

കടൽ തീരത്തും കടൽപ്പാലത്തിന്മേലും റെയിലുകൾ സ്ഥാപിച്ചിട്ടുണ്ട്. പണ്ടികശാലകളിൽ സൂക്ഷിച്ച സുഗന്ധദ്രവ്യങ്ങൾ ഉന്ത്‌വണ്ടിയിൽ കയറ്റി പാലത്തിന്മേൽ നീളുന്ന റെയിലുമായി ബന്ധിപ്പിച്ച് തെറ്റാതെ ക്രെയിനിനടുത്തേക്ക്. ക്രെയിൻ വഴി താഴെ കടലിൽ നില്ക്കുന്ന മഞ്ചു, ഉരു, പത്തേമാരി തുടങ്ങിയവയിലേക്ക് ഇറക്കും. ചരക്ക് കയറ്റിയ നൗകകൾ പുറങ്കടലിൽ നങ്കൂരമിട്ടുനില്ക്കുന്ന കപ്പലിനെ ലക്ഷ്യമാക്കിയും നീങ്ങും. ദിനംപ്രതി 1200 ടൺ ചരക്കുകൾ അയച്ചിരുന്ന തലശ്ശേരി തുറമുഖത്ത് നിന്ന് അവസാനമായി ചരക്കുകൾ തിരമുറിച്ച് കടൽ കടന്നത് 1972 ലാണ്. രാവിനെ പകലാക്കി നൂറുകണക്കിനു തൊഴിലാളികൾ കരയിൽ നിന്നു കപ്പലിലേക്കും കപ്പലിൽ നിന്നു കരയിലേക്കും ചരക്കുകൾ കൈകാര്യം ചെയ്തിരുന്നു.

ഈ കടൽപ്പാലമാണ് തലശ്ശേരിയെ വാണിജ്യ നഗരമാക്കി മാറ്റിയത്. മൂന്നു നൂറ്റാണ്ടിലേറെക്കാലം വിദേശ രാജ്യങ്ങളുമായി വ്യാപാരബന്ധം പുലർത്തി തലശ്ശേരിക്ക് പേരും പെരുമയും നേടി തന്ന തുറമുഖവും കടൽപ്പാലവും കാലക്രമേണ അവഗണിക്കപ്പെട്ടു.

സ്വാതന്ത്ര്യാനന്തരം ബ്രിട്ടീഷുകാർ നാടുവിട്ടതോടെ തലശ്ശേരിയുടെ വാണിജ്യ പ്രതാപം അസ്തമിക്കുകയായിരുന്നു. വിദേശ കമ്പോളങ്ങളെ ആശ്രയിച്ചിരുന്ന കച്ചവടപെരുമയുടെ അവസാന സൈറണും മുഴങ്ങി. കൊച്ചി, മംഗലാപുരം തുറമുഖത്തിന്റെ വികസനം തലശ്ശേരി തുറമുഖത്തിന്റെ പ്രതാപത്തിനു തിരശ്ശീല വീഴ്ത്തി.



കേരളത്തിലെ ആദ്യത്തേതെന്ന് വിശേഷിപ്പിക്കാവുന്ന തലശ്ശേരി പോർട്ട് ഓഫീസ് അടച്ചു. തുറമുഖത്ത് നിന്നും മലഞ്ചരക്കുകൾ വഴിമാറി. വിദേശ കമ്പനികളായ ആസ്പിൻവാൾ, ഇംഗ്ലീഷ് സ്റ്റീം നാവിഗേഷൻ കമ്പനി, ഇംഗ്ലീഷ് ആൻഡ് സ്ക്കോട്ടിഷ് കമ്പനി, പിയേഴ്സ് ലസ്ലി, വോൾക്കാട്ട് ബ്രദേഴ്സ് തുടങ്ങിയവയുടെ പ്രവർത്തനം നിലച്ചു. പലതും കൊച്ചിയിലേക്ക് പ്രവർത്തനം മാറ്റി. കടൽപ്പാലം വിശ്രമത്തിന്റെ ദീർഘമൗനത്തിലമർന്നു. പാലത്തിന്മേൽ സ്ഥാപിച്ച ക്രെയിനുകൾ തുരുമ്പെടുത്തു നശിച്ചു. കൈവരികൾ തകർന്നു. റയിലുകൾ അപ്രത്യക്ഷമായി. ഉരുക്കു കുറ്റികൾ ഓരോന്നായി ആരോ പിഴുതെടുത്തു. അഞ്ച് കൂറ്റൻ ക്രെയിനുകൾ എഴുപതുകളുടെ അവസാനമായപ്പോഴേക്കും ആലപ്പുഴയിലേക്ക് കൊണ്ട് പോയി. കടൽക്ഷോഭം പാലത്തിന്റെ തൂണുകൾക്ക് ബലക്ഷയം വരുത്തി. സ്ലാബുകൾ കടലിലേക്ക് പതിച്ചു.



കൂറ്റൻ ക്രെയിനുകളുടെ ഒച്ചയും ഇരുമ്പു ചങ്ങലകളുടെ കിലുക്കവും ജോലിക്കാരുടെ ആരവവും പാലത്തിന്റെ പ്രകമ്പനവും എല്ലാം ഇന്നു ഓർമ മാത്രം. ഗതകാല പ്രൗഢിയുടെ ജീർണസ്മാരകമായി തലശ്ശേരി കടൽപ്പാലം.

പാലം അപകട സ്ഥിതിയിലായതിനാൽ പാലത്തിന്മേലുള്ള പ്രവേശനം കൊട്ടിയടച്ചെങ്കിലും പഴുതുകളുണ്ടാക്കി ജനങ്ങൾ ഇന്നും പാലത്തിന്മേലെത്തുന്നു. ശുദ്ധവായു ശ്വസിക്കാൻ, സായാഹ്നങ്ങൾ ചിലവിടാൻ.

പഴയ വ്യാപാര പ്രൗഢിയുടെ ഓർമ്മ തലശ്ശേരിക്ക് നല്കുന്ന ഈ പാലം കടലിന്റെ അവസാനവിളിക്കായി കാതോർക്കുകയാണിപ്പോൾ. ഈ പാലം കടലിൽ പതിക്കുന്നതോടെ തലശ്ശേരിയുടെ ചരിത്ര സൗന്ദര്യമായിരിക്കും നഷ്ടപ്പെടുന്നത്.

ദൈവത്തിന്റെ സ്വന്തം നാട് എന്ന് കേരളം വിശേഷിപ്പിക്കപ്പെടുന്നതിനു എത്രയോ മുമ്പ് വിദേശിയർ പണിതുയർത്തിയ ഈ പാലം സാഗര തീരത്ത് അസ്തിപഞ്ചരമായി മോചനം കാത്ത് കഴിയുന്നു. പൈതൃക ടൂറിസം പദ്ധതിയിലൂടെ ഇത് സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ? ■

# മാരിടൈം സർവകലാശാലയ്ക്ക് 60 ഏക്കർ നൽകും- മുഖ്യമന്ത്രി



ഇന്ത്യൻ മാരിടൈം സർവകലാശാല കൊച്ചി മുഖ്യകാമ്പസിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു

ഇന്ത്യൻ മാരിടൈം സർവകലാശാലയുടെ സംസ്ഥാനത്തെ കാമ്പസ് സർവകലാശാലയായി ഉയർത്തുന്നതിന് കൊച്ചിയിൽ 60 ഏക്കർ ഭൂമി നൽകാൻ സർക്കാർ തയ്യാറാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ഇന്ത്യൻ മാരിടൈം സർവകലാശാലയുടെ കൊച്ചി മുഖ്യ കാമ്പസിന്റെ ശിലാസ്ഥാപന കർമം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന് ഐ.ഐ.ടിക്കായി കേന്ദ്രം അനുമതി നൽകിയാൽ 500 ഏക്കർ ഭൂമി ലഭ്യമാക്കാൻ സർക്കാർ മുൻകൈയെടുക്കുമെന്നും ആധുനിക കോഴ്സുകളുടെ അഭാവം മൂലം പുതിയ തലമുറയ്ക്ക് അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഉമ്മൻചാണ്ടി പറഞ്ഞു. കേരളത്തെ സംബന്ധിച്ച് ജലഗതാഗതത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. ജലഗതാഗത ചരക്കു നീക്കത്തിനുള്ള സാഹചര്യമൊരുക്കുന്നതിനായി അടുത്ത വർഷം ഡിസംബറിന് മുമ്പായി കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത യാഥാർഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

കബോട്ടാഷ് നിയമം സംബന്ധിച്ച് ഭേദഗതികൾ വരുത്തണമെന്നാണ് സർക്കാരിന്റെ ആവശ്യമെന്നും ഇതിലൂടെ വല്ലാർപാടം ടെർമിനൽ ഉൾപ്പെടെ കൂടുതൽ മേഖലകളിൽ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാന മാരിടൈം ബോർഡ് രൂപവത്കരണ നടപടികൾ മുന്നേറിക്കൊണ്ടിരിക്കുകയാണെന്നും വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാക്കാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചു കഴിഞ്ഞതായും ഉമ്മൻചാണ്ടി പറഞ്ഞു. കബോട്ടാഷ് നിയമം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ കേന്ദ്രം പരിഗണിക്കുമെന്ന് ചടങ്ങിൽ മാരിടൈം മാനേജ്മെന്റ് ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ച കേന്ദ്രമന്ത്രി പ്രൊഫ. കെ.വി.തോമസ് പറഞ്ഞു.

നോട്ടിക്കൽ സയൻസ് ആൻഡ് മറൈൻ എൻജിനീയറിംഗ് ബ്ലോക്കിന്റെ ഉദ്ഘാടനം മന്ത്രി കെ.ബാബു നിർവഹിച്ചു. സംസ്ഥാന മാരിടൈം ബോർഡ് രൂപവത്കരണത്തിനുള്ള നിയമനിർമാണം പൂർത്തിയായതായും അടുത്ത മന്ത്രിസഭായോഗത്തിൽ ഇതിനുള്ള അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര ഷിപ്പിങ്ങ് മന്ത്രാലയം സെക്രട്ടറി കെ.മോഹൻദാസ്, പോർട്ട് ട്രസ്റ്റ് ചെയർമാൻ പോൾ ആന്റണി, സർവകലാശാല വൈസ് ചാൻസലർ ഡോ. പി.വിജയൻ, രജിസ്ട്രാർ ആർ.രാധാകൃഷ്ണൻ, ഹൈബി ഈഡൻ എം.എൽ.എ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

കൊച്ചിയിൽ കുണ്ടന്നൂരിൽ പത്തേക്കർ സ്ഥലത്താണ് മാരിടൈം സർവകലാശാലയുടെ പ്രധാന കാമ്പസ് നിർമിക്കുന്നത്.

***പി.വിനോദ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

## പരസ്പരം

മറുപടി നൽകുന്നത് :
**വി.വി. മൊയ്തുണ്ണി**
അഡീ. സെക്രട്ടറി, അസോസിയേറ്റ് ഫെല്ലോ ഐ.എം.ജി

*ഒരിക്കൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി മറ്റൊരു ജില്ലയിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരൻ വീണ്ടും അന്തർജില്ലാ സ്ഥലമാറ്റത്തിന് ആ ജില്ലയിൽ അഞ്ചുവർഷസേവനം പൂർത്തിയാക്കണമോ?*

**എസ്.സാമുവൽ പെരേര**
അന്തിക്കാട്

ഒരിക്കൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയ ജീവനക്കാരന് ആ ജില്ലയിൽ അഞ്ചുവർഷത്തെ സേവനം പൂർത്തിയാക്കിയതിനുശേഷമേ രണ്ടാമതൊരു അന്തർജില്ലാ സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. 2-12-1991-ൽ പുറപ്പെടുവിച്ച ജി.ഒ.പി. 63/91/ഉഭപവ എന്ന സർക്കാർ ഉത്തരവ് പ്രകാരം ടി നിബന്ധനയിൽ ഇളവ് അനുവദിച്ചിട്ടില്ലാത്ത എല്ലാ അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്കും സ്ഥലം മാറ്റം ഒന്നാമതാണോ രണ്ടാമതാണോ എന്ന വ്യത്യാസമില്ലാതെ ബാധകമായിരിക്കും.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് പരസ്പരം. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, ജനപഥം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*

■ പി.സി. വിജയൻ

# ചരിത്രത്തിലൂടെ : ഒക്ടോബർ

**1**
- ലോകവൃദ്ധദിനം. 1991 മുതൽ ആചരിക്കുന്നു.
- പനമ്പിള്ളി ഗോവിന്ദമേനോൻ ജന്മദിനം (1908 - 1970).

**2**
- ഗാന്ധി ജയന്തി.
- ലോക സസ്യാ ഹാരദിനം.
- ലാൽബഹാദൂർ ശാസ്ത്രി ജന്മദിനം (1904 - 1966).



**3**
- സെന്റ് ഫ്രാൻസിസ് അസീസ്സി ചരമദിനം (1226).
- രണ്ടു ജർമനികൾ ഒന്നാകാൻ തീരുമാനിച്ചു (1990).

**4**
- ആദ്യകൃത്രിമ ഉപഗ്രഹം സ്പുട്നിക് സോവിയറ്റ് യൂണിയൻ വിക്ഷേപിച്ചു (1957).



**5**
- ഇന്ത്യയിലെ ആദ്യപൊതു തെരഞ്ഞെടുപ്പ് ആരംഭിച്ചു (1951).

**6**
- വി.കെ.കൃഷ്ണമേനോൻ ചരമ ദിനം (1896 - 1974).

**7**
- ആറ്റത്തിന്റെ ഘടന വിശദീക രിച്ച നീൽസ്ബോർ ജന്മദിനം (1885 - 1962).
- മദർ തെരേസ കൊൽക്കത്ത യിൽ മിഷണറീസ് ഓഫ് ചാരിറ്റി സ്ഥാപിച്ചു (1950).
- നാലപ്പാട്ടു നാരായണമേനോൻ ജന്മദിനം (1888 - 1954).

**8**
- ഇന്ത്യൻ വ്യോമസേനാ ദിനം.
- പ്രേംചന്ദ് ചരമദിനം (1880 - 1936).
- ജയപ്രകാശ് നാരായൺ ചരമ ദിനം (1902 - 1979).

**9**
- ലോക തപാൽ ദിനം.
- ടെറിറ്റോറിയൽ ആർമി ദിനം.
- ഉഗാണ്ട സ്വാതന്ത്ര്യദിനം.

**10**
- ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരൻ ആർ.കെ.നാരായൺ ജന്മദിനം (1906 - 2001).
- ചലച്ചിത്ര സംവിധായകൻ ഓഴ്സൻ വെത്സ് ലോസ് ആഞ്ചൽസിൽ വച്ച് നിര്യാതനായി (1985).



**11**
- ജയപ്രകാശ് നാരായൺ ജന്മദിനം (1902 - 1979).
- ചങ്ങമ്പുഴ കൃഷ്ണപിള്ള ജന്മദിനം (1911 - 1948).
- അപ്പോളോ 7 വിക്ഷേപിച്ചു (1968).

**12**
- റാം മനോഹർ ലോഹ്യ ചരമ ദിനം (1910 - 1967)

**13**
- ഗ്രീൻവിച്ച് സമയം കണ ക്കാക്കി ലോകസമയം ക്രമീക രിച്ചു തുടങ്ങി (1884).

**14**
- ലോക സ്റ്റാൻഡേർഡ്സ് ദിനം (1946).
- അരുന്ധതി റോയി ദ ഗോഡ് ഓഫ് സ്മോൾ തിങ്സ് എന്ന നോവലി ലൂടെ ബുക്കർ പ്രൈസ് നേടി (1997).



**15**
- അടിമ വിമോചന വിളംബര ദിനം.
- കേരള സാഹിത്യ അക്കാദമി തുടങ്ങി (1956).
- മുഗൾ ഭരണാധികാരി അക്ബർ ജന്മദിനം (1542 - 1605).

**16**
- ലോകഭക്ഷ്യദിനം.
- വള്ളത്തോൾ നാരായണ മേനോൻ ജന്മദിനം (1878 - 1958).

**17**
- മദർ തെരേസയ്ക്ക് സമാധാന നൊബേൽ പ്രൈസ് ലഭിച്ചു (1979).



**18**
- ഇരയിമ്മൻതമ്പി ജന്മദിനം (1783 - 1856).

**19**
- സിനിമാ ക്യാമറ കണ്ടുപിടിച്ച അഗസ്റ്റി ലൂമിയർ ജന്മദിനം (1862 - 1954).

**20**
- ആദ്യ മലയാള നോവലെഴു തിയ അപ്പു നെടുങ്ങാടി ജന്മദിനം (1863 - 1933).
- ജയിംസ് ചാഡ്വിക് ജന്മ ദിനം (1891 - 1974).ന്യൂട്രോൺ കണ്ടുപിടിച്ചത് ഇദ്ദേഹമാണ്.

**21**
- ആൽഫ്രെഡ് ബേൺഹാർഡ് നൊബേൽ ജന്മദിനം (1833 - 1896).

**22**
- ലോക ദാരിദ്ര നിർമാർജന ദിനം.
- ഇന്ത്യ ചന്ദ്രയാൻ - 1 വിക്ഷേ പിച്ചു (2008).
- ഫോട്ടോകോപ്പിയിങ് രീതി ആദ്യമായി പ്രദർശിപ്പിച്ചു (1938).

**23**
- ലോക ഫുട്ബോളർ പെലെ ജന്മദിനം (1940).

**24**
- ഐക്യരാഷ്ട്രദിനം. യു.എൻ.രൂപം കൊണ്ടു (1945).
- ലോക പോളിയോ ദിനം.

**25**
- കവി പി.കുഞ്ഞിരാമൻ നായർ ജന്മദിനം (1906 - 1978).
- ജോസഫ് മുണ്ടശ്ശേരി ജന്മദിനം (1903 - 1977).



**27**
- മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻ ജന്മദിനം (1920 - 2005).
- വയലാർ രാമവർമ ചരമദിനം (1928 - 1975).

**28**
- ചെറുകാട് ഗോവിന്ദ പിഷാരടി ചരമദിനം (1915 - 1976).
- ഹാർവാർഡ് സർവകലാശാല തുടങ്ങി (1636).

**29**
- വാഗ്ഭടാനന്ദൻ ചരമദിനം (1885 - 1929).
- തുർക്കി റിപ്പബ്ലിക്കായി (1923).

**30**
- ഇന്ത്യ ഐക്യരാഷ്ട്ര സംഘടനയിൽ അംഗമായി (1945).
- ലോക മിതവ്യയദിനം
- ആര്യമതസ്ഥാപകൻ ദയാ നന്ദ സരസ്വതി ചരമദിനം (1824 - 1883).

**31**
- ഇന്ദിരാഗാന്ധി ചരമദിനം (1917 - 1984). ദേശീയ പുനരർപ്പണദിനം.
- സർദാർ വല്ലഭായി പട്ടേൽ ജന്മദിനം (1875 - 1950).






സതീഷ് പൂവത്തൂർ

വാർത്തയിൽ

# വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നു



രാജ്യത്തിന്റെ സുസ്ഥിരവികസനത്തിനും സാമ്പത്തികാഭിവൃദ്ധിക്കും ആക്കം കൂട്ടുന്ന വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമാണ പദ്ധതിക്ക് അന്തിമതീരുമാനമായി. തുറമുഖ നിർമാണം ഏറ്റെടുക്കാൻ രണ്ട് കമ്പനികൾ സമർപ്പിച്ച ടെൻഡറുകളുടെ സാങ്കേതിക പരിശോധന അന്തിമ ഘട്ടത്തിലെത്തി. മുദ്ര പോർട്സ് ആൻഡ് സ്പെഷൽ ഇക്കണോമിക് സോൺ ലിമിറ്റഡ്, കൺസോർഷ്യം ഓഫ് വെൽസ്പൺ ഇൻഫോസ്ട്രക്ചർ കോർപറേഷൻ ലിമിറ്റഡ് എന്നീ കമ്പനികളാണ് ടെൻഡർ നൽകിയത്. തുറമുഖ നിർമാണവും മുപ്പതുവർഷത്തെ പരിപാലനവും ഏറ്റെടുക്കാൻ ഈ കമ്പനികൾ സമർപ്പിച്ച സാങ്കേതിക ടെൻഡറുകളുടെ പരിശോധന പൂർത്തിയായാലുടൻ സാമ്പത്തിക ടെൻഡറിന്റെ നടപടി ക്രമം ആരംഭിക്കുമെന്ന് എക്സൈസ് തുറമുഖ മന്ത്രി കെ.ബാബു പറഞ്ഞു.

വിഴിഞ്ഞം പദ്ധതിയുടെ രൂപകല്പന, ധനസഹായം, നിർമാണം എന്നിവ നടത്തിപ്പുകാരുടെ ചുമതലയിലായിരിക്കും.

വിഴിഞ്ഞം രാജ്യന്തര കണ്ടെയ്നർ തുറമുഖ നിർമാണവുമായി മുന്നോട്ട് പോകുന്നതോടൊപ്പംതന്നെ നിലവിലുള്ള വിഴിഞ്ഞം തുറമുഖ വാർഫിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കും.

ഇതിനായി ഹാർബർ എൻജിനീയറിങ്, തുറമുഖവകുപ്പുകളെ ചുമതലപ്പെടുത്തി. ഈ കാലയളവിൽ തന്നെ കേന്ദ്ര കസ്റ്റംസ് ആക്ട് എട്ട് (എ) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനും ഇലക്ട്രോണിക് ഡേറ്റ ഇന്റർ ചെയ്ഞ്ച് സംവിധാനം ഏർപ്പെടുത്താനും കസ്റ്റംസ് വകുപ്പ് നടപടി സ്വീകരിക്കും.

തുറമുഖ നിർമാണ പദ്ധതിയുടെ നടപടികൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി ഇതിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ, തുറമുഖ സ്ഥലത്തിന്റെ ചിത്രങ്ങൾ, പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ, പഠന റിപ്പോർട്ടുകൾ, ഏറ്റെടുത്ത സ്ഥലത്തിന്റെ രേഖകൾ എന്നിവയാണ് വെബ്സൈറ്റിലുള്ളത്.

## പി.എസ്.സി., ഉദ്യോഗാർഥികൾക്കരികിലേക്ക്


പി.എസ്.സി. പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്നവർക്കും, എഴുതി ഫലം കാത്തിരിക്കുന്നവർക്കും, റാങ്ക് പട്ടികയിൽ പേര് ഉൾപ്പെട്ട് നിയമനം കാത്തിരിക്കുന്നവർക്കും ഇനി ആശ്വസിക്കാം. ഉദ്യോഗ സംബന്ധമായ ഏതു കാര്യങ്ങളെക്കുറിച്ചും നിങ്ങൾക്ക് വ്യക്തമായ ഉത്തരം ലഭിക്കും. പി.എസ്.സി. അംഗങ്ങൾ നിങ്ങൾക്ക് മുന്നിലെത്തി നിങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണും.

പി.എസ്.സിയുടെ ജില്ല-മേഖലാ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി മേഖല-ജില്ലാ ഓഫീസുകളുടെ ചുമതലയുള്ള പി.എസ്.സി അംഗങ്ങൾ എല്ലാമാസവും ഈ ഓഫീസുകൾ സന്ദർശിക്കും. എല്ലാ മാസവും 15-ന് മുമ്പുള്ള ഒരു ദിവസമാകും ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിച്ച് പൊതുജനങ്ങളിൽ നിന്ന് നേരിട്ട് പരാതി സ്വീകരിക്കുക. ഈ പരാതികൾക്ക് ഉടൻ തന്നെ പരിഹാരവും കാണും. സന്ദർശന തീയതി സംബന്ധിച്ച വിവരങ്ങൾ ഓഫീസുകളിൽ നേരത്തെ ലഭ്യമാക്കാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി. ചെയർമാൻ ഡോ. കെ.എസ്.രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഇത്തരത്തിലൊരു തീരുമാനം പി.എസ്.സി കൈക്കൊണ്ടത്.



# വിദ്യാലയങ്ങൾക്ക് 'സമ്പൂർണ' സോഫ്ട്‌വെയർ

വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഊർജിതവുമാക്കുന്നതിന്റെ ഭാഗമായി 'സമ്പൂർണ' എന്ന പേരിൽ ഓൺ ലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്ട്‌വെയർ ഐ.ടി@ സ്കൂൾ പ്രോജക്ട് തയ്യാറാക്കി. എല്ലാ വിദ്യാലയങ്ങളിലെയും പഠിതാക്കളുടെയും ജീവനക്കാരുടെയും പൂർണമായ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്തും. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപക-അനധ്യാപക ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന റിപ്പോർട്ടുകൾ, സ്കോളർഷിപ്പുകൾക്കാവശ്യമായ ലിസ്റ്റുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പ്രമോഷൻ ലിസ്റ്റ്, പത്താം തരത്തിലെ 'എ' ലിസ്റ്റ്, സ്പോർട്സ്, സ്കൂൾ കായിക-കലോത്സവം തുടങ്ങിയ മത്സരങ്ങൾക്ക് ആവശ്യമായ പ്രവേശന ഫോറങ്ങൾ, ടൈംടേബിൾ, എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി, ഡി.പി.ഐ, സെക്രട്ടറി തലത്തിലുള്ള ഓഫീസുകൾക്ക് ആവശ്യമായ ഭരണപരമായ വിവരങ്ങൾ എന്നവയെല്ലാം തയ്യാറാക്കുന്നത് എളുപ്പവും സുതാര്യവും ആക്കുകയാണ് 'സമ്പൂർണ'യുടെ ലക്ഷ്യം.




സംസ്ഥാനത്തെ സർക്കാർ, എയിഡഡ്, അൺഎയിഡഡ് വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള 15,000 ത്തിലധികം വിദ്യാലയങ്ങളിലെ 60 ലക്ഷത്തോളം കുട്ടികളുടെ വിവരങ്ങളാണ് 'സമ്പൂർണ'യിൽ ഉൾപ്പെടുത്തുന്നത്. ഒരു കുട്ടി ഒന്നാം ക്ലാസ്സിൽ ചേരുന്നതു മുതൽ തുടർന്നുള്ള അവരുടെ പഠന പുരോഗതി വിലയിരുത്തലും അഭിരുചി നിർണയവും വരെ സാധ്യമാവുന്നതരത്തിലുള്ള ഒരു സമഗ്ര പാക്കേജാണ് 'സമ്പൂർണ' വിഭാവനം ചെയ്തിട്ടുള്ളത്.

ഏകീകൃത തിരിച്ചറിയാൻ നമ്പർ (യു.ഐ.ഡി) സ്കീമുമായി 'സമ്പൂർണ'യെ ബന്ധിപ്പിക്കും. യു.ഐ.ഡി. മുഴുവൻ കുട്ടികൾക്കും ലഭ്യമാകുന്നതുവരെ സ്കൂൾ കോഡും അഡ്മിഷൻ നമ്പരും ചേർത്ത് പ്രത്യേകം തിരിച്ചറിയൽ നമ്പർ ഓരോ വിദ്യാർഥികൾക്കും നല്കും. ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ വിദ്യാർഥികളുടെയും വിശദവിവരങ്ങൾ ആഗസ്റ്റ് 31-ന് മുമ്പ് ശേഖരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എ.ഷാജഹാൻ അറിയിച്ചിരുന്നു.

സർക്കുലർ www.education.kerala.gov.in, www.itschool.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

# വിഷാദരോഗികളുടെ സ്വന്തം നാട്

ഇന്ന് ലോകത്തിന്റെ എല്ലാ കോണിലും മലയാളിയുടെ സാന്നിധ്യമുണ്ട്. അവന്റെ കായിക-ബൗദ്ധികനേട്ടങ്ങൾ ലോകം അത്ഭുതത്തോടെ വീക്ഷിച്ചിട്ടുമുണ്ട്. എന്നാൽ വർത്തമാനകാലത്ത് കേരളീയന് എന്താണ് സംഭവിച്ചത്? അവന്റെ ജീവിതരീതിയിലും വീക്ഷണത്തിലും മാറ്റം വന്നു. അരക്ഷിതാവസ്ഥയും ഉപഭോക്തൃസംസ്കാരത്തിന്റെ തള്ളിക്കയറ്റവും മലയാളിയുടെ ലളിത ജീവിതം തുടച്ചുനീക്കി. സ്ഥാനമോഹങ്ങളും ധനാർഥിയും നിത്യജീവിതത്തെ കലുഷിതമാക്കി. സ്നേഹത്തിന്റെ ഊഷ്മള ഭാവങ്ങൾക്ക് മങ്ങലേറ്റു. ഒടുവിൽ മനസാകുന്ന കൂട്ടിൽ ഉൾവലിഞ്ഞു തുടങ്ങി. അവിടെ തുടങ്ങുന്നു അവനിലെ വിഷാദ ചിന്തയുടെ ആരംഭം.

കേരളത്തിൽ 35 ശതമാനം പേർ വിഷാദ രോഗികളാണെന്നാണ് സർക്കാരിന്റെ കണക്ക്. നൂറിൽ ഒരു മലയാളി മാനസിക രോഗത്തിന് ചികിത്സയിലാണ്. കൂടുതൽ വിഷാദരോഗികളും 20-നും 60-നും ഇടയിൽ പ്രായമുള്ള പുരുഷന്മാരും സ്ത്രീകളുമാണ്. രണ്ടായിരത്തി ഇരുപതോടെ രാജ്യത്ത് വിഷാദരോഗികളുടെ എണ്ണം ക്രമാതീതമായി വർധിക്കുമെന്നാണ് പഠനറിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത്.

സ്കൂൾ-കോളേജ് തലത്തിലുള്ള സ്നേഹബന്ധങ്ങളും വിവാഹശേഷമുള്ള അവിഹിതബന്ധങ്ങളും കുടുംബ ഭദ്രതയെ ബാധിക്കുന്നു. അത്തരം പ്രശ്നങ്ങളും മാനസികരോഗത്തിന് കാരണമാകുന്നുണ്ട്. മയക്കുമരുന്നിനും മദ്യാസക്തിക്കും പുറമെ ഇത്തരം കുടുംബപ്രശ്നങ്ങൾ ആത്മഹത്യയിലേക്കും നയിക്കുന്നു. 1999-ലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

2002-ലെ ജനസംഖ്യ പ്രകാരം ലക്ഷം പേരിൽ 30.8 ശതമാനം പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. എന്നാൽ 2010-ൽ 25.5 ശതമാനമായി അത് കുറഞ്ഞു. കൊല്ലത്താണ് ഏറ്റവും കൂടുതൽ പേർ ആത്മഹത്യ ചെയ്തതെന്നാണ് പ്രാഥമിക റിപ്പോർട്ട്. പല കാരണങ്ങളാൽ അവിടെ ജീവനൊടുക്കിയത് 38.6 ശതമാനമാളുകളാണ്. ഏറ്റവും കുറവ് മലപ്പുറത്താണ് – 8.9 ശതമാനം. ഇന്ന്, ആത്മഹത്യാനിരക്ക് വർധിച്ച ജില്ല തിരുവനന്തപുരമാണ്.

കടുത്ത മാനസിക സമ്മർദത്തിനടിമപ്പെടുന്ന ഇവർ ആത്മഹത്യയിലൂടെ ജീവിതത്തിൽനിന്നും ഒളിച്ചോടുന്നു. 30-നും 44-നും മധ്യേ പ്രായമുള്ളവരിലാണ് ആത്മഹത്യാ പ്രവണത കൂടുതൽ കണ്ടുവരുന്നത്. ഇവരിൽ 72 ശതമാനം സ്ത്രീകളാണെന്നതാണ് ഞെട്ടിക്കുന്ന വസ്തുത.

പെൺജീവിതം

■ വിമലാ മേനോൻ

# തോൽക്കാൻ എനിക്കു മനസ്സില്ല

**"നമ്മുടെ സമൂഹത്തിലൊരു വിധവയുടെ സ്ഥാനമെന്താണ്? മോറൽ പൊലീസിങ് ഇന്നുമിന്നലെയും തുടങ്ങിയതല്ല. പ്രത്യേകിച്ചൊരു ജോലിയുമില്ലാത്ത കുറേപ്പേരുടെ ജോലി, ബാക്കിയുള്ളവരെ നിരീക്ഷിക്കലാണ് "**

ജീവിതത്തിൽ തോല്ക്കാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ? നില്ക്കക്കള്ളിയില്ലാതെ അടിതെറ്റുന്ന അവസാന നിമിഷത്തിൽപ്പോലും ഉള്ളിലൊരിറ്റു വെട്ടത്തിനായി ഒരു മോഹം മനസ്സിൽ സൂക്ഷിച്ചില്ലെങ്കിൽ പിന്നെ ജീവിതത്തിനെന്ത് പ്രസക്തി! ഈ പ്രതീക്ഷയാണ് നമ്മെ മുന്നോട്ടു കൊണ്ടുപോകുന്നത്; ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.

മുറിവുകളൊത്തിരിയേറ്റിട്ടുണ്ടെങ്കിലും പുരുഷ കാഴ്ചയുടെ ശരിതെറ്റുകൾക്കിടയിൽ സ്വയമാരെന്നറിയാനും സ്വന്തമായൊരിടം കണ്ടെത്താനും സ്ത്രീപക്ഷത്തുനിന്നും വരേണ്ട ഊർജത്തിന്റെ തോത് ഇരട്ടിയാണ്, സഹിക്കേണ്ട യാതനകൾ പലതാണെന്ന് ഞാൻ മനസ്സിലാക്കി.



എന്റെ ജീവിതത്തിന്റെ തണലും ആശ്വാസവുമായിരുന്നു ബാലഭവൻ കാലഘട്ടം

ജവഹർ ബാലഭവൻ, തിരുവനന്തപുരം

സ്വതന്ത്രചിന്തകൾക്കും ആശയങ്ങൾക്കും ദർശനങ്ങൾക്കും വേണ്ട പരിഗണന നല്കുന്ന ഒരു പശ്ചാത്തലത്തിൽ നിന്നായിട്ടുപോലും നിലനില്പിന്റെ ആദ്യഘട്ടങ്ങളിൽ മനസ്സൊത്തിരി നൊന്തിട്ടുണ്ട്, പിടഞ്ഞിട്ടുണ്ട്.

എന്റെ ശരി- ശരിയാണെന്നെനിക്കു പൂർണബോധ്യമുണ്ടെങ്കിലും മറ്റുള്ളവരും കൂടി അതംഗീകരിച്ചാലല്ലേ നമുക്കൊരു സമാധാനമാകൂ. ഈ നിരാകരിക്കലിന്റെ നിരാശകളായിരുന്നു ഏറിയകൂറും. പിന്നെപ്പിന്നെ അത് ജീവിതത്തിന്റെ ഒരു ഭാഗമാണെന്നു ഞാനംഗീകരിച്ചതോടെ വലിയൊരലോസരത്തിൽനിന്നും മുക്തിനേടാൻ കഴിഞ്ഞു.

"She does not look like a widow" ഞാൻ ബാലഭവനിൽ ജോലിചെയ്യാനെത്തിയപ്പോൾ ആദ്യം നേരിട്ട ഒരു കമന്റായിരുന്നു അത്. ഇരുപത്തിയാറുവർഷം മുൻപുള്ള കാര്യമാണ്. കണ്ടാൽ വിധവയാണെന്നു തോന്നുകയില്ലത്രെ! നിറങ്ങളുടെ ലോകത്തോടു വിട പറഞ്ഞ് വെള്ളയണിഞ്ഞ് നിരാഭരണയായി മുഖത്ത് ദൈന്യം കുറിച്ച് ഞാനും കൂടി ഈ ലോകത്തൊന്നു കഴിഞ്ഞോട്ടേ എന്നിരക്കുന്ന ഭാവത്തിൽ എന്നെ കണ്ടില്ലെന്നു സാരം.

ആലുവാ യു.സി.കോളേജിൽ വച്ച് മലയാളം പരീക്ഷാ പേപ്പർ തരുമ്പോൾ മൂസ്സത് സാർ ഒരിക്കലൊരു കമന്റ് പാസ്സാക്കി. "എടോ- തന്റെ ഏതാൻസറിനും ഒരു വിമലസ്റ്റാമ്പ് ഉണ്ട് കേട്ടോ"- ബാലഭവനിലെ കമന്റു കേട്ടപ്പോഴേ ഞാൻ തീർച്ചയാക്കി, ഞാൻ ഞാനായിത്തന്നെയിരുന്നേപറ്റൂ.

നമ്മുടെ സമൂഹത്തിലൊരു വിധവയുടെ സ്ഥാനമെന്താണ്? മോറൽ പൊലീസിങ് ഇന്നുമിന്നലെയും തുടങ്ങിയതല്ല. പ്രത്യേകിച്ചൊരു ജോലിയുമില്ലാത്ത കുറെപ്പേരുടെ ജോലി ബാക്കിയുള്ളവരെ നിരീക്ഷിക്കലാണ്. അവരുടെ പോക്കുവരവുകൾ മോണിറ്റർ ചെയ്യുകയാണ്. സമൂഹത്തിന്റെ സദാചാര സംരക്ഷകരാണ് അവർ. സ്ത്രീകൾ- പ്രത്യേകിച്ചും ഒറ്റയ്ക്കു താമസിക്കുന്നവർ- അവരാണിക്കൂട്ടരുടെ

നോട്ടപ്പുള്ളികൾ. വേണമെങ്കിൽ ആധികാരികമായി അഭിപ്രായവും പാസ്സാക്കും. 'എങ്ങോട്ടേയ്ക്കാണോ എന്തോ? നേരം വെളുക്കുമ്പഴേ ഒരു പൊക്കണോം തോളിലിട്ട് എറങ്ങും. പിന്നൊരു നേരത്താ വന്നുകേറണത്.'

പാവം സ്ത്രീയുടെ മനസ്സിലെ വെപ്രാളങ്ങൾ, പരവേശങ്ങൾ, എരിപൊരി സഞ്ചാരങ്ങൾ- അതാർക്കും അറിയില്ല. ആർക്കും അറിയണമെന്നുമില്ല. ഒരു ഡോർ ടു ഡോർ സെയിൽസ് ഗേളാവാം, ലഘു സമ്പാദ്യ പദ്ധതിയുടെയോ ഇൻഷ്വറൻസിന്റെയോ ഏജന്റാവാം, ചിട്ടിപ്പിരിവുകാരിയാവാം, ഡയറക്ട് മാർക്കറ്റിങ് കണ്ണിയാവാം. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന ആ പാവത്തിന് എത്രനാൾ പൊരുതി നില്ക്കാനാവും!

ദുഃഖങ്ങൾ നേരിടുമ്പോഴാണ് മനസ്സിനു തന്റേടവും ശക്തിയും കിട്ടുകയെന്നെനിക്കു തോന്നിയിട്ടുണ്ട്. വടികാണിച്ചു പേടിപ്പിക്കുന്ന ഒരമ്മ ഒരടി കൊടുത്തു കഴിഞ്ഞാൽ പിന്നെ കുഞ്ഞിന് അടിയെ പേടിയില്ലാതാവുമെന്നു പറയും. കടുത്ത ദുഃഖങ്ങൾക്കിടയിലും തലയുയർത്തിപ്പിടിക്കാനൊരു ശക്തി. അന്തമറ്റ യാതനകൾക്കിടയിലും പ്രതീക്ഷിക്കാനൊരു മനസ്സ് ഇതാണ് എന്റെ പ്രാർഥന- ഇന്നും എന്നും.

എന്റെ ജീവിതത്തിന്റെ തണലും ആശ്വാസവുമായിരുന്നു ബാലഭവൻ കാലഘട്ടം. പതിന്നാലുവർഷം കുഞ്ഞുങ്ങൾക്കിടയിൽ അവരോടൊത്തു കഴിയുന്നതിനിടയിൽ എന്റെ മക്കൾ വളർന്നു വലുതായതും എനിക്കു വയസ്സായതും ഞാനറിഞ്ഞില്ല. ഒരേ മനസ്സോടെ ഒരേ ലക്ഷ്യത്തിലേയ്ക്കു നിങ്ങിയ ഒരു സംഘം ആൾക്കാർ. അഭിപ്രായ വ്യത്യാസങ്ങളും, പൊട്ടലും ചീറ്റലുമൊക്കെ ഇടയ്ക്കിടയ്ക്കുണ്ടായെങ്കിലും ഞങ്ങൾക്കൊരു കോമൺ അജൻഡയുണ്ടായിരുന്നു; ജോലി ചെയ്യാൻ സന്നദ്ധരായ ഒരു കൂട്ടം സഹപ്രവർത്തകരും.

സംഭവ ബഹുലമായിരുന്നു ബാലഭവനിലെ ദിവസങ്ങൾ. ഓരോ ആഴ്ചയും നടക്കുന്ന വിവിധയിനം പരിപാടികളിലേയ്ക്ക് വിരുന്നുവന്ന കലാകാരന്മാർ, സാഹിത്യകാരന്മാർ, ആസ്വാദകർ, നിരൂപകർ. ഒരോണക്കാലത്ത് ഞങ്ങളാദ്യമായി തുടങ്ങിവച്ച ഭീമൻ പൂക്കളവും ഞങ്ങളുടെ സ്വർണനിറമുള്ള പാത്രക്കൊടിമരവും ബാലമേളകളും അന്നത്തെ സെൻസേഷണൽ വാർത്തകളായിരുന്നു. ഇതിനെല്ലാം ആരോടൊക്കെ നന്ദി പറയണമെന്നെനിക്കുതന്നെ അറിയില്ല.

കുഞ്ഞുങ്ങളുടെ കണ്ണിലെ തിളക്കവും ചിരിയും എനിക്കെപ്പോഴും ഒരു ഹരമായിരുന്നു. അവരിലേക്കിറങ്ങിച്ചെല്ലാനും അവരോടൊപ്പമൊരാളാകാനും എനിക്കു വലിയ വിഷമമുണ്ടായില്ല. കൂട്ടുകുടുംബത്തിൽ കഴിഞ്ഞ എന്റെ ബാല്യത്തിൽ 4-നും 20-നും ഇടയിലൊരു കുട്ടിപ്പട്ടാളം വീട്ടിലുണ്ടായിരുന്നതുകൊണ്ടാവാം! വാസ്തവത്തിൽ ജന്മം കൊണ്ട് പണിക്കരും ബന്ധം കൊണ്ട് മേനോനും കർമം കൊണ്ടാശാരിയുമായ ഞാൻ കുഞ്ഞുങ്ങൾക്കിടയിലെ കഥ പറയുന്ന ടീച്ചറായി, വലിയ പൊട്ടു തൊട്ട ടീച്ചറായി. ബാലഭവൻ എനിക്കൊരു ശാദ്വല ഭൂമിയായി.

സ്ത്രീയാതുകൊണ്ടുള്ള ഒരു വിലക്കും പരിമിതിയും എനിക്കനുഭവപ്പെട്ടിരുന്നില്ലെന്നതായിരുന്നു എന്റെ ഏറ്റവും വലിയ സമാധാനം. ചെയ്യുന്നത് നൂറു ശതമാനവും ശരിയാണെന്ന് പൂർണബോധ്യമുണ്ടെങ്കിൽ പിന്നാരുടെ മുന്നിലും ഭയപ്പാടോടെ നില്ക്കേണ്ടി വരില്ലെന്ന് എന്റെ അമ്മ പറഞ്ഞിട്ടുണ്ട്. പക്ഷെ, അമ്മയുടേത് ഒരു നിശ്ശബ്ദ സാന്നിദ്ധ്യമായിരുന്നു എല്ലായിടത്തും-എല്ലായ്പ്പോഴും. കാരണം ആ കുളിർ നിലാവിനെ അറിയാതെ മറയ്ക്കുന്ന വെളിച്ചവും ഊർജവുമായിരുന്നു അച്ഛന്റേത്. എന്നാൽ എന്നും എന്റെ ജീവിതത്തിൽ അമ്മയുടെ സ്നിഗ്ദ്ധ വ്യക്തിത്വവും മൃദുഭാഷണവും സ്വാധീനിച്ചിട്ടുണ്ട്.

രണ്ടായിരത്തിലാണ് ഞാൻ ബാലഭവനോട് വിടപറഞ്ഞത്. വന്നെത്തിയത് ചെഷയർ ഹോമിൽ. ധ്രുവങ്ങളുടെ അന്തരമുണ്ട് ഈ രണ്ട് സ്ഥാപനങ്ങൾക്കും. ഒന്ന് ഊർജസ്വലതയും പ്രസരിപ്പും ചൈതന്യവും സ്ഫുരിക്കുന്ന കുഞ്ഞുങ്ങളുടെ ലോകം. മറ്റതോ-ചലനശേഷി കുറഞ്ഞ ജീവിതത്തിന്റെ കടുത്ത യാഥാർഥ്യങ്ങളോടേറ്റുമുട്ടുന്ന ഹതഭാഗ്യരുടെ ലോകം.



ചെഷയർഹോം, തിരുവനന്തപുരം

ഫോട്ടോകൾ : സി.എസ്. രവികുമാർ

ഒരു തരത്തിൽ ചെഷയർ ഹോം എന്റെ കണ്ണു തുറപ്പിക്കുകയാണ് ചെയ്തത്. മനസ്സിലെ മോഹങ്ങളെ ഉറക്കിക്കിടത്തി വീൽ ചെയറുകളുടെ അളന്നു മുറിച്ച അതിരുകളിൽ ശിഷ്ടജീവിതം പാകപ്പെടുത്തിയെടുക്കാൻ തയ്യാറായവർ. പക്ഷേ എന്നെ ഏറ്റവും അതിശയിപ്പിച്ചത് അവരുടെ ജീവിതത്തോടുള്ള പോസിറ്റീവ് സമീപനമാണ്. വൈകല്യം ഒരിക്കൽ സ്വയം അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ അവരുടെ മനസ്സിൽ പരിഭവവും പരാതിയുമില്ല. എങ്ങനെ അതിനെ നേരിടണമെന്ന വെല്ലുവിളി മാത്രമേയുള്ളൂ. ക്ഷണികമായ ജീവിതത്തിൽ എല്ലാ സൗഭാഗ്യവുമുള്ള മനുഷ്യർ കാട്ടിക്കൂട്ടുന്ന വെപ്രാളങ്ങളുടെയും അഹങ്കാരത്തിന്റെയും അഴിമതികളുടേയും നടുവിൽ സ്വന്തം പരിമിതികൾ മനസ്സിലാക്കി ജീവിതത്തിന്റെ നന്മ കാണാനും ദൈവകാരുണ്യം ഏറ്റുവാങ്ങാനും ശ്രമിക്കുന്ന ഒരു കൂട്ടം മനുഷ്യർ.

സമൂഹത്തിന്റെ മുഖ്യധാരയിൽ ഇനിയും കാതലായ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. അനുതാപവും അംഗീകാരവുമാണ് ഇക്കൂട്ടർക്കു വേണ്ടത്. തടസ്സരഹിതമായ യാത്ര. പൊതുസ്ഥലങ്ങളിലേയ്ക്കു പ്രാപ്യത, സൗജന്യ ചികിത്സാ സൗകര്യങ്ങൾ, അർഹമായ നിയമനങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ ഇതൊക്കെ ഇവരുടെ നിതാന്ത സ്വപ്നമാണ്; ആവശ്യമാണ്. ബാങ്ക്, പോസ്റ്റാഫീസ്, ആശുപത്രി, വിദ്യാലയങ്ങൾ, ബസ് സ്റ്റാൻഡ്, റെയിൽവേസ്റ്റേഷൻ, സിനിമാ തീയേറ്റർ, വ്യാപാര കേന്ദ്രങ്ങൾ ഇവയൊക്കെ ഇപ്പോഴും ഇവരിൽ പലർക്കും ബാലികേറാമലയാണ്.

മാന്യവും അന്തസ്സുറ്റതുമായ ജീവിതം മുഖ്യധാരയിലെ ഓരോ പൗരന്റെയുമെന്നപോലെ പ്രാന്തവത്കരിക്കപ്പെട്ടു പോകുന്ന ഇവരുടെയും അവകാശമാണ്. അധികാരകേന്ദ്രങ്ങളിൽ ഭരണയന്ത്രം തിരിക്കുന്നവരുടെ ചെവികളിൽ ഈ രോദനമെത്തിക്കുകയെന്ന തീവ്രയത്നത്തിലാണ് ഞങ്ങൾ.

ജയിക്കുമെന്നുറപ്പില്ലെങ്കിലും ഈ യുദ്ധത്തിലും തോല്ക്കാനെനിക്കു മനസ്സില്ല ■

# ഗാന്ധിജിയെ കാണൂ!

## സന്ധ്യാ റാവു

**കുട്ടികൾക്കുവേണ്ടി അസാധാരണമായ ഒരു ഗാന്ധിപുസ്തകം**




**ലോ**കം കണ്ട മഹാന്മാരിൽ ഇത്രയേറെ ജനത ആരാധിക്കുകയും ഇഷ്ടപ്പെടുകയും അനുകരിക്കുകയും ചെയ്ത മറ്റൊരാളുണ്ടാവില്ല; മഹാത്മാ ഗാന്ധിയെപ്പോലെ. സർവാദരണീയൻ, സമുന്നതൻ. ഒന്നര നൂറ്റാണ്ടു മുമ്പ് ഭാരതത്തിൽ ജനിച്ച് ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ബ്രിട്ടീഷുകാരോട് സഹനസമരം നടത്തി വിജയിച്ചയാൾ. അഹിംസയായിരുന്നു അദ്ദേഹത്തിന്റ മന്ത്രം. സത്യവും ധർമവുമായിരുന്നു അദ്ദേഹത്തിന്റെ പാതയിലെ വിളക്കുമരങ്ങൾ. ആ ധന്യാത്മാവിന്റെ ജീവിതം എത്രകോടി ജനങ്ങൾക്കാണ് മാതൃകയായിട്ടുള്ളത്? സൂര്യനസ്തമിക്കാത്തിടത്തോളം, ജീവന്റെ അംശമെങ്കിലും ഭൂമിയിൽ നിലനിൽക്കുന്നിടത്തോളം ഗാന്ധിജി എന്ന പേരും വ്യക്തിത്വവും ഓർമയും നിലനിൽക്കുകതന്നെ ചെയ്യും.

ആ പുണ്യാത്മാവിനെ കുട്ടികൾക്കുവേണ്ടി എങ്ങനെ അടയാളപ്പെടുത്തും. സ്കൂൾ തലത്തിൽ എത്രയെങ്കിലും ഇടങ്ങളിൽ അദ്ദേഹത്തിന്റെ ധർമചരിതം കുട്ടികൾ പഠിക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്. എങ്കിലും കുട്ടികൾക്ക് സമഗ്രമായി, മുഷിവില്ലാതെ അദ്ദേഹത്തെ അറിയിക്കാനുള്ള ഏറ്റവും ആത്മാർഥമായ ശ്രമമെന്നുതന്നെ പറയണം സന്ധ്യാറാവു രചിച്ച 'ഗാന്ധിജിയെ കാണൂ' എന്ന പുസ്തകം. ഗാന്ധിജിയുടെ അല്ല, മഹാത്മജിയുടെ, നമ്മുടെ രാഷ്ട്രപിതാവിന്റെ ജീവിതത്തെ ചൈതന്യവത്തായ ചിത്രങ്ങളിലൂടെ, ചിത്രവിവരണങ്ങളിലൂടെ അറിയിക്കുകയാണ് ഈ പുസ്തകം പതിവു ശൈലിയിൽ നിന്നുമാറി ഒരു ജീവചരിത്ര പുസ്തകം പോലെ തന്നെ ചരിത്രപുസ്തകവുമായി ഗാന്ധിജിയുടെ ജീവിതത്തെ നേരിട്ടറിയാം വായനക്കാർക്ക്. ചരിത്രപഠനത്തിന്റെ ഭാഗം മാത്രമാക്കി മാറ്റാതെ അദ്ദേഹത്തിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതരംഗങ്ങളെ ചിത്രരൂപത്തിലും അവതരിപ്പിക്കുന്ന ഈ കൃതി അതിസൂക്ഷ്മമായി മഹാത്മാവിന്റെ ജീവിതത്തെ അടയാളപ്പെടുത്തുന്നു.

ക്യാമറകൾ അപൂർവ വസ്തുവായിരുന്ന ഒരു പഴങ്കാലമാണ് ഗാന്ധിജിയുടെ കുട്ടിക്കാലം. എങ്കിലും ലഭ്യമായതിൽവച്ച് സുന്ദരമായൊരു ചിത്രം നൽകാൻ പുസ്തക രചയിതാവ് ശ്രമിച്ചിട്ടുണ്ട്. ഗാന്ധിജി 1869 ഒക്ടോബർ രണ്ടിന് ജനിച്ച പോർബന്തറിലെ വെള്ളനിറമുള്ള ചുണ്ണാമ്പുകല്ലു കൊണ്ടുണ്ടാക്കിയ വീടിന്റെ ചിത്രത്തിൽ തുടങ്ങി ഇന്ത്യയുടെ അവസാനത്തെ വൈസ്രേയിയുടെ പത്നി ലേഡി എഡ്വിന മൗണ്ട്ബാറ്റനോടൊപ്പം നടക്കുന്ന ഒരു ചിത്രത്തിൽ അവസാനിക്കുന്ന ഈ പുസ്തകത്തിൻ ഗാന്ധിജിയുടെ ജീവിതത്തിലെ അനേകം അവിസ്മരണീയ സംഭവങ്ങളുടെ ചിത്രങ്ങളുണ്ട്. ദണ്ഡിയാത്രയുടെ ചിത്രം നമുക്ക് സുപരിചിതമാണെങ്കിലും ഇതിലെ അനേകം ചിത്രങ്ങൾ കുട്ടികൾക്ക്, എന്തിന് മുതിർന്നവർക്കുപോലും ഒരപൂർവകാഴ്ചയാണ്.

ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന് അധികം വലിപ്പമില്ല. എന്നാലോ രാഷ്ട്രപിതാവിന്റെ ജീവിതത്തിലെ എല്ലാ നിർണായക സന്ദർഭങ്ങളെയും അതുൾക്കൊള്ളുന്നു. ദക്ഷിണാഫ്രിക്കൻ വാസകാലവും ഇംഗ്ലണ്ട് യാത്രയും പീറ്റർമാരിറ്റ്സ്ബർഗ് റയിൽവേ സ്റ്റേഷനും, ദർബനും, ടോൾസ്റ്റോയ് ഫാമും, ചമ്പാരൻ സമരവും എല്ലാം. നൂൽനൂൽക്കുന്ന, പുസ്തകം വായിക്കുന്ന, പത്രം വായിക്കുന്ന, പൊട്ടിച്ചിരിക്കുന്ന, ഭക്ഷണം കഴിക്കുന്ന, പ്രസംഗിക്കുന്ന, ചിന്തിക്കുന്ന, സമരം നയിക്കുന്ന, ജയിലിലകപ്പെട്ട, സൈക്കിൾ സവാരിനടത്തുന്ന, കോട്ടണിഞ്ഞ, തലപ്പാവു ധരിച്ച, കഷണ്ടിത്തലയുള്ള, വട്ടക്കണ്ണടയണിഞ്ഞ, ബാലനായ, യുവാവായ ഗാന്ധിജിയെ നിങ്ങൾക്ക് ഈ ചിത്രങ്ങളിൽ കാണാം.

ഓരോ പുസ്തകവും അതുൾക്കൊള്ളുന്ന ആശയത്തിന്റെ സമ്പുഷ്ടികൊണ്ടാണ് വേറിട്ടതും വ്യത്യസ്തവും അനന്യവുമാകുന്നത്. 2007 ൽ ചെന്നൈയിലെ തൂലിക പബ്ലിഷേഴ്സ് ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം 2008 ലാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റർമാരിലൊരാളായ ജി. മോഹനകുമാരിയാണ് വിവർത്തക. നിവേദിത സുബ്രഹ്മണ്യന്റെ പേപ്പർകട്ടുകൾ ഉപയോഗിച്ച് രാധികാ മേനോൻ രൂപകൽപനചെയ്ത പുസ്തകം അസാധാരണമായ ഒരു ജീവിതകഥയെ അസാധാരണവും സുന്ദരവും ഹൃദയവർജകവുമായി അവതരിപ്പിക്കുകയാണ്. തീർച്ചയായും ഗാന്ധിജിയെ കാണൂ എന്ന ഈ പുസ്തകം ഗാന്ധിജിയെ പൂർണമായും ചിത്രങ്ങളിലുടെയും എഴുത്തുകളിലൂടെയും വായനക്കാർക്ക് അനുഭവവേദ്യമാക്കുന്നു.

**ഡോ. രാധിക സി. നായർ**


# യൗവനം നിലനിർത്താൻ കിനാവള്ളി



യൗവനം നിലനിറുത്താൻ കിനാവള്ളിയുടെ (നീരാളി) മാംസം അനുയോജ്യമാണെന്ന് ശാസ്ത്രലോകം കണ്ടെത്തി. വൃത്താകൃതിയിലുള്ള ശരീരത്തിന് ചുറ്റും നിരാളി കൈകളുമായി മത്സ്യകൂട്ടത്തെ ആക്രമിക്കാനെത്തുന്ന കിനാവള്ളിക്ക് ഇതോടെ പ്രിയമേറുകയാണ്.

കിനാവള്ളിയുടെ കട്ടികുറഞ്ഞ മാംസം ഔഷധഗുണമുള്ളതാണെന്ന കണ്ടെത്തൽ, കയറ്റുമതി മേഖലയിൽ കേരളത്തിന് വിദൂര സാധ്യതകൾ നേടിത്തരും. ഇപ്പോൾ കൊച്ചിയിൽ നിന്ന് വിയറ്റ്നാമിലേക്ക് വൻതോതിൽ നീരാളി കയറ്റി അയക്കുന്നു. വിയറ്റ്നാമുമായുള്ള ഈ കച്ചവടബന്ധം തുടങ്ങിയിട്ട് കുറച്ച് നാളുകളെ ആയിട്ടുള്ളു. 30 കിലോ വരുന്ന ഒരു ബോക്സ് കിനാവള്ളിക്ക് 5000 രൂപയാണ് വില.

നീരാളിയെ പ്രത്യേക രീതിയിൽ സംസ്കരിച്ചെടുത്ത് ചേരുവകളോടെ യൂറോപ്യൻ വിപണിയിൽ എത്തിച്ചാണ് വിയറ്റ്നാം നേട്ടമുണ്ടാക്കുന്നത്. പാശ്ചാത്യ രാജ്യങ്ങളിലെ ഔഷധ കമ്പനികൾ ഇക്കാര്യത്തിൽ വിയറ്റ്നാമിനെയാണ് മാതൃകയാക്കുന്നത്. എന്നാൽ, സംസ്കരണത്തിന് ഏറ്റവും അനുയോജ്യം ഇന്ത്യൻ കിനാവള്ളിയാണെന്ന് വിയറ്റ്നാം സാക്ഷ്യപ്പെടുത്തുന്നു.



## ഇരട്ടസൂര്യനെ വലംവയ്ക്കുന്ന ഗ്രഹം

ഇരട്ടസൂര്യനെ വലംവയ്ക്കുന്ന ഒരു ഗ്രഹത്തെ ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നു! അന്താരാഷ്ട്ര തലത്തിലുള്ള ഗവേഷകരുടെ ഒരു സംഘമാണ് നാസയുടെ കെപ്ലർ ശൂന്യാകാശ പേടകത്തിന്റെ സഹായത്തോടെ ഭൂമിയിൽ നിന്ന് 200 പ്രകാശവർഷം അകലെയുള്ള 'കെപ്ലർ 16 ബി' എന്ന് നാമകരണം ചെയ്ത ഗ്രഹം കണ്ടെത്തിയത്. വാതകവും പാറയും നിറഞ്ഞ് തണുത്തുറഞ്ഞ ഈ ഗ്രഹത്തിന് ഏതാണ്ട് ശനിയുടെ വലുപ്പമുണ്ട്. പരസ്പരം ചുറ്റുന്ന രണ്ട് നക്ഷത്രങ്ങളെ ചുറ്റിയാണ് ഈ ഗ്രഹത്തിന്റെ ഭ്രമണപഥം. വലുപ്പത്തിൽ സൂര്യനേക്കാൾ ചെറുതാണീനക്ഷത്രങ്ങൾ. ഒന്നിന്റെ ഊർജം സൂര്യനിലുള്ള ഊർജത്തിന്റെ 60 ശതമാനവും, രണ്ടാമത്തേതിന് 20 ശതമാനവുമുണ്ട്. ഒരു പ്രാവശ്യം ഇരട്ട സൂര്യനെ ചുറ്റാൻ 'കെപ്ലർ 16 ബി' ഗ്രഹത്തിന് 229 ദിവസം വേണ്ടിവരും. രണ്ടുനക്ഷത്രങ്ങളും വളരെ അടുത്തായതിനാൽ സ്ഥിരമായ പ്രകാശം ഈ ഗ്രഹത്തിന് ലഭിക്കാറില്ല. ഗ്രഹത്തിന്റെ ഒരു ഭാഗം ഇരുൾ മൂടിയതായിരിക്കും എന്ന് ചുരുക്കം. വാഷിങ്ടൺ ഡി.സിയിലെ കാർണീജീസയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷകനായ അലൻ ബോസാണ് ഈ പ്രതിഭാസം കണ്ടെത്തിയത്.


## ശവസംസ്കാരത്തിന് നൂതനമാർഗം

യൂറോപ്യൻ രാജ്യങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണന്നോ? അവിടെ ശവത്തെ ദഹിപ്പിക്കാനോ, മറവ് ചെയ്യാനോ സ്ഥലം കിട്ടാനില്ല എന്നതാണ്. ജീവിച്ചിരിക്കെത്തന്നെ സംസ്കാരത്തിനുള്ള സ്ഥലം വൻ തുക കൊടുത്ത് സ്വന്തമാക്കുന്ന ദയനീയസ്ഥിതിയാണിവിടങ്ങളിൽ ഉള്ളത്. എന്നാൽ ഇപ്പോൾ ശവസംസ്കരണത്തിന് നൂതനമാർഗം അവർ കണ്ടെത്തിയിരിക്കുന്നു. ചൂടാക്കിയ ക്ഷാരജലത്തിൽ മൃതശരീരം അലിയിച്ചുകളയുന്ന രീതിയാണിത്. പ്രകൃതി സൗഹൃദവുമാണീ രീതി. ബ്രിട്ടനിലെ ഗ്ലാസ്ഗോയിലുള്ള ഒരു കമ്പനിയാണ് ഈ കണ്ടുപിടുത്തത്തിന് പിന്നിൽ.

പൊട്ടാസ്യം ഹൈഡ്രോക്സൈഡും ജലവും കൂട്ടിക്കലർത്തിയ ലായനി 180 ഡിഗ്രി സെന്റിഗ്രേഡ് വരെ ചൂടാക്കും. ഉയർന്ന വായുമർദ്ദത്തിൽ വച്ചിരിക്കുന്ന ഈ ലായനിയിലേക്ക് മൃതശരീരം മുക്കുന്നു. മാംസം പൂർണമായി ലയിച്ച് ചേരുന്നു. ഈ ലായനി ജീവജാലങ്ങൾക്ക് ഒട്ടും ഹാനികരമല്ലെന്ന് പരീക്ഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇതിന്റെ ഏറ്റവും വലിയ സവിശേഷത മൃതദേഹം ദഹിപ്പിക്കുമ്പോഴുണ്ടാകുന്ന വാതകങ്ങളുടെ അളവ് കുറച്ച് അന്തരീക്ഷമലിനീകരണം തടയാനാകും. ഒപ്പം സ്ഥലപരിമിതിക്ക് ഇതൊരു പരിഹാരമാർഗം കൂടിയാണ്.



ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)



# വേദനിപ്പിക്കുന്ന ജീവിതാവസ്ഥകൾക്ക് പരിഹാരം

ജനങ്ങളുമായുള്ള നിരന്തര സമ്പർക്കത്തിനിടയിൽ ലഭിക്കുന്ന അവരുടെ ആവലാതികൾക്കും ആവശ്യങ്ങൾക്കും പരിഹാരം കാണുന്നതിലൂടെ ലഭിക്കുന്ന ആത്മസംതൃപ്തി എനിക്ക് വളരെ വിലപ്പെട്ടതാണ്. ജനങ്ങൾക്കിടയിൽ അവരിലൊരാളായി നിൽക്കുമ്പോൾ ലഭിക്കുന്ന ആത്മവിശ്വാസമാണ് എന്നെ കർമനിരതനാക്കി മുന്നോട്ട് നയിക്കുന്നത്.

നൂറുദിന കർമപരിപാടി ജനങ്ങളുടെ ജീവിതാവസ്ഥകൾ നേരിൽ കാണാനും അവയ്ക്ക് പരിഹാരം കാണാനുമുള്ള മറ്റൊരു വേദിയായി. അതിലൊന്നാണ് മരണസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം. ഇവിടെ ഉണ്ടായിരുന്ന നിയമം അനുസരിച്ച് ഒരു വ്യക്തി എവിടെവച്ചാണോ മരണപ്പെടുന്നത് ആ പ്രദേശത്തെ ഏറ്റവുമടുത്ത മുനിസിപ്പാലിറ്റി/പഞ്ചായത്ത്/കോർപ്പറേഷൻ ഓഫീസിലാണ് മരണം രജിസ്റ്റർ ചെയ്യേണ്ടതും സർട്ടിഫിക്കറ്റ് നൽകേണ്ടതും. ഇത് പലവിധ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരുന്നുവെന്ന് അറിയാൻ കഴിഞ്ഞു. മരണം എപ്പോഴും എവിടെയും സംഭവിക്കാമല്ലോ. കാസർകോഡുള്ള ഒരു വ്യക്തി തിരുവനന്തപുരത്ത് വച്ച് മരണപ്പെട്ടാൽ അയാളുടെ ബന്ധുജനങ്ങൾ മരണസർട്ടിഫിക്കറ്റിനായി തിരുവനന്തപുരത്തെ ഓഫീസുമായാണ് ബന്ധപ്പെടേണ്ടത്. ഈ നിയമം ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒന്നാണല്ലോ. ഈ നിയമം ഇപ്പോൾ മാറ്റി. ഇപ്പോൾ മരിച്ച വ്യക്തിയെ എവിടെയാണോ അടക്കം ചെയ്യുന്നത് അവിടെനിന്നും സർട്ടിഫിക്കറ്റ് ലഭിക്കാവുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്തിക്കഴിഞ്ഞു.

മറ്റൊന്ന് 10503 അധ്യാപകരുടെ ശമ്പളപ്രശ്നമാണ്. അരക്ഷിതമായ സാഹചര്യത്തിൽ ജോലിചെയ്യേണ്ടിവരുന്ന അധ്യാപകരുടെ ശമ്പളം നൽകാൻ കഴിഞ്ഞത് വലിയൊരു നേട്ടമായി ഞാൻ കാണുന്നു. യഥാർഥത്തിൽ ഈ പാക്കേജിന് 6.68 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവുവരുന്നത്. ബാക്കിയൊക്കെ കേന്ദ്രസർക്കാരിന്റെ വിവിധ വിദ്യാഭ്യാസ പദ്ധതികളായ വിദ്യാഭ്യാസ അവകാശ നിയമം, സാർവത്രിക വിദ്യാഭ്യാസ പരിപാടി, വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നീ പദ്ധതികളുമായി ചേർത്തതുകൊണ്ടാണ് പ്രശ്നം പരിഹരിക്കാനായത്. തുറന്ന മനസ്സോടുകൂടി കാര്യങ്ങൾ കാണാനും നിശ്ചയദാർഢ്യത്തോടെ നടപ്പിലാക്കുവാനുമുള്ള ആർജവമുണ്ടെങ്കിൽ ഇനിയും നമുക്കൊരുപാടു കാര്യങ്ങൾ ജനങ്ങൾക്കുവേണ്ടി ചെയ്യാൻ കഴിയും.

എന്തിനെയും വിവാദമാക്കുന്ന നമ്മുടെ ശീലം നാടിന്റെ വളർച്ചയെ ദോഷമായി ബാധിച്ചുതുടങ്ങിയിരിക്കുന്നു. ഭാഗ്യവശാൽ നൂറുദിന കർമപരിപാടിയുമായി ബന്ധപ്പെട്ട് ശത്രുക്കൾക്കുപോലും ഒരു പരാതിയും പറയുവാനുണ്ടായില്ല. അത്രയ്ക്ക് ഗൃഹപാഠം ചെയ്താണ് ഓരോ പ്രഖ്യാപനങ്ങളും പ്രവർത്തനങ്ങളും നടത്തിയത്. ജനാധിപത്യത്തിലെ കൂട്ടുത്തരവാദിത്വം പ്രകടമായ ദിനങ്ങളാണ് കഴിഞ്ഞുപോയത്. ഇനിയും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളും പരിപാടികളും ഒരുവർഷ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുമെന്നും ആത്മവിശ്വാസമുണ്ട്. സുതാര്യതയോടെ എല്ലാ പദ്ധതികളും പൂർത്തിയാക്കാനുള്ള ശ്രമങ്ങൾക്ക് എല്ലാ വിഭാഗം ജനങ്ങളുടെയും പരിപൂർണമായ പിന്തുണ ആവശ്യമാണ് ■